Aikyadeepam
ഒക്ടോബർ 2016

# ഐക്യദീപം

Since 1976 വില ₹ 10



## ഒരു സഭാ സംസ്കൃതിയുടെ പകർന്നാട്ടം

## ഭാഷ

## സഹനമില്ലാതെ കിരീടമില്ല

## സൗഹൃദം


ബോധിശ്രീ ഹണിമാർട്ട്
തിരുവല്ല
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1
Ph: 0469 2730561, 2606063,
പത്തനംതിട്ട
ബോധന കോംപ്ലക്സ്, കടമ്മനിട്ട റോഡ്,
പേട്ട, പത്തനംതിട്ട – 689 645
വിവിധതരം തേനും തേനുല്പന്നങ്ങളും
വൻതേൻ അഗ്മാർക്ക് തേൻ
ചെറുതേൻ തേൻ ഈന്തപ്പഴം
തേൻ നെല്ലിക്ക തേൻ വെളുത്തുള്ളി
തേൻ ചെറി തേൻ കാന്താരി
തേൻ മുന്തിരിങ്ങ തേൻ ഏലക്കാ
തേൻ കശുവണ്ടിപരിപ്പ് തേൻ ഇഞ്ചി
തേൻ ശതാവരി തേൻ ബ്രഹ്മി
തേൻ മിക്സഡ് ഫ്രൂട്സ്
നാച്ചുറൽ ബീ ബാം
നാച്ചുറൽ ഫേസ് ക്രീം
രക്തചന്ദന ഫേസ് ക്രീം
BODHANA COMPLEX
Agmark
fssai
Food Safety and Standards Authority of India
അംഗീകാരമുള്ള ഉല്പന്നങ്ങൾ
ബോധന തേനീച്ച വളർത്തൽ ഗവേഷണ പരിശീലന കേന്ദ്രം
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1
Ph: 0469 2730561, 2606063, e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org



# editorial

## എഡിറ്റോറിയൽ

വാക്കുകൾക്ക് ആഴവും മൂർച്ചയുമുണ്ട്; അതിൽ നാം ലയിപ്പിക്കുന്ന ഭാവതീവ്രത അവയ്ക്ക് ജീവൻ നല്കുന്നു. സ്നേഹവും കരുണയും പ്രണയവും അനുഗ്രഹവും എല്ലാം ജീവൻ പ്രാപിക്കുന്നത് വാക്കുകളിലൂടെയാണ്. സ്നേഹം യാഥാർത്ഥ്യമാകുന്നത് ഹൃദയം മുറിയുമ്പോഴാണ്; നഷ്ടപ്പെടുന്നതിന്റെ ആഴം തിരിച്ചറിയുമ്പോൾ കരുണയും പിന്നെ ഹൃദയത്തിന്റെ നിറവിൽ നിന്ന് അനുഗ്രഹവും. വാക്കുകൾക്ക് ആവാഹിക്കുവാൻ സാധിക്കാത്ത ഭാവങ്ങളെ മൗനം കൂട്ടികൊണ്ടു പോകുന്നു... നീണ്ട ധ്യാനത്തിലേയ്ക്ക് "ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നതെ"ന്ന വചനം ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

"Be careful with your words. Once they are said, they can be only forgiven not forgotten." നാം പറഞ്ഞ വാക്കുകൾ മാറക്കുവാനോ മറയ്ക്കുവാനോ സാധിക്കുകയില്ല! ക്ഷമിക്കുവാൻ മാത്രമേ സാധിക്കൂ. നന്മയുടെ വാക്കുകൾ നമുക്ക് ശീലിക്കാം ഈ കരുണയുടെ വർഷത്തിൽ.

അടച്ചുപൂട്ടുവാനാവത്ത ഹൃദയങ്ങളും സ്നേഹമുള്ള വാക്കുകളും നമുക്ക് സ്വന്തമാക്കാൻ പരിശ്രമിക്കാം. ഈ കാരുണ്യ വർഷത്തിൽ പിതാവിനെപ്പോലെ കരുണയുള്ളവരാകുവാൻ നാം ആഗ്രഹിക്കുമ്പോൾ വാക്കുകൾ ശ്രദ്ധയോടെ പ്രയോഗിക്കാം. ജന്മം നല്കിയ പിതാവിനും പാലൂട്ടിയ അമ്മയ്ക്കും കൈപിടിച്ച സഹോദരങ്ങൾക്കും ജീവിതം പകുത്തു നല്കുന്ന ജീവിതപങ്കാളിയ്ക്കും സ്നേഹത്തിൽ രൂപം കൊണ്ട മക്കൾക്കും മറ്റാർക്കും കൊടുക്കാത്ത ചില നല്ല വാക്കുകൾ കാത്തുവയ്ക്കാം. അവരുടെ ഹൃദയങ്ങളിൽ മനസ് ചേർത്ത് പറയാം... ഞാൻ നിന്നെ സ്നേഹിക്കുന്നു... ഞാൻ നിന്നോട് ക്ഷമിക്കുന്നു... നീ എന്റെ സ്വന്തമാണ്.

2016 സെപ്റ്റംബർ 18 ന് കർണ്ണാടകയിലെ സൗത്ത് കാനറയിലെ നൂജിബാൽത്തിലയിൽ നടന്ന 86-ാമത് പുനരൈക്യ വാർഷികത്തിൽ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത വി. കുർബ്ബാന മദ്ധ്യേ നൽകിയ സുവിശേഷ സന്ദേശം.

# ഒരു സഭാ സംസ്കൃതിയുടെ പകർന്നാട്ടം

കാരുണയുടെ സവിശേഷമായ ജൂബിലി ആഘോഷിക്കുന്ന വേളയിൽ

കരുണയുടെ മുഖവും ആർദ്രതയുടെ ആൾ രൂപവുമായിരുന്ന അഗതികളുടെ അമ്മയെ വിശുദ്ധയാക്കി നാമകരണം ചെയ്ത ഈ വേളയിൽ

നമുക്കു വിശ്വാസത്തിൽ പിതാവായി നൽകപ്പെട്ട പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചുള്ള പ്രാദേശിക സഭയുടെ അന്വേഷണം പൂർത്തിയായി സാർവ്വത്രിക സഭയുടെ അന്വേഷണം ആരംഭിച്ചിരിക്കുന്ന ഈ വർഷത്തിൽ

തിരുവല്ല അതിരൂപതയുടെ കാനോനിക അധികാര പരിധി കർണാടകത്തിലേക്കു വ്യാപിച്ചതിനു ശേഷം അതിന്റെ ശുശ്രൂഷയുടെ 50 വർഷം പിന്നിടുന്ന ഈ വേളയിൽ

പ്രകൃതി രമണീയമായ, ഫലഭൂയിടമായ ദൈവത്തിന്റെ സ്വന്തം നാട് എന്ന് ശരിക്കും പറയാവുന്ന ഈ സൗത്ത് കാനറയുടെ അനുഗ്രഹീതമായ മണ്ണിൽ 86-ാം പുനരൈക്യാഘോഷങ്ങളും സഭാ സംഗമവും നടക്കുന്നു.

പൂർവ്വ കാലങ്ങളിൽ അതിശയകരമായി നടത്തിയ പകൽ മേഘസ്തംഭമായും രാത്രി അഗ്നി തൂണാലും വഴി നടത്തിയ പൊന്നു തമ്പുരാന്റെ മുമ്പിൽ തൊഴുകൈകളോട് നാം നിൽക്കുന്നു.

അഭി. രൂപതാദ്ധ്യക്ഷൻ ദിവന്നാസിയോസ് പിതാവു സൂചിപ്പിക്കുന്നതുപോലെ 3 ഘട്ടങ്ങളായുള്ള സൗത്ത് കാനറാ മിഷ്യൻ ആതുരകാലമെന്നു പറയാവുന്ന ബഹുമന്യരായ നേരിയംപറമ്പിലച്ചനും സൈമൺ പുളിയകിഴലച്ചനും വില്ലോത്തച്ചനും ചേർന്നു നടത്തിയ പ്രാഥമിക ഇടപെടലുകൾ -അത്തനാസിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരം അറിയിക്കുന്നു.

വികാരിയായി വയ്ക്കാനിരുന്ന സൈമണച്ചന്റെ ദാരുണമായ അപകടം. അത് അങ്ങനെ ആരംഭം കുറിക്കുവാൻ ബഹു.ഐസക് പ്ലാക്കലച്ചൻ (പിന്നീട് ഐസക് മാർ യൂഹാനോൻ പിതാവ്) ഇവിടെ Noojibalihila യിൽ ആരംഭിച്ച ഓലമേഞ്ഞ ഷെഡിൽ ഓശാനയ്ക്കു വി.കുർബ്ബാന അർപ്പിച്ച് ആരംഭിച്ചു. പിന്നീട് ബഹു.തോമസ് താന്നിക്കാകുഴിയിലച്ചന്റെ ശുശ്രൂഷയിൽ പിന്തുടർന്നു. ബത്തേരി രൂപത ആവിർഭവിച്ചതിനുശേഷം 2-ാം ഘട്ടം സിറിൾ പിതാവ് ബഥനി ആശ്രമ വൈദികരെ ചുമതലപ്പെടുത്തുകയും അതിലൂടെ സഭ ശക്തമായി വളരാൻ ഇടയായതും പിന്നീട് പുത്തൂർ രൂപതയുടെ ആവിർഭാവത്തോടെ അഭി.ദിവന്നാസിയോസ് പിതാവിന്റെ നേതൃത്വത്തിലുള്ള ഈ ഘട്ടം.



നാം ഏറെ സന്തോഷിക്കുകയാണ് ഈ സുദിനത്തിൽ

പരിമിതികളും പ്രായോഗിക ബുദ്ധിമുട്ടുകളും സാമ്പത്തിക ഭാരങ്ങളും ഒക്കെ നിലനിൽക്കുമ്പോഴും ഇത്രമനോഹരമായി, ഹൃദയാവർജകമായി, ഉദാത്തമായി, ഈ ആഘോഷങ്ങൾ നടത്തിയിരിക്കുന്നു.

ഈ സംഗമത്തിനു മുന്നോടിയായത് പിതാക്കന്മാരുടെ പരി.സുന്നഹദോസാണ്. അപ്പോസ്തോലന്മാരുടെ പിൻഗാമികളായി സഭയുടെ പരി ആത്മ നിറവുകളായി സഭയിലെ പിതാക്കന്മാർ ഒരുമിച്ചു വന്നു കൂടി ആലോചിച്ചു തീരുമാനങ്ങൾ എടുക്കുന്ന ഒരു കൂടിവരവല്ല സുന്നഹദോസ്. പിന്നെയോ പരി.

(ശേഷം 29-ാം പേജിൽ)

ഐക്യദീപം
Aikyadeepam

2016 ഒക്ടോബർ പുസ്തകം 47 ലക്കം 8

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ

# ഉള്ളടക്കം

06 ഭാഷ
ഫാ. ബോബി ജോസ് കട്ടിക്കാട്

09 സഹനമില്ലാതെ കിരീടമില്ല
മാത്യൂസ് പാണ്ടിശ്ശേരിൽ

11 മാർ ഗ്രിഗോറിയോസ് പിതാവിന്റെ സാമൂഹിക ദൈവശാസ്ത്ര വീക്ഷണങ്ങൾ
ബ്രദർ പൊട്ടുകുളത്തിൽ മാത്യു

15 ഇതാ നിന്റെ ജീവിതം പൂർണ്ണമാക്കുക (കവിത)
സ്വരാജ് പോൾ

16 സൗഹൃദം
ഫാ. ജോൺ പടിപ്പുരയ്ക്കൽ

19 നഷ്ടങ്ങളുടെ ആത്മീയത
ഐസക് ഈപ്പൻ



സ്ഥിരം പംക്തികൾ

എഡിറ്റോറിയൽ

ഇടയശബ്ദം

SHAPE YOUR GOALS

ഉള്ളതുപറഞ്ഞാൽ

യൂത്ത് കോർണർ

പ്രബോധനം

Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

# ഭാഷ



പരിണാമത്തിന്റെ അടുത്ത ചുവടതാണ്, ശിരസ്സിൽ തീനാളവുമായി മെഴുകുതിരിപോലെ കത്തിപ്പോകുന്ന മനുഷ്യൻ. പെന്തക്കോസ്ത അതായിരുന്നു. ഞൊടിയിടയിലും അടിമുടി മാറ്റം സാദ്ധ്യമാണെന്ന അടയാളം പോലെ ചവിട്ടിനിന്ന മണ്ണ് മാറുകയും, വീശിയടിച്ച കാറ്റിൽ, ഭീതിയിലും നിഷ്ക്രിയത്വത്തിലും കുരുങ്ങിനിന്ന ജീവിതങ്ങളുടെ പായ്മരം ചലിച്ചു തുടങ്ങുകയും ചെയ്ത ദിനമായിരുന്നു അത്. അവർ വീഞ്ഞ് കുടിച്ചവരെപ്പോലെ ഉന്മത്തരായി കാണപ്പെട്ടു. എല്ലാവർക്കും പിടുത്തം കിട്ടുന്ന ഭാഷയാണവരുടേതെന്നായിരുന്നു അവരെ കുറിച്ച് ആ കാലത്തിന്റെ വാഴ്ത്ത്.

നോക്കൂ; ഏതൊരു വിളുമ്പിൽപ്പെട്ട മനുഷ്യരെയുംപോൽ തല കുനിക്കേണ്ട ഭാഷയായിരുന്നു അവരുടേത്. പത്രോസ് എന്ന മുക്കുവൻ നഗരത്തിൽ കുരുങ്ങിയതുപോലും അയാളുടെ ഉച്ചാരണ പിശകുകൊണ്ടാണെന്ന വായനകളുണ്ട്. ഞാൻ ഗലീലിയനേയല്ലാ എന്ന് മൂന്ന് ആവർത്തി പ്രാകുമ്പോഴും അയാളുടെ നീട്ടലും കുറുകലും ഒക്കെ അയാൾ കടപ്പുറത്തുകാരനാണന്ന് ഭംഗിയായി ഒറ്റിയിട്ടുണ്ടാകും. സംസ്കൃതചിത്തരെ നിർണയിക്കുന്ന ഏകകം അവരുടെ ഭാഷയാണെന്ന് ആർക്കാണ് അറിയാത്തത്. ഒരണക്ക് നേന്ത്രപ്പഴം തരൂ എന്ന് ആവശ്യപ്പെടുന്ന ചെറുമ ബാലനെ എന്തിനെന്ന അർത്ഥത്തിൽ കണ്ണുരുട്ടി, തള്ളക്കാ പുഴുങ്ങാളാണെന്ന് പറഞ്ഞ് ചൂളിപ്പിച്ച് ഉറക്കെ ചിരിക്കുന്നവരുടെ പ്രതിധ്വനികളാണെല്ലായിടത്തും. അതിനിടയിലും അയാളെ അവർക്ക് മനസിലാകുന്നില്ലല്ലോ?



**ഫാ. ബോബി ജോസ് കട്ടിക്കാട്**

എല്ലാവർക്കും പിടുത്തം കിട്ടുന്ന ഒരു ലോകഭാഷയെക്കുറിച്ചുള്ള പഠനത്തിലും ഗവേഷണത്തിലുമായിരുന്നു അകാലത്തിൽ മരിച്ച ഞങ്ങളുടെ ജ്യേഷ്ഠസുഹൃത്ത്. അതൊരു സാങ്കേതികവും പ്രായോഗികവുമായ വൈതരണി മാത്രമാണോ? എങ്ങനെ നമ്മുടെ ഭാഷകൾ ചിതറിപ്പോയതെന്നതാവണം മനുഷ്യന്റെ ഏറ്റവും പുരാതനമായ ദാർശനിക

വ്യഥകളിലൊന്ന്. real metaphysical problem today is the world. അങ്ങനെയാണ് ബാബേൽ എന്ന മിത്തുണ്ടായത്. മിത്തിന് കെട്ടുകഥയെന്നൊന്നുമല്ല അർത്ഥം. ലോകവും മാനവികതയും വർത്തമാനരൂപത്തിൽ പരിണമിച്ചതിനെക്കുറിച്ചുള്ള വിശുദ്ധ ആഖ്യാനമായി allan dundes അതിനെ വ്യാഖ്യാനിക്കുന്നുണ്ട്.

ആകാശം മുട്ടുന്ന ഒരു പട്ടണത്തിന്റെ നിർമാണ പ്രവർത്തനത്തിനിടയിലാണ് അത് സംഭവിച്ചത്. സരളസങ്കീർണതയിലേക്ക് വഴിമാറുകയാണെന്നാണ് അതിന്റെ ചുരുക്കെഴുത്ത്. ചോക്ലേറ്റിൽ താൻ മരണം കാണുന്നു എന്ന് ആശങ്കപ്പെട്ട ഒരു മനുഷ്യനുണ്ടായിരുന്നു, ഗാന്ധി. എം. ടി. യുടെ കടവ് എന്ന ചിത്രമോർക്കുന്നു. കടത്തുവഞ്ചിയിൽ അഴിഞ്ഞുപോയ അവളുടെ പാദസരമായി അവളെത്തേടി നഗരത്തിലേക്ക്പോകുന്ന ബാലനെപ്പോലെ. നഗരം ഗ്രാമത്തെ തീരെ തിരിച്ചറിയുന്നില്ല. വ്യാകരണംകൊണ്ട് ക്ലിപ്ത്തപ്പെടുകയും അലങ്കാരങ്ങൾകൊണ്ട് തോരണംകെട്ടുകയും ചെയ്യുന്ന പകിട്ടുള്ള ഒരു ഭാഷയുടെ മുമ്പിൽ ഗ്രാമീണ ഭാഷ പകച്ചും ഭയന്നും വിക്കിവിക്കിപ്പോകുന്നു. എന്നാണ് ആത്മീയതയെക്കുറിച്ചുള്ള പൊതുവായ നിരീക്ഷണം. എത്ര അഗാധമായി നിങ്ങൾക്ക് പരിസരത്തോട് ബന്ധപ്പെടാൻ കഴിയുന്നു എന്നതാണ് ആത്മീയ അഭിവൃദ്ധിയുടെ ഏകകം. അതുകൊണ്ടുതന്നെ ഭാഷയുടെ ആതുരതകൾ ആത്മീയ ഉത്കണ്ഠകൾകൂടി ആകുന്നു. പ്രാർത്ഥനകളിൽ അമിതഭാഷണം പാടില്ലന്നും, വ്യവഹാരങ്ങളിൽ അതെയെന്നൊ അല്ലയെന്നോ ഏറ്റവും ഋജുവായ വാക്കേ പാടുള്ളു എന്നും ഒക്കെയുള്ള അനുശാസനങ്ങളിലൂടെയും ചെവിയുണ്ടായിട്ടും കേൾക്കാതെപോകുന്നു എന്ന കഠിനമായ ആരോപണത്തിലൂടെയും ആ തച്ചൻ തന്റെ കാലത്തോട് പങ്ക്വെയ്ക്കുന്നുണ്ട്. മറച്ചുവെക്കാനല്ല, വെളിപ്പെടുത്താനാണ് വാക്ക്.

ബാബേലിന്റെ കഥയിലെന്നപോലെ ചിതറിയ ഭാഷയിൽ നിന്നാണ് ദുരന്തങ്ങളെല്ലാം സംഭവിക്കുന്നത്. കടപ്പുറത്തുനിന്ന് കേൾക്കുന്ന ആ പഴയകഥപോലെ, അപൂർവ്വമായി മാത്രം എത്തുന്ന ചരക്കുകപ്പലിനുവേണ്ടി കടൽപ്പാലത്തിൽ നിൽക്കുന്ന ഗ്രാമീണർ. നിയന്ത്രണം വിട്ട കപ്പലിന്റെ അപായ സൂചന കാട്ടാൻ ഷർട്ടൂരി അലറിവിളിക്കുന്ന നാവികർ. അതൊരു അഭിവാദ്യരീതിയാണെന്ന് കരുതി അതേപോലെ കുപ്പായമൂരി ചുഴറ്റി നിൽക്കുന്ന മനുഷ്യർ. അങ്ങനെ അഭിവാദ്യങ്ങൾക്കും പ്രത്യഭിവാദ്യങ്ങൾക്കുമിടയിൽ തകർന്നു വീഴുന്ന കടൽപ്പാലം! ഒരു സന്ദേശം കുറേക്കൂടി പരാവർത്തനം ചെയ്തുവെങ്കിൽ നാഗസാക്കിയും ഹിരോഷിമയും പോലും ഓഴിവാക്കപ്പെടുമായിരുന്നു എന്ന കൈപ്പുള്ള തമാശയും കേട്ടിട്ടുണ്ട്. വേണമെങ്കിൽ അഭ്യർത്ഥനപോലെ കരുതാവുന്ന കത്ത് ചക്രവർത്തിക്കുവേണ്ടി



വായിച്ച് കൊടുത്ത ദ്വിഭാഷി അതേ താക്കീതിന്റെ സ്വരത്തിലാണ് വായിച്ച് കൊടുത്തത്. അത്തരമൊരു ധാർഷ്ട്യം മറുപടി അർഹിക്കുന്നില്ലെന്നാണ് ചക്രവർത്തി തീരുമാനിച്ചത്. ബാക്കിയൊക്കെ പാഠപുസ്തകത്തിലുള്ള കാര്യങ്ങൾ തന്നെ. ഒരു വാതിൽ മുറുകെ വലിച്ചടയ്ക്കുമ്പോൾ അതെപ്പോഴും ഒരാളുടെ അമർഷം തന്നെയായിരിക്കണമെന്നില്ല. അടക്കിവെച്ച സങ്കടമോ പറയാൻ മടിക്കുന്ന അരക്ഷിതാവസ്ഥയോ ചിലപ്പോൾ വെറുമൊരു ശീലംപോലുമാവാം. വ്യാകൃത്തിലാണ് അപകടം പതിയിരിക്കുന്നത്.

The 5 language എന്നൊരു പുസ്തകം വായിച്ചിട്ടുണ്ട്. gray chapman ന്റെ തങ്ങൾ വെറുതെ റൂംമേറ്റ്സ് മാത്രമാണെന്ന് ആശങ്കപ്പെടുന്ന, തങ്ങൾക്കിട

യിൽ പൊതുവായി ഒന്നുമില്ലെന്നും. പരാതിപ്പെടുന്ന സൂസന്റെ പരാതിയിൽ മനസുനുറുങ്ങി ജോൺ ഇങ്ങനെ പറയുന്നു. ഞങ്ങൾ രണ്ടുപേരും ജോലിക്ക് പോകുന്നുണ്ട്. അവൾക്ക് മുൻപേ ജോലികഴിഞ്ഞെത്താൻ ഞാൻ ശ്രമിക്കുന്നു. അവളെത്തുമ്പോൾ അത്താഴം തയ്യാറാക്കുന്നു. അവളുടെ നടുവിന് പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് വീട് വൃത്തിയാക്കൽ സന്തോഷത്തോടെ ചെയ്യുന്നു. പൂമ്പൊടി അലർജിയായോണ്ട് തോട്ടപ്പണിയിൽനിന്നും അവളെ ഒഴിവാക്കുന്നു. ഇതൊന്നും ഇവൾക്ക് സ്നേഹമാണെന്ന് തോന്നാത്തത് എന്താണ്? സ്നേഹഭാഷകളിലെ ഈ വൈരുധ്യങ്ങൾ എങ്ങനെയാണ് പരിഗണിക്കപ്പെടേണ്ടതെന്ന് കാര്യമായ നിശ്ചയമൊന്നും ഇല്ല. ലളിതമായൊരു രീതി അപരന്റെ ചെരുപ്പിൽ കാൽ ചവിട്ടി കാര്യംകാണാനുള്ള ശ്രമമാണ്. അപ്പോൾ മനുഷ്യരുടെ കലഹങ്ങൾക്കും ശാഠ്യങ്ങൾക്കും നിസ്സംഗതകൾക്കും അവഗണനകൾക്കും ധാഷ്ഠ്യങ്ങൾക്കുമൊക്കെ ഒരു പുനർവായന സാദ്ധ്യമാണ്. അപ്പോൾ കന്മദം പോലെയെന്തോ ഒന്ന് കിനിയുന്നത് കണ്ട് മിഴികൾ സജലങ്ങളായെന്നിരിക്കും.

ജീവജാലങ്ങളുടെ ഭാഷയെക്കുറിച്ചുപോലും ധാരണയുണ്ടാകുമ്പോഴാണ് നിങ്ങൾ ശലമോനാകാൻ പോകുന്നത്. ഇന്ന് നിഷേധിക്കപ്പെടുമ്പോൾപ്പോലും ഭാഷയുടെ ഉൽപ്പത്തി ജീവജാലങ്ങളുടെ സ്വരത്തിന്റെ പൊരുൾ തേടിപ്പോകുമ്പോഴായിരുന്നുവെന്ന് പാരമ്പര്യമതം. നദിയുടെ ശബ്ദം തേടിപ്പോയതിൽനിന്നാണ് നാദമുണ്ടായതെന്ന വായയനപോലുമുണ്ട്. മരിച്ചവരോടുപോലും ഭാഷണം സാദ്ധ്യമെന്ന് കരുതുന്ന എത്രയോ ഗണം മനുഷ്യർ ഇപ്പോഴും വാഴ്‌വിലുണ്ട്. വൈകാരികതയിലേക്കും, ആന്തരികതയിലേക്കും തുറന്നിട്ട ജാലകമായി മാത്രം ഭാഷയെ ഗണിച്ചുകൂടാ. ഭിന്നിച്ചുപോയ മനുഷ്യസമൂഹങ്ങളെ ഇണക്കി നിർത്തുന്ന കാണാച്ചരടായി ഭാഷ മാറുന്നു. ധാർമ്മികമായ ഒരു ഐഡന്റിറ്റി ഭാഷയ്ക്ക് കൈവരുന്നത് അപ്പോൾ മാത്രമാണ്. മാനസികവും ശാരീരികവുമായ അടിമത്തത്തിൽ പൂണ്ടുകിടന്ന ഒരു ജനത സ്വാതന്ത്രത്തിന്റെ വിശാലതയിലേക്ക് ഉയർന്ന് വന്നത് അവരുടേത് മാത്രമായ ഭാഷയുടെ താക്കോലുമായിട്ടാണ്. സ്ത്രീകളും കുട്ടികളും ഉഭയലിംഗവ്യക്തികളും ദളിതരും ഒരുമിച്ച് പറയുന്നത് നൂറ്റാണ്ടുകളായി അടിച്ചമർന്നുപോയ തങ്ങളുടെ ഭാഷയെക്കുറിച്ചാണ്. ഒരു ദേശത്തിന്റെ ധമനികളിൽ ആഴ്ന്നുകിടക്കുന്ന എത്രയോ അജ്ഞാതമുദ്രകളുണ്ട്. നാട്ടറിവുകളുടെ പദസഞ്ചയങ്ങളാണ് ഓർമ്മയിൽ. ഈ പദങ്ങൾക്കെല്ലാം ജീവനുണ്ട്. അതിനാൽ നിഘണ്ടുവിന്റെ പുറങ്ങൾ അവസാനിക്കുന്നേയില്ല. വ്യതിചലിക്കുകയും നിരന്തരം നവീകരിക്കപ്പെടുകയും ചെയ്യുന്ന ഭാഷയുടെ പിന്നാലെ ചൂരൽവടിയുമായി പോകേണ്ട ബാധ്യത ആർക്കും ഇല്ല. കലാപങ്ങൾ, പ്രതിരോധങ്ങൾ, ആത്മാലാപങ്ങൾ, സ്വപ്നങ്ങൾ, കാമലകൾ അങ്ങനെ എല്ലാം ഭാഷയിൽ ഉദിക്കുന്നു. ഭാഷയിൽ തന്നെ അസ്തമിക്കുന്നു. എന്റെ ലോകം അവസാനിക്കുന്നത് എന്നിൽനിന്ന് ഭാഷ മാഞ്ഞുപോകുമ്പോഴാണ്. ഡിമെൻഷ്യ ബാധിച്ച ഒരാളെ കാണാൻപോകുമ്പോൾ നിങ്ങൾക്കത് മനസ്സിലാകും. ഭക്ഷണത്തിനുള്ള ശ്രമമാണ് ഏറ്റവും പുരാതനവും നവീനവുമായ സാംസ്കാരികപ്രവർത്തനം. ബസ്സിൽ അരികിലിരിക്കുന്ന ചെറുപ്പക്കാരനോട് നിങ്ങൾ പറഞ്ഞുതുടങ്ങുന്നു. ഇന്നലെയും ചാലക്ക് – ടിപ്പുഴയിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയിട്ടുണ്ട്. അവൻ തലവെട്ടിക്കുന്നു. പുഴ, മത്സ്യം, പുകകുഴൽ ഇവയല്ലാതെ ഇവറ്റയ്ക്ക് പുതുതായൊന്നും പറയാനില്ലയെന്ന മട്ടിൽ. ശരീരഭാഷകൊണ്ടവൻ സംഭാഷണത്തിനുള്ള പഴുതുകളെ താഴിടുന്നു. പിന്നെ ഹെഡ്സെറ്റർ എന്ന ഉപകരണംകൊണ്ട് കാതടച്ച്, മാഹിയിലെ പെണ്ണുങ്ങളെ കാണിക്ക കാണിക്ക യിലേക്ക് വഴുതിപ്പോകുന്നു. പുറത്തേക്ക് നോക്കിയാൽ തീരെ ഒച്ചയില്ലാത്ത മെട്രോ പായുന്നതു കാണാം. ഒക്കെ പുതിയ ഭാഷയാണ്.

രണ്ട് കിളുന്ത് അനുഭവങ്ങൾ പറഞ്ഞ് കുറിപ്പ് അവസാനിപ്പിക്കാം. സ്നേഹിതൻ പറഞ്ഞതാണ്, അത്ര കിളുന്തൊന്നും അല്ല; അല്പം വിനയത്തിൽ പറഞ്ഞന്നെയൊള്ളു. ആദ്യത്തേത്. ഏതാനും സഹോദരന്മാർ ഉണ്ടയാൾക്ക്. അമ്മ തറവാട്ടിലാണ്, എന്നും രാവിലെ അമ്മയെ കണ്ട് ഒരു ഗ്ലാസ്സ് കാപ്പി വാങ്ങിച്ചു കുടിക്കുന്ന ശീലമുള്ള ഒരു മകനുണ്ടായിരുന്നു. ഇത്തവണ പതിവുപോലെ പുറത്തേക്ക് നടക്കുമ്പോൾ അവൻ അമ്മയെ നോക്കി. കുറച്ചുകഴിഞ്ഞപ്പോൾ അമ്മ മറ്റ് മക്കളെ വിളിച്ചുപറഞ്ഞു, അവന്റെ നോട്ടത്തിലെന്തോ അപാകതയുണ്ട് – അവൻ അബദ്ധം ചെയ്തേക്കും. അവരെത്തുംമുമ്പേ ആ അബദ്ധം സംഭവിച്ചിരുന്നു.

ഇതൊക്കെത്തന്നെയായിരിക്കും പെന്തക്കോസ്ത അല്ലേ? ഏറ്റവും ചെറിയ നോട്ടങ്ങളുടെ കടലിരമ്പങ്ങൾ തിരിച്ചറിയുക.

മറ്റൊന്ന് യാത്രയിൽ നടന്നതാണ്. വിശ്വപ്രസിദ്ധമായ ഒരു ആർട്ട് മ്യൂസിയം. അകത്തെ ചിത്രങ്ങളുടെ പോസ്റ്റ്കാർഡുകൾ പുറത്ത് വിൽപ്പനയ്ക്ക് വെച്ചിട്ടുണ്ട്. കുറേ നേരമെടുത്ത് അഞ്ച് കാർഡുകൾ തിരഞ്ഞെടുത്തു. കൗണ്ടറിൽ കൊണ്ടുപോയപ്പോഴാണ് നമുക്ക് തല്ക്കാലം താങ്ങാനാകാത്ത മുതലാണന്ന് പിടുത്തംകിട്ടിയത്. ചെറിയോരു ഇച്ഛാഭംഗത്തോടെ അതെല്ലാം തിരിച്ചു വെച്ചു. കുറച്ചു ദൂരം നടന്നെത്തിയപ്പോൾ 'നില്ക്കൂ' എന്ന് പറഞ്ഞ് ഒരു ചെറിയ പെൺകുട്ടി പുറകെയെത്തി. ആ അഞ്ചു ചിത്രങ്ങൾ വച്ചു നീട്ടി. നീയെടുത്തുകൊള്ളുക നിനക്കിത് ഇഷ്ടമായതല്ലെ, കഷ്ടിച്ച് പേര് ചോദിക്കാനുള്ള സമയം തരുന്നു. പേര് വെറോണിക്ക വീട് – മെക്സിക്കോ. ബൈ, അവൾ ആൾക്കൂട്ടത്തിൽ മാഞ്ഞുപോകുന്നു. ലോകത്തെല്ലായിടത്തും നിസ്സഹായതയ്ക്കും, ദാരിദ്ര്യത്തിനും, ദയയ്ക്കും, അനുഭാവനത്തിനുമൊക്കെ ഒരേ ഭാഷയാണ്. ആ അറിവിലാണ് എല്ലാ ഭാഷകളും ഉപേക്ഷിച്ച് മനുഷ്യൻ നിറമിഴികളോടെ മൗനത്തിന്റെ കുടീരങ്ങളിലേക്ക് പ്രവേശിക്കുന്നത്.

ശബ്ദസാഗരത്തിന്റെ അഗാധം നിശ്ശബ്ദസാന്ദ്രതയെന്നു പ്രിയകവി....

*(കടപ്പാട് : അമ്മ)*



# സഹനമില്ലാതെ കിരീടമില്ല

എല്ലാം മനോഹരമായി ദൈവം സൃഷ്ടിച്ചുവെങ്കിലും ആദിമനുഷ്യന്റെ പാപംമൂലം സഹനം, ശത്രുത, വേദന, മരണം മുതലായവ ലോകത്തിൽ പ്രവേശിച്ചു. അങ്ങനെ സഹനം മനുഷ്യജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും ഘടനയിൽ അന്തർലീനമായിരിക്കുന്ന ഒരു യാഥാർത്ഥ്യമായി. ഒരുപക്ഷേ ബൈബിൾ ഉത്തരം നൽകാതെ, വ്യക്തത തരാത്ത ഒരു ചോദ്യമാണ് എന്തുകൊണ്ട് നീതിമാൻ സഹിക്കേണ്ടി വരുന്നു എന്നത്. പഴയ നിയമത്തിൽ, ദൈവവും തിന്മയുടെ ശക്തിയും ഒരുപോലെ നീതിമാനായി കണ്ട ജോബിനു കടന്നുപോകേണ്ടി വന്നത് എത്ര കഠിനമായ സഹനാനുഭവങ്ങളായിരുന്നു. എന്തുകൊണ്ട് നീതിമാൻ സഹിക്കേണ്ടതായിട്ടു വരുന്നു എന്ന ജോബിന്റെ ചോദ്യത്തിന് വ്യക്തമായ ഉത്തരം ദൈവം നൽകുന്നില്ല. തന്റെ ജനത്തെ പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനുമായി ദൈവം സഹനം അനുവദിക്കുന്നു എന്ന് അക്കാലത്ത് ജനം വിശ്വസിച്ചിരുന്നു.

പുതിയനിയമത്തിൽ മേൽപ്പറഞ്ഞ ചോദ്യം ചോദിക്കുന്നത് ലോകം കണ്ടതിലേക്കും ഏറ്റം വലിയ നീതിമാൻ തന്നെയാണ്. കുരിശിലെ ആ നിലവിളി, "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തിനു നീ എന്നെ ഉപേക്ഷിച്ചു?" നിന്റെ വാക്കായിരുന്നു എന്റെ കർമ്മം; എന്നിട്ട് നീയും എന്നെ കൈവിട്ടോ? ഇവിടെ കാൽവരിയിലെ പിതാവ്, (ബൈബിൾ ചിന്തകന്മാരുടെ ഭാഷയിൽ) ക്രൂരമായ മൗനത്തിലാകുയായിരുന്നു. എന്നാൽ ചെറിയ ഒരു ഇടവേളയ്ക്കു ശേഷം പുത്രൻ സ്നേഹപൂർവ്വം ശാന്തനായി പറഞ്ഞത്: "നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു." അതായത് നിന്റെ മനസ്സിൽ എന്റെ സഹനത്തിന് ഉത്തരമുണ്ടെന്നുള്ള വലിയ പ്രത്യാശ. ഈ കാസാ കഴിയുമെങ്കിൽ മാറ്റിത്തരണമെന്ന് ക്രിസ്തുവിനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. എന്നാൽ കാസാ മാറ്റയില്ലെങ്കില്ലോ? അപ്പോൾ അതു സ്വീകരിക്കാനുള്ള ബലത്തിനു വേണ്ടിയായിരി

**മാത്യൂസ് പാണ്ടിശ്ശേരിൽ**
**തിരുമൂലപുരം ഇടവക**

ക്കണം പ്രാർത്ഥിക്കേണ്ടത്. ദാഹിച്ചവർക്കെല്ലാം ദാഹജലം നൽകിയ ദൈവം, (ഹാഗാറിനും കുഞ്ഞിനും, മരുഭൂമിയിൽ ജനത്തിന് പാറ തുറന്നും) തന്റെ പ്രിയപുത്രൻ ഒരു തുള്ളി വെള്ളത്തിനായി (കുരിശിലെ ദാഹം) കരഞ്ഞപ്പോൾ പ്രതികരിച്ചില്ല. താൻ ഏറ്റവും സ്നേഹിക്കുന്നവരുടെ പല ആവശ്യങ്ങൾക്കും അവിടുന്നു കാലതാമസം വരുത്തുകയോ നിഷേധിക്കുകയോ ചെയ്യും. ഇത് സ്നേഹമില്ലാഞ്ഞിട്ടല്ല, സഹനത്തിലൂടെ സമ്പൂർണ്ണമാകുന്ന സ്നേഹത്തിന്റെ ആഴം വെളിപ്പെടുത്താനാണ്. മനുഷ്യൻ കടന്നുപോകാനുള്ള എല്ലാ സഹനങ്ങളിലൂടെയും കടന്നുപോയൊരു ദൈവം നമുക്കൊപ്പമുണ്ട്. ഈ ചിന്തതന്നെ സഹനങ്ങൾ ഏറ്റെടുക്കാനുള്ള ശക്തി നമുക്ക് തരുന്നു. അതുകൊണ്ടാണ് കുരിശിലേക്ക് കണ്ണുകളുയർത്തിനോക്കിയവരൊക്കെ 'ക്രിസ്തുവിന്റെ മുറിവുകൾ' കണ്ട് സ്വസ്ഥരാകുന്നത്. കുരിശിലേക്ക് നോക്കുന്നവരൊക്കെ ഓർമ്മിക്കുന്നത് മൂന്നാംദിനം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കൂടെയാണല്ലോ. ഉത്ഥിതൻ നൽകുന്ന സമാധാനം അപ്പോൾ നമ്മുടെ ഹൃദയങ്ങളെ ശാന്തമാക്കും.

## ബൈബിൾ, സഹനത്തെക്കുറിച്ച് നൽകുന്ന ചില അനുമാനങ്ങൾ :

1. സഹനം കൂടുതൽ നന്മയിലേക്കുള്ള ഇടദൂരമാണ്. നിലത്തുവീണ ഗോതമ്പുമണിയുടെ ഉപമയിൽ – അതു നശിക്കുന്നു, ജീർണ്ണിക്കുന്നു, പുതുമഴയിൽ പുതുജീവന്റെ നാമ്പ് മുളയ്ക്കുന്നു. ഏറെ നാളുകൾക്കുശേഷം ഈ നാമ്പ് നൂറുമേനി ഫലം തരുന്നു. മനുഷ്യന്റെ സഹനം ഗോതമ്പുമണിയിൽനിന്നും നൂറുമേനിയിലേക്കുള്ള ദൂരമാകാം. ഈറ്റുനോവ് ആരംഭിക്കുന്ന സ്ത്രീയുടെ ഉപമയിൽ – അവൾ കടന്നുപോയ വലിയ വേദനയ്ക്കുശേഷം കുഞ്ഞിന്റെ മുഖംകണ്ട് നിവൃതിയടയുന്നു; വേദന മറക്കുന്നു. ഒരു മുളന്തണ്ടിൽനിന്ന് സംഗീതത്തിലേക്കുള്ള ദൂരം ഏഴു മുറിവുകളുടേതാണല്ലോ.

2. സഹനം ദൈവദർശനത്തിനു നിമിത്തമാകുന്നു. അഹന്തയുടെ അശ്വത്തിന്മേലേറി ക്രൈസ്തവരെ കയ്യാമം വയ്ക്കുവാനായിട്ട് പോയ സാവൂളിന്റെ യാത്രയിൽ ദൈവം ഇടപെടുന്നു. സാവൂളിനെ കുതിരപ്പുറത്തുനിന്നും താഴേക്ക് വലിച്ചെറിയുന്നു. അന്ധനായി മാറിയ സാവൂൾ, കാഴ്ചയുള്ള കാലത്തു കാണാതെപോയ ദൈവത്തെ അന്ധതയുടെ കാലത്തു കണ്ടുമുട്ടുന്നു. പലപ്പോഴും ശുഭകാലങ്ങളിൽ നമ്മൾ ദൈവത്തെ അത്ര കാര്യമായിട്ടെടുക്കാറില്ല. എന്നാൽ അപ്രതീക്ഷിതമായ ചിലത്, പരിഹാരമില്ലാത്ത ഒന്ന്, പതുക്കെപ്പതുക്കെ നമ്മെ ദൈവത്തിങ്കലേക്ക് അടുക്കുവാനുള്ള നിമിത്തമായി മാറ്റുന്നു.

3. സഹനം നമ്മെ കൂടുതൽ കരുത്തുള്ളവരാക്കി മാറ്റുന്നു. തള്ളക്കഴുകൻ കൂടനക്കി അതിന്റെ കുഞ്ഞുങ്ങളെ പറക്കാൻ ശക്തിയുള്ളവരാക്കുന്നതുപോലെ. പത്രോസ് ശ്ലീഹാ എഴുതുന്നു: "സഹനത്തിന്റെ തീച്ചുളയിൽ ശോധന ചെയ്യപ്പെട്ടതിനെ തകർക്കാൻ എന്തിനാവും?"

4. സഹനം മനുഷ്യനെ പച്ചമനുഷ്യനാക്കുന്നു. സ്വയം വിശപ്പറിഞ്ഞവൻ വിശക്കുന്നവരുടെ പ്രയാസം മനസ്സിലാക്കും. ജീവിതത്തിലെ സഹനാനുഭവങ്ങളിലൂടെ കടന്നുപോയ മനുഷ്യൻ മറ്റുള്ളവർക്കുവേണ്ടി തന്റെ ഹൃദയകവാടം തുറന്നുകൊടുക്കുന്നു. കാരണം അവനറിയാം സഹനത്തിന്റെ പൊള്ളലും നീറ്റലുമെല്ലാം.

5. മറ്റുള്ളവർക്കുവേണ്ടിയുള്ള സഹനം: ക്രിസ്തുവിന്റെ സഹനത്തെക്കുറിച്ച് ഏശയ്യാ പ്രവചിച്ചിരിക്കുന്നത്: നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. നമ്മുടെ രോഗങ്ങളാണ് അവൻ വഹിച്ചത്. നമുക്കുവേണ്ടി അവൻ ബലിക്കുഞ്ഞാടായി മാറി.

ജീവിതത്തെ അതിന്റെ എല്ലാ അനുഭവങ്ങളോടുംകൂടി അതേപടി സ്വീകരിക്കുവാനാണ് പ. മറിയത്തിന്റെ ജീവിതം നമ്മേ പഠിപ്പിക്കുന്നത്. ക്രിസ്തുവിനെ ഉദരത്തിൽ ഏറ്റുവാങ്ങിയ നിമിഷം മുതൽ അവൻ ഉത്ഥിതനാകുന്നതുവരെയുള്ള മുപ്പത്തിനാല് വർഷങ്ങൾ ദൈവത്തിനുവേണ്ടി അവൾ ഏറ്റെടുത്ത സങ്കടങ്ങളിലും സഹനങ്ങളിലും ദൈവം, നിശ്ശബ്ദനായൊരു സഹയാത്രികനെപ്പോലെയാണ് അവളോടൊപ്പം നടന്നത്. അവളാകട്ടെ ഒന്നിനെയും ചോദ്യം ചെയ്യാതെ, പരിഭവിക്കാതെ ദൈവം നിശ്ചയിച്ച വഴികളിലൂടെ സൗമ്യയായി നടന്നുനീങ്ങി. ശിമയോൻ പ്രവചിച്ച ആ വാൾ എന്താണെന്ന് തന്റെ അരുമസുതന്റെ കുരിശുമരണത്തിനു സാക്ഷിയായി കുരിശിൻ ചുവട്ടിൽ അവൾ അനുഭവിച്ച പീഡാസഹനം നമുക്ക് ഊഹിക്കാനാകുമോ?

വിശുദ്ധരുടെയെല്ലാം ജീവിതത്തിൽ ഈയൊരു സഹനസാക്ഷ്യമുണ്ട്. സഹനത്തെ, സഹനം തന്ന ഈശോയെ, സഹനകാരണമായ സകലതിനെയും അൽഫോൻസാമ്മ സ്നേഹിക്കുകയായിരുന്നു. ക്രിസ്തു നൽകുന്ന കുരിശുകളെ സന്തോഷത്തോടെ സ്വീകരിക്കാനും അപരന്റെ കുരിശുകളെ ലഘൂകരിക്കാനും തന്നാലാവുന്ന സഹനത്തിനും അൽഫോൻസാമ്മ തയ്യാറായിരുന്നു. കുരിശിലാണ് യഥാർത്ഥവിജയമെന്ന് എല്ലാ വിശുദ്ധനും വിലയിരുത്തിയിരുന്നതായി കാണാം. സഹിക്കുന്നവരുടെ ദൈവം എവിടെയാണ്? തീച്ചൂളയിലേക്ക് എറിഞ്ഞത് മൂന്നുപേരെ. പക്ഷേ പിറ്റേ പ്രഭാതത്തിൽ രാജാവ് കണ്ടത് നാലുപേരെയാണ്. ആരാണീ നാലാമൻ? ഇതുതന്നെയാണ് സഹനത്തിൽ ദൈവത്തിന്റെ ഇടം. ഒറ്റയ്ക്കു സഹിക്കുന്നവന്റെ കൂടെ സഹയാത്രികനായി അവനുണ്ട്.

സഹിക്കുന്നവനോടൊപ്പം ദൈവമുണ്ടെന്നുള്ള അറിവാണ് സഹനകാലങ്ങളിൽ ഒരുവന്റെ ഏറ്റവും വലിയ ശക്തി. കൂടെ ദൈവമുണ്ടെങ്കിൽ മനുഷ്യന് ഏത് സഹനാനുഭവങ്ങളിലൂടെയും കടന്നുപോകാം. ക്രിസ്തു കുരിശിന്റെ വഴി നടന്നു പോയതുപോലെ നമ്മുടെ സഹനനേരങ്ങളിൽ ക്രിസ്തുവിലേക്ക് ഒരു ചുവടുകൂടി വയ്ക്കാൻ നമുക്കിടയാകട്ടെ. ആ പ്രത്യാശയിൽ നമുക്കിങ്ങനെ പാടാം:-

ആഴിയതിൽ ഓളങ്ങളാൽ
വലഞ്ഞീടുമ്പോൾ എൻ പടകിൽ,
എന്റെ പ്രിയൻ യേശുവുണ്ട്,
ചേർന്നീടുമേ ഭവനമതിൽ.

●



**ആമുഖം**

മനുഷ്യചരിത്രത്തെ ഓരോ കാലഘട്ടങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ ചില വ്യക്തിത്വങ്ങൾ ഉണ്ട്; മരുഭൂമിയിലെ മരീചിക കണക്കെ ക്ഷണാപ്രഭാചഞ്ചലമായ ഒരു മനുഷ്യായുസ്സുകൊണ്ട് മനുഷ്യവംശത്തിന് പ്രത്യാശയുടെ തിരിനാളം തെളിച്ച മനുഷ്യർ. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സ്വർഗം നൽകിയ അത്തരം ഒരു സമ്മാനം ആണ് ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്. ഒരു കാലഘട്ടം മുഴുവൻ സഭയുടെ ശബ്ദമായ്, മൺമറഞ്ഞിട്ടും മരിക്കാത്ത ഓർമ്മയായ്, മനുഷ്യമനസ്സുകളിൽ ചൈതന്യത്തിന്റെ ആത്മീയ രശ്മികൾ പൊഴിക്കുന്ന ആ സന്യാസിവര്യന്റെ നൂറാം ജന്മവർഷമാണല്ലോ ഇത്. ജീവിതത്തിന്റെ സമസ്ത തുറകളിലും കടന്ന് ചെന്ന പിതാവ് എല്ലാവർക്കും എല്ലാം ആകേണ്ടതിന് തന്റെ ജീവിതം അനേകർക്ക് വേണ്ടി ശുശ്രൂഷാനിർവ്വഹണത്തിന് സമർപ്പിച്ചു. പിതാവിന്റെ ജീവിത വിശുദ്ധിയുടെ ആഴവും പരപ്പും ഉൾക്കൊള്ളുവാൻ നമുക്ക് കടമയുണ്ട്. സർവ്വസംഗപരിത്യാഗിയായ ഒരു ആത്മീയ ആചാര്യൻ എന്ന നിലയിലും ഉത്തമനായ ഒരു കത്തോലിക്കാ പുരോഹിതശ്രേഷ്ഠൻ എന്ന നിലയിലും പിതാവിനെപ്പറ്റി വളരെ ഏറെ കാര്യങ്ങൾ നാം അറിയേണ്ടതായിട്ടുണ്ട്. ആ ബഹുമുഖ ജീവിതം മുഴുവനായും ഏതാനും താളുകളിൽ ചുരുക്കാൻ കഴിയുന്നതല്ല. പിതാവിന്റെ ജീവിതത്തെ സ്വാധീനിച്ച, പിതാവിന്റെ ജീവിതത്തിൽ ചാലകശക്തിയായ് വർത്തിച്ച ചില ജീവിതദർശനങ്ങളെയും സമീപനങ്ങളെയും ഒട്ടൊന്ന് അടുത്ത് കാണുവാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്. തത്വചിന്തകനായ അരിസ്റ്റോട്ടിൽ

# മാർ ഗ്രിഗോറിയോസ് പിതാവിന്റെ സാമൂഹിക ദൈവശാസ്ത്ര വീക്ഷണങ്ങൾ

**ബ്രദർ മാത്യു പൊട്ടുകുളത്തിൽ**
**(മലങ്കര സെമിനാരി,**
**തിരുവനന്തപുരം)**



മനുഷ്യരെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്, "ഒരു മനുഷ്യനും ഒന്നും വെറുതെ ചെയ്യുന്നില്ല എന്ത് ചെയ്യുമ്പോഴും അവനൊരു ലക്ഷ്യം ഉണ്ട്. അവന്റെ ജീവിതത്തെ സ്വാധീനിച്ച ചില ഘടകങ്ങൾ അവന്റെ പ്രവർത്തിയിൽ ഉണ്ടാകും." എന്താണ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജീവിതത്തെ സ്വാധീനിച്ച നിർണ്ണായ ഘടകങ്ങൾ എന്നതാണ് നാം വിചിന്തന വിഷയമാക്കുന്നത്. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ നിർത്തപ്പെട്ടവൻ എന്ന നിലയിൽ ദൈവത്തോടും മനുഷ്യരോടും ഒരേപോലെ പ്രതിബദ്ധത പ്രകടിപ്പിക്കുവാൻ പിതാവിനു കഴിഞ്ഞിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ പിതാവിന്റെ ദൈവശാസ്ത്ര ദർശനമാണ് സാമൂഹ്യ ദർശനത്തിലേക്ക് പിതാവിനെ നയിച്ചത്. ദൈവത്തേയും മനുഷ്യരെയും ഒരേപോലെ സ്നേഹിച്ച സ്നേഹധനനായ തിരുമേനി വിശാലമാനവികതയിൽ അടിയുറച്ചുനിന്നുകൊണ്ട് ജീവിതം മുന്നോട്ട് നയിച്ചു. പൗരാണിക ക്രൈസ്തവ ആരാധനാവിധികൾ അണുവിട തെറ്റിക്കാതെ നടത്തുക എന്നതിൽ പൗരോഹിത്യ സായൂജ്യമടയുന്നതിലുപരി അവ ബുദ്ധിപരവും, യുക്തിക്ക് നിരക്കുന്നതും ആധുനിക മനുഷ്യന് പ്രസക്തവുമായിരിക്കണം എന്ന ആഴമായ ദൈവശാസ്ത്രദർശനം പിതാവിനുണ്ടായിരുന്നു. മനുഷ്യസേവനമാണ് മഹത്തായ ഈശ്വരപൂജയെന്ന് ഉത്തമബോദ്ധ്യമുണ്ടായിരുന്ന ഈ സാമൂഹ്യദർശി തന്റെ ജീവിതകാലമത്രെയും സഹസൃഷ്ടികളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി അഹോരാത്രം കഷ്ടപ്പെട്ടു. പാവപ്പെട്ടവന്റെയും അധഃസ്ഥിതന്റെയും ഉന്നമനത്തിനായി ജീവിതം ചെലവിട്ട് അവരെ കൈപിടിച്ചുയർത്താൻ പരിശ്രമിച്ച മാർ ഗ്രിഗോറിയോസ് ഇരുപതാം നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ സാമൂഹ്യപരിഷ്കർത്താക്കളിൽ ഒരാളായിരുന്നു.

## മാർ ഗ്രിഗോറിയോസിന്റെ സാമൂഹികദർശനങ്ങൾ

ഒരു ശ്രേഷ്ഠാചാര്യനെന്നതിനെക്കാളുപരി അഭി. പിതാവ് ഒരു സാമൂഹിക പരിഷ്കർത്താവ് കൂടിയായിരുന്നു എന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. 'ഉണർന്നിരിക്കുന്നവൻ' എന്നാശയമുള്ള ഗ്രിഗോറിയോസ് എന്ന പദത്തിന്റെ സാമാന്യാർത്ഥം ഗ്രിഗറിയുടെ അനുയായി എന്നത്രേ. ഇതിനോടു സമാനതയുള്ള ഗ്രിഗോറിയോസ് എന്ന പദത്തിന്റെ അർത്ഥം സാധാരണക്കാരുമായി സഹവസിക്കാൻ ആശിക്കുന്നവൻ അഥവാ സാമൂഹികപ്രതിബദ്ധതയുള്ളവൻ എന്നുമാണ്. ഈ രണ്ടർത്ഥങ്ങളും സാർത്ഥമാക്കുമാറ് സ്ഥാനമഹിമയുടെ ചില്ലുകൊട്ടാരം വിട്ട് സാമൂഹികപ്രശ്നങ്ങളുടെ ദൈന്യതകളിലേക്ക് പടിയിറങ്ങിയവനാണ് തിരുമേനി. സമൂഹത്തിലെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും നേരിട്ടനുഭവിച്ച ഒരു പശ്ചാത്തലത്തിൽ ജനിച്ചു വളർന്നതുകൊണ്ടാവാം ആ മഹാനുഭവന്റെ ശ്രദ്ധ സഭാകാര്യങ്ങളിൽ ഒതുങ്ങിനിൽക്കാതെ സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരുടെ ദൈനംദിന ജീവിതങ്ങളിലേക്ക് കടന്നുചെന്നത്. പിതാവിന്റെ സാമൂഹിക ദർശനങ്ങളെ അവലോകനം ചെയ്യുകയാണ് ഈ ഭാഗത്തിലൂടെ.

## സർവ്വ മത സമഭാവന

ക്രിസ്തുനാഥൻ ചൂണ്ടിത്തന്ന നിത്യരക്ഷയുടെ സ്വർഗ്ഗീയവിരുന്നിലേക്ക് സകലരും പ്രവേശിക്കണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. ഒരു പ്രത്യേകജനവിഭാഗത്തിന്റെ ആത്മീയനേതൃത്വം വഹിക്കുന്നു എങ്കിലും ഇന്ത്യയുടെ നിലനിൽപിന് ആധാരമായിട്ടുള്ളത് മതനിരപേക്ഷതയിൽ കെട്ടിപ്പടുത്ത ഐക്യമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. വർഗ്ഗീയതയുടെ വിഭാഗീയതയും ചേരിതിരിവും സംഭവിക്കുമ്പോൾ അദ്ദേഹം മതമൈത്രിയുടെ സന്ദേശവാഹകനായിരുന്നു എന്നത് ചില സംഭവങ്ങളിലൂടെ കടന്ന് പോയാൽ നമുക്ക് വ്യക്തമായി മനസ്സിലാക്കാം.

തിരുവനന്തപുരത്ത് കരമനയിൽ പൊട്ടിപ്പുറപ്പെട്ട ഹിന്ദു മുസ്ലീം വർഗ്ഗീയലഹളയിൽ സമാധാനവാഹകനായി ആ പ്രശ്നങ്ങൾക്ക് സമാധാനം കണ്ടെത്താൻ കഴിഞ്ഞത് പിതാവിന്റെ സാമൂഹിക ദർശനത്തിൽനിന്നുളവായ ഒരു വസ്തുതയാണ്. കൂടാതെ നില്ക്കൽ പള്ളി പണിയുന്ന കാര്യത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ പ്രശ്നങ്ങൾ നടക്കുമ്പോൾ അതിന് പരിഹാരമായി കടന്നുചെല്ലുകയും ക്രിസ്ത്യാനികൾ കുരിശ് പണിയേണ്ടത് അവരുടെ ഹൃദയങ്ങളിലാണ് എന്ന് പറഞ്ഞുകൊണ്ട് സഭാദ്ധ്യക്ഷന്മാരെക്കൂട്ടി സഭയുടെ ഭാഗത്തുള്ള എല്ലാ എതിർപ്പുകൾക്കും അറുതി വരുത്തുകയും ചെയ്തത് പിതാവിന്റെ സർവ്വമതസമഭാവനയുടെ മറ്റൊരു മുഖമായ് നമുക്ക് കാണാം. തിരുവനന്തപുരത്ത് തങ്ങളുടെ ഉത്സവത്തിന്റെ ഘോഷയാത്ര നടത്താൻ സ്ഥലമില്ലാതിരുന്ന വേളയിൽ തന്റെ അധീനതയിലുള്ള പള്ളിയുടെ നാലഞ്ച് അടി വീതിയിൽ സ്ഥലം നൽകി അവിടുത്തെ ഉത്സവം നാട്ടിൽ പ്രശസ്തമാക്കുവാൻ തിരുമേനി കാണിച്ച ഉത്സാഹം അദ്ദേഹത്തെ ക്ഷേത്രങ്ങളിൽ മാത്രമല്ല ഹൈന്ദവത്തറവാടുകളിലും മുൻഗണനാപരമായൊരു സ്ഥാനം നൽകുന്നതിനിടയാക്കി.

ക്രിസ്ത്യാനികളുടെ ഇടയിൽ അദ്ദേഹം ഒരു ശ്രേഷ്ഠാചാര്യനായിരുന്നുവെങ്കിൽ ഹൈന്ദവരുടെ ഇടയിൽ പിതാവ് ഒരു മഹർഷിയായിരുന്നു. അതുപോലെ മുസ്ലീം സഹോദരങ്ങളുടെ ഇടയിൽ അദ്ദേഹം ഒരു ഫക്കീറുമായിരുന്നു എന്നത് കാലം തെളിയിച്ച സത്യമാണ്.

## പാവങ്ങളുടെ സമുദ്ധാരകൻ

1953–ലെ തന്റെ മെത്രാഭിഷേക പ്രഭാഷണത്തിൽ അഭി. പിതാവ് സൂചിപ്പിച്ചിരുന്നത് പോലെ, "ഞാനൊരു പാവപ്പെട്ടവനായിരുന്നു; പട്ടിണിയുടെ ഭീകരത നേരിട്ടറിഞ്ഞവനാണ്. അതിനാൽ എന്റെ ശിഷ്ടായുസ്സെല്ലാം ദരിദ്രരുടെ ക്ഷേമത്തിനായി ഞാൻ സമർപ്പിക്കും." ഇത് അക്ഷാർത്ഥത്തിൽ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പിതാവ് പരിശ്രമിച്ചു. പാവപ്പെട്ടവരെയും, ദരിദ്രരെയും, സമൂഹത്തിൽ ആരോരുമില്ലാത്തവരെയും സംരക്ഷിക്കണം എന്ന്

ആ മഹർഷി ചിന്തിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ പ്രധാനമായും നാലു സാഹചര്യങ്ങളായിരുന്നു. സ്വഭവനത്തിലെ ലാളിത്യം, ബഥനിയിലെ ദാരിദ്ര്യരുചി, കാൻഡിയിലായരിക്കെ രണ്ടാം ലോകമഹായുദ്ധക്കാലത്തുണ്ടായ പട്ടിണി, സഭാസാരഥ്യം ഏറ്റെടുത്തപ്പോൾ അതിരൂപതയിൽ നിലനിന്നിരുന്ന ഇല്ലായ്മകൾ ഇവയായിരുന്നു ആ നാല് അവസ്ഥകൾ. മറ്റുള്ളവർക്ക് സേവനം ചെയ്യണമെങ്കിൽ നാം ധാരാളിത്തത്തിന്റെയും ഇല്ലായ്മയുടെയും മദ്ധ്യത്തിൽനിന്ന് ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ പഠിക്കണം എന്ന ചിന്തയായിരുന്നു തിരുമേനിക്ക്. ഒരു വ്യക്തിയുടെ പൂർണമായ വളർച്ചയ്ക്ക് സാമ്പത്തിക ഭദ്രത ഏറ്റവും അനിവാര്യമാണെന്നും അത് തൊഴിലിൽക്കൂടി മാത്രമെ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. കാർഷിക മേഖലയിൽ ചെറുകിട രംഗത്ത് അധികം മുതൽമുടക്കില്ലാതെതന്നെ തുടങ്ങുവാൻ കഴിയുന്ന ഒട്ടേറെ വ്യവസായ പദ്ധതികൾ സ്വയം നടപ്പിലാക്കി. ഇന്ന് ഭാരതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കയറ്റുമതി ഉത്പന്നമാണ് വസ്ത്രങ്ങൾ. അതിനാൽ ഈ രംഗത്തിന്റെ പ്രാധാന്യം മനസിലാക്കി പിതാവ് ഒരു ഗാർമെന്റ് ഫാക്ടറി നാലാഞ്ചിറയിൽ സ്ഥാപിച്ചു. അതിന് വിവിധ സ്ഥലങ്ങളിലായി പല യൂണിറ്റുകൾ സ്ഥാപിച്ചു. ഒട്ടേറെ പെൺകുട്ടികൾക്ക് അതുമൂലം ജോലി ലഭിച്ചു. അതുപോലെ 1988-ൽ പിതാവ് ആരംഭിച്ച ചാവറ ഭവൻ പാവങ്ങളുടെ സമുദ്ധാരണത്തിന് വേണ്ടി ആരംഭിച്ച മറ്റൊരു പദ്ധതിയാണ്. അതുപോലെ ആടുവളർത്തൽ, മുയൽവളർത്തൽ എന്നിവയ്ക്കുപുറമെ, വികലാംഗരും, അന്ധരും, കുഷ്ഠരോഗികളുമായവരെ സംരക്ഷിക്കുന്നതിനും അവർക്കാവശ്യമായ പരിചരണം നൽകുന്നതിനും ആ മനസ്സ് ഒട്ടും മടികാണിച്ചില്ല. ''ദരിദ്രർക്ക് സുവിശേഷവും അന്ധർക്ക് കാഴ്ചയും ബധിരർക്ക് കേൾവിയും മുടന്തർക്ക് സഞ്ചാരസൗഖ്യവും ബന്ധിതർക്ക് സ്വാതന്ത്ര്യവുമായി ഞാനിതാ വന്നിരിക്കുന്നു" എന്ന ക്രിസ്തുനാഥന്റെ വചനം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്ന ഒരു ശ്രേഷ്ഠാചാര്യനെയാണ് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ ദർശിക്കാനാവുന്നത്.

## എക്യുമെനിസത്തിന്റെ പ്രവാചകൻ

'ഒരിടയനും ഒരു തൊഴുത്തും' എന്ന യേശുനാഥന്റെ ആദർശത്തെ സ്വന്തം ചുമലിലേറ്റി തന്റെ ഗുരുവും മുൻഗാമിയുമായ മാർ ഈവാനിയോസ് തിരുമേനി തുടങ്ങിവെച്ച സഭൈക്യം എന്ന ആദർശത്തെ സ്വന്തം ചുമലിൽ വഹിച്ചുകൊണ്ട് 1984-ൽ തേവർമലയിൽ സ്ഥാപിതമായ സെന്റ് തോമസ് ദൈവാലയം 'സഭൈക്യ ദൈവാലയം' എന്ന തിരുമേനിയുടെ മഹത്തായ ആശയത്തിന്റെ പൂർത്തീകരണമായിരുന്നു. പിന്നീട് ഒൻപത് സഭാമേലദ്ധ്യക്ഷന്മാർ ചേർന്നുള്ള നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റും 1989-ൽ കേരളത്തിലെ വ്യത്യസ്ത സഭാപ്രതിനിധികളെ കൂട്ടി റോമിലേക്കുള്ള തീർത്ഥാടനവും പിതാവിന്റെ എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ ഫലമായാണുണ്ടായത്. വിശ്വാസങ്ങളിലുള്ള നിസാര വ്യത്യാസങ്ങളുടെ പേരിൽ പുറംതിരിഞ്ഞു നില്ക്കുന്ന വിവിധ സഭാപിതാക്കന്മാരെ മുഖത്തോടുമുഖം ചേർത്തുനിർത്തുവാൻ ഗ്രിഗോറിയോസ് തിരുമേനിക്ക് സാധിച്ചു. യാക്കോബായ സഭയുടെ പ്രാദേശിക തലവനായ ശ്രേഷ്ഠ കാതോലിക്കായുടെ അരമനയിൽ മൂന്നുദിവസം താമസിച്ചതും അവിടുത്തെ വൈദികരെ ധ്യാനിപ്പിച്ചതും അദ്ദേഹത്തിന്റെ എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ മറ്റൊരു മുഖമായിരുന്നു. തിരുവനന്തപുരത്ത് എല്ലാ ക്രൈസ്തവരുടെയും പൊതുവേദിയായി യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ്, ദുഃഖവെള്ളിയാഴ്ചത്തെ സംയുക്ത കുരിശിന്റെ വഴി ഇതെല്ലാം സഭൈക്യത്തിനുവേണ്ടി ആ പ്രവാചകൻ നൽകിയ സംഭാവനകളാണ്. അതുപോലെ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ (തൊഴിയൂർ) അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയെ 1977-ൽ മലങ്കര കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചുകൊണ്ട് സഭൈക്യത്തിന്റെ പടവുകളെ ബലപ്പെടുത്തുവാൻ ആ താതൻ അതിയായി യത്നിച്ചിരുന്നു.

## മനുഷ്യബന്ധങ്ങളുടെ മൂല്യങ്ങൾ അറിഞ്ഞ ആദർശധീരൻ

"എല്ലാ മനുഷ്യരും എന്റെ സഹോദരീ-സഹോദരങ്ങളാണ്" എന്ന ഇന്ത്യൻ പ്രതിജ്ഞ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ യത്നിച്ച ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു അഭിവന്ദ്യ പിതാവ്. എല്ലാ മതങ്ങളിൽപ്പെട്ടവരെയും അദ്ദേഹം ആത്മാർത്ഥമായി സ്നേഹിച്ചു. ഇത്രമേൽ ഉന്നത സ്ഥാനിയായിരുന്നിട്ടും അധഃസ്ഥിതരിലേക്ക് ആത്മാർത്ഥതയോടെ അദ്ദേഹം താണിറങ്ങിച്ചെന്നിരുന്നു. ആവശ്യം എന്തായാലും ആശ്വാസം തേടി വന്നിട്ടുള്ളവരെ അദ്ദേഹം വെറുംകൈയോടെ പറഞ്ഞയച്ചിട്ടില്ല. മുൻകൂട്ടി അനുമതി തേടാതെതന്നെ ഏതൊരാൾക്കും ആ പിതൃഭവനത്തിലേക്ക് ഓടിയണയാമായിരുന്നു. അവിടെ മതത്തിന്റെയും ഭാഷയുടെയും നിറത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചു മാറ്റുവാൻ തിരുമേനി മറന്നില്ല. അതുപോലെ ഒരിക്കൽ പരിചയപ്പെട്ടവരെ എക്കാലവും ഓർമ്മിച്ചിരുന്ന തിരുമേനിയുടെ സൗഹൃദം അനുദിനം വളർന്നുകൊണ്ടിരുന്നു. മനുഷ്യബന്ധങ്ങൾക്ക് വിലകല്പിച്ചിരുന്ന തിരുമേനിക്ക് ഉന്നതസ്ഥാനീയർ മുതൽ താഴേക്കിടയിലുള്ള കൃഷിക്കാർവരെ സുഹൃത്തുക്കളായിരുന്നു.

ഇങ്ങനെ സമൂഹത്തിലെ ഓരോ മനുഷ്യരുടെയും ആവശ്യങ്ങളിലേക്കും പ്രശ്നങ്ങളിലേക്കും ഇറങ്ങിച്ചെന്ന് അവന്റെ ജീവിതത്തിന്റെ ഭാഗമായി മാറുവാൻ തിരുമേനിക്കല്ലാതെ മറ്റാർക്കും സാധിക്കുകയില്ല എന്നത് തന്നെയാണ് അദ്ദേഹത്തെ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാക്കുന്നത്. ഇത് തന്നെയാണ് അദ്ദേഹത്തിന്റെ സാമൂഹിക ദർശനങ്ങളും.

## മാർ ഗ്രിഗോറിയോസിന്റെ ദൈവശാസ്ത്രവീക്ഷണം

"ദൃശ്യതേ അനേന ഇതിദർശനം" എന്നാണ് ഭാരതീയ തത്വചിന്ത ദർശനത്തെ നിർവചിക്കുന്നത്.

ദർശനം എപ്പോഴും ഒരു മനുഷ്യന്റെ ആന്തരികതയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. പരമമായ യാഥാർത്ഥ്യം (ദൈവം) നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ വിഷയമല്ലല്ലോ. നമ്മുടെ പ്രയത്നഫലമായി ആ സത്യത്തെ പൂർണ്ണമായി ഗ്രഹിക്കുവാൻ നമുക്ക് കഴിയുകയില്ല. അപ്പോൾ പിന്നെ എന്താണ് സാധ്യമായിട്ടുള്ളത്? ദൈവത്തോട് അടുത്ത് നിൽക്കുന്ന, ദൈവദർശനത്തിന് സഹായമാകുന്ന ചില നിലപാടുകൾ നമുക്ക് സാധ്യമാണ്. ഗ്രിഗോറിയോസ് പിതാവിന്റെ ജീവിതത്തിലെ ഇത്തരം ചില നിലപാടുകളിലേക്ക്, ചില ദൈവശാസ്ത്ര ദർശനങ്ങളിലേക്ക്, ഒരെത്തിനോട്ടമാണ് ഈ ഭാഗം.

## സ്നേഹം തന്നെയായ ദൈവം

പത്മോസ് ദ്വീപിന്റെ ഏകാന്തതയിൽനിന്ന് യുവാക്കളുടെ പഠനക്കളരിയിലേക്ക് കടന്നുവരുമ്പോൾ, 'ഞങ്ങളുടെ യേശുവിനെപ്പറ്റി സംസാരിക്കൂ' എന്ന് നിർബന്ധിക്കുന്ന ജനക്കൂട്ടത്തോട് യോഹന്നാൻ പിതൃവാത്സല്യത്തോടെ ഇങ്ങനെ പറയാറുണ്ടായിരുന്നു, 'കുഞ്ഞുങ്ങളേ ദൈവം സ്നേഹമാണ്.' തികച്ചും ഭാരതീയമെന്ന് വിശേഷിപ്പിക്കാവുന്ന ചില സങ്കല്പങ്ങളിൽ പോലും സ്നേഹവുമായ് ബന്ധപ്പെടുത്തി അല്ലാതെ ദൈവത്തേപ്പറ്റി ചിന്തിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. മഹാനുഭാവനായ മാർ ഗ്രിഗോറിയോസ് പിതാവിനും ദൈവത്തെപ്പറ്റി സംസാരിക്കുമ്പോൾ പറയാനുണ്ടായിരുന്നത് മറ്റൊന്നായിരുന്നില്ല, ദൈവം സ്നേഹമാണ്. അതു പക്ഷേ ചില താത്വിക അവലോകനങ്ങളുടെ പശിമയിൽ നിന്ന് ഊർന്ന് വീഴുന്ന നവീനവും പ്രോജ്ജ്വലവുമായ ആശയങ്ങളുടെ ചുവട് പിടിച്ച് നടത്തിയ ഒരു വാഗ് വിലാസമായിരുന്നില്ല. നേരേമറിച്ച് ജീവിതത്തിലെ നഗ്നമായ ചില സാഹചര്യങ്ങളിലും, പച്ചയായ യാഥാർത്ഥ്യങ്ങളിലും പിതാവ് അനുഭവിച്ച ദൈവത്തെപ്പറ്റിയുള്ള വിവരണമായിരുന്നു. ഈ ദർശനം പിതാവിന്റെ ജീവിതത്തിൽ ഉടനീളം തന്റെ നിലപാടുകളേയും തീരുമാനങ്ങളേയും സ്വാധീനിച്ചിരുന്നു എന്ന് വേണം പറയാൻ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ നിരന്തരം വിഭജിക്കപ്പെടുന്ന ഒരു പുരോഹിതജന്മത്തിൽ ദൈവത്തെ പ്രതി മനുഷ്യരുടെ കൂടെ നിൽക്കാൻ ആ സാത്വികന് കഴിഞ്ഞത് അനിവാര്യമായ ചില തിരഞ്ഞെടുപ്പുകളിൽ സ്നേഹം മാനദണ്ഡമാക്കിയതുകൊണ്ടാണ്. ദീർഘദൂര യാത്രകൾക്കൊടുവിലും തിരക്കിട്ട സമയക്രമീകരണങ്ങൾക്ക് മദ്ധ്യേയും ജീവിച്ചിരുന്നപ്പോൾ പോലും രാത്രിയുടെ ചില ഏകാന്ത യാമങ്ങളിൽ നിശ്ശബ്ദതയെ മാത്രം കൂട്ട് പിടിച്ച് ദൈവവുമായി ദൈവാലയത്തിനുള്ളിൽ അതിദീർഘ സംഭാഷണം നടത്തുന്ന പിതാവിന്റെ ചിത്രം ഇന്നും ആരുടെയും മനസ്സിൽ അസൂയ ഉളവാക്കുന്നതാണ്. ഇതെല്ലാം ചെയ്യുവാനും ജീവിതചര്യകളാക്കുവാനും പിതാവിനെ പ്രേരിപ്പിച്ചത്. താൻ അനുഭവിച്ച ദൈവസ്നേഹം തന്നെയാണ് എന്നതിൽ സംശയമില്ല.

## കൂടെ വസിക്കുന്ന ദൈവം

ഏശയ്യാ പ്രവാചകന്റെ പുസ്തകം 7-ാം അദ്ധ്യായം 16-ാം വാക്യത്തിൽ ജനത്തിന്റെ 'കൂടെ വസിക്കുന്ന ദൈവത്തെപ്പറ്റി' ആഹാസ് രാജാവിനോട് പ്രവചിക്കുന്നുണ്ട്. 'എമ്മാനുവേൽ' എന്ന ഹെബ്രായ പദത്തിനർത്ഥം 'ദൈവം നമ്മോടുകൂടെ' എന്നത്രെ. ആദിമസഭയിൽ നിലവിലിരുന്ന ഒരു ക്രിസ്തുസ്തവം വി. പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കുള്ള തന്റെ ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. (ഫിലി 2:7). ഈ ഒരു ദൈവത്തെ, നമ്മെ പ്രതി നമ്മുടെ അയോഗ്യതകൾ പരിഗണിക്കാതെ മനുഷ്യനായി തീർന്ന പുത്രൻതമ്പുരാനെ അറിഞ്ഞ അഭിവന്ദ്യ പിതാവിന്റെ, പ്രഭാഷണങ്ങളിൽ വാക്കുകൾക്ക് തിരുചോരയുടെ ഗന്ധമുണ്ടായതങ്ങനെയാണ്. ക്രിസ്തീയ ജീവിതത്തിന്റെ, ഊർജ്ജസ്രോതസ്സ് വി. കുർബ്ബാനയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. ഓരോ ദിവസവും ആരംഭിക്കേണ്ടതും കടന്ന് പോകേണ്ടതും വി. കുർബ്ബാനയിലൂടെയാണെന്ന് പിതാവ് വിശ്വസിച്ചിരുന്നു. ക്രിസ്തീയ ജീവൻ അതിന്റെ ആരംഭം മുതൽ അവസാനം വരെ പരി. കുർബ്ബാനയോട് അഭേദ്യമായി കെട്ടുപിണഞ്ഞു കിടക്കുന്നതാണ് എന്ന് അദ്ദേഹം ആവർത്തിച്ച് ഓർമ്മിപ്പിക്കാറുണ്ടായിരുന്നു. മലങ്കര ആരാധനക്രമവുമായി ബന്ധപ്പെടുത്തി തന്റെ ജീവിതം ക്രമീകരിച്ച പുണ്യശ്ലോകനായ ഈ പിതാവ് യാമ നമസ്കാരങ്ങൾ നടത്തുന്നതിലും കൂദാശകളും കൂദാശാനുകരണങ്ങളും നിർവ്വഹിക്കുന്നതിനും പുലർത്തിയ ഭക്തിതീക്ഷ്ണത ഏവരെയും വിസ്മയിപ്പിക്കുന്നതാണ്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഒന്നുമില്ലായ്മയിൽനിന്ന് ചില പുതിയ പ്രസ്ഥാനങ്ങൾ പടുത്തുയർത്തുന്നതിനും പിതാവിന് ബലം നൽകിയത് 'എന്റെ ദൈവം എന്റെ കൂടെയുണ്ട്' എന്ന ചിന്ത അല്ലാതെ മറ്റൊന്നുമല്ല.

## പ്രകൃതിയുടെ കാര്യസ്ഥൻ

"പ്രകൃതി സ്നേഹത്തിലൂടെ മാനവസ്നേഹത്തിലേക്ക്" എന്ന മുദ്രാവാക്യമായിരുന്നു പിതാവിന്റേത്. പ്രകൃതി ദൈവം മനുഷ്യന് നൽകിയ വരദാനമാണെന്നും അതിനെ പരിപോഷിപ്പിക്കുക എന്നത് മനുഷ്യന്റെ കടമയാണെന്നും വിശ്വസിച്ചിരുന്ന പിതാവ് അനേകം പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ "അങ്ങേയ്ക്ക് സ്തുതി'' എന്ന ചാക്രിക ലേഖനത്തിന്റെ ഉൾപ്പൊരുൾ അനേകവർഷങ്ങൾക്ക് മുമ്പ് തന്നെ തന്റെ ജീവിതത്തിലൂടെ സമൂഹത്തിന് നൽകുവാൻ പ്രത്യേകം ശ്രദ്ധിച്ച ദൈവശാസ്ത്രജ്ഞനായിരുന്നു ഗ്രിഗോറിയോസ് പിതാവ്. നാം അനുഭവിക്കുന്ന തണലും പ്രകൃതിസൗന്ദര്യവും നമ്മുടെ പൂർവ്വികർ നമുക്കായി നൽകിയതാണെന്നും അതിനാൽ നമ്മുടെ വരും തലമുറയ്ക്ക് അവ ഏറ്റവും ഭംഗിയായി കൈമാറണമെന്നും ഏറെ താല്പര്യവും ആഗ്രഹവും ഉണ്ടായിരുന്ന തിരുമേനി മാഞ്ചിയം, അമരാന്ത എന്നിവയുടെ വിത്തുകൾ അമേരിക്കയിലുള്ള നാഷണൽ അക്കാഡമി ഓഫ് സയൻസ് എന്ന സ്ഥാപനത്തിൽനിന്ന് കൊണ്ടുവന്ന് എല്ലാവർക്കുമായി നൽകി. അതുപോലെ അഭിവന്ദ്യ പിതാവിന്റെ

കൃഷിത്തോട്ടങ്ങൾ ആളുകൾക്ക് തനിയെ അദ്ധ്വാനിച്ച് തനിക്ക് ആവശ്യമായ വിഭവങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രോത്സാഹനം കൂടി ആയിരുന്നു. ഉല്പത്തി പുസ്തകത്തിൽ സർവ്വവും സൃഷ്ടിച്ച് മനുഷ്യനെ ഭരമേൽപ്പിച്ചത്. ഈ ദൈവശാസ്ത്ര വീക്ഷണത്തിൽ നിന്നാവാം അഭിവന്ദ്യ പിതാവും തന്നിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ഈ പ്രകൃതിയെ പരിപാലിക്കുന്നതിനും വളർത്തുന്നതിനും ഏറെ പരിശ്രമിച്ചത്.

ദൈവത്തിന് ഏതൊക്കെ രീതിയിൽ മനുഷ്യജീവിതത്തിൽ ഇടപെടാൻ കഴിയുമോ ആ തരത്തിൽ എല്ലാം ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന നിലയിൽ താനും ഇടപെടണം എന്ന ബോധ്യം അഭിവന്ദ്യ പിതാവിന്റെ ജീവിതത്തിൽ ഒരു മുഖമുദ്രയായി നിഴലിച്ചിരുന്നു. അത് തന്നെയാണ് പിതാവിന്റെ ദൈവശാസ്ത്ര ദർശനം ഇത്ര മാത്രം വളർച്ചയ്ക്ക് വരുവാൻ ഇടയാക്കിയത്.

**ഉപസംഹാരം**

ഒരു ക്രൈസ്തവൻ, ഒരു മനുഷ്യവ്യക്തി, സന്യാസി, വിശുദ്ധൻ, മെത്രാപ്പോലീത്താ, ശാസ്ത്രജ്ഞൻ, ധനതത്വശാസ്ത്രജ്ഞൻ, കർഷകാഗ്രണി. സാമൂഹ്യസേവകൻ, രാജ്യസ്നേഹി, വിശ്വമാനവൻ, താപസൻ, തത്വജ്ഞാനി, ചിന്തകൻ, സർവ്വമതസ്നേഹി, മനുഷ്യസ്നേഹി, വിദ്യാഭ്യാസ വിചക്ഷണൻ, പ്രകൃതിസ്നേഹി, ദാരിദ്രോച്ചാടകൻ, രാഷ്ട്രതന്ത്രജ്ഞൻ, വാഗ്മി തുടങ്ങി ഒരു മനുഷ്യവ്യക്തിക്ക് ആരെല്ലാമോ, എന്തെല്ലാമോ ആയിത്തീരാമോ അതിന്റെയെല്ലാം ഒരു മനോഹരരൂപമായിരുന്നു അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി. ആ ജീവിതത്തെയും ജീവിത ദർശനങ്ങളേയും അടുത്തറിയാനുള്ള ശ്രമമായിരുന്നു നമ്മൾ നടത്തിയത്. ആ ജീവിതത്തെ വിവരിക്കുവാൻ വാക്കുകളും ഭാഷയും തീർത്തും അപൂർണ്ണമാണ്, അപര്യാപ്തമാണ്. പിതാവിന്റെ ജീവിതത്തെപ്പറ്റി കൂടുതൽ ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയും ആ ജീവിതത്തിന് മുന്നിൽ അതിശയിച്ച് നിൽക്കും എന്നതിൽ സംശയമില്ല. പിതാവിന്റെ ജന്മശതാബ്ദിയുടെ ഈ വർഷത്തിൽ ആ പുണ്യജീവിതത്തെ കൂടുതലായി അടുത്തറിയാനും ആ ജീവിതദർശനങ്ങൾ കുറെ എങ്കിലും സ്വായത്തമാക്കാനും നാം പരിശ്രമിക്കേണ്ടതാണ്. സഹോദരങ്ങളെ ദൈവസൃഷ്ടി എന്ന നിലയിൽ കാണുവാനും അവരുടെ മഹത്വം മനസ്സിലാക്കി അവരെ ശുശ്രൂഷിക്കുവാനും നമുക്ക് കടമയുണ്ടെന്ന് പിതാവിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. പിതാവ് നൽകുന്ന ഈ വെല്ലുവിളി നമ്മുടെ ജീവിതത്തിൽ നമുക്ക് ഏറ്റെടുക്കാം. തന്റെ ജീവിതത്തിലൂടെ പിതാവ് നൽകിയ ആ മാതൃക നമുക്ക് ഉൾക്കൊള്ളാം. പിതാവിന്റെ മക്കൾ എന്ന നിലയിൽ ആ പുണ്യജീവിതത്തെ അടുത്തറിയാൻ ശ്രമിക്കുന്നവർ എന്ന നിലയിൽ ഈ ജന്മശതാബ്ദി വർഷം പിതാവിന് നമുക്ക് നൽകാവുന്ന സമ്മാനം അതു തന്നെയായിരിക്കും. ആ നിയോഗം ഉൾക്കൊണ്ടു കൊണ്ട് അകലെയായെങ്കിലും ഈ പുണ്യചരിതനെ അനുഗമിക്കാൻ നമുക്ക് പരിശ്രമിക്കാം. ●

# ഇതാ,
# നിന്റെ ജീവിതം പൂർണ്ണമാക്കുക

**സ്വരാജ് പോൾ**

നീ വിസ്മരിക്കപ്പെടുമ്പോഴും
അഗണ്യമായി കരുതപ്പെടുമ്പോഴും
അപമാനവും അവഗണനയും
സന്തോഷത്തോടെ സഹിച്ചാൽ
**അതുതന്നെ വിജയം**

നിന്നിലുള്ള നന്മ തിന്മയായ് ചിത്രീകരിക്കുമ്പോഴും
നിന്റെ താത്പര്യം ഭഞ്ജിക്കപ്പെടുമ്പോഴും
നിന്റെ അഭിപ്രായങ്ങൾ അവഹേളിക്കപ്പെടുമ്പോഴും
അവയെ നീ അഭിനന്ദനത്തോടെ സഹിച്ചാൽ
**അതുതന്നെ വിജയം**

ഏതു ഭക്ഷണത്തിലും ഏതു വസ്ത്രത്തിലും
ഏതു കാലാവസ്ഥയിലും ഏതു പ്രതിസന്ധിയിലും
അതു ദൈവഹിതമെന്നു കരുതി
സംതൃപ്തനായിരുന്നാൽ വിജയം അത്രേ
ഏതു അനർത്ഥവും ഏതു കഷ്ടവും
ഏതു നഷ്ടവും ഏതു നിന്ദയും ഏതു ക്ലേശവും നീ സഹിച്ചാൽ
**അതുതന്നെ വിജയം**

നിന്റെ യോഗ്യതയോ പ്രശംസാഭിലാഷങ്ങളോ മാനിക്കപ്പെടാതെ
നീ അപരിചിതനായി ഗണിക്കപ്പെടാൻ മനസ്സായാൽ
**അതുതന്നെ വിജയം**
**സകലത്തെയും ജയിച്ച യേശുക്രിസ്തുവിൽ**
**നിന്റെ ജീവിതം മുഴുവൻ സമർപ്പിക്കപ്പെട്ടു എങ്കിൽ**
**അതത്രേ പൂർണ്ണ വിജയം**



# സൗഹൃദം

**“സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്ല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ” (ഏബ്രഹാം ലിങ്കൻ)**

സൗഹൃദത്തെക്കുറിച്ച് മനസ്സിൽ തങ്ങിനിൽക്കുന്ന ആദ്യചിന്ത എൽ.പി. സ്കൂളിൽ പഠിച്ച മല്ലന്റെയും മാദേവന്റെയും കഥയിലേതാണ്. ആത്മാർത്ഥ സുഹൃത്തുക്കൾ എന്ന് കരുതിയിരുന്ന മല്ലനും മാദേവനും. മല്ലന് കാട്ടുവഴിയിലൂടെ ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യം വന്നപ്പോൾ ധൈര്യശാലിയായ മാദേവനെ കൂട്ടുപിടിച്ചു. കുശലസംഭാഷണം നടത്തി ഗമിക്കവെ, അതാ വരുന്നു ഒരു കരടി. മരം കയറ്റമറിയാമായിരുന്ന മാദേവൻ അടുത്തുനിന്നിരുന്ന മരത്തിന്റെ ഉച്ചിയിൽ അഭയംതേടി. മരണത്തെ മുഖാമുഖം കണ്ടുനിന്ന മല്ലന്റെ മനസ്സിലേക്ക് പണ്ടെന്നോ അമ്മപറഞ്ഞുകൊടുത്ത കാര്യം ഒരു പ്രകാശരശ്മിപോലെ കടന്നുവന്നു. കരടി ഒരിക്കലും മൃതശരീരം ഭക്ഷിക്കാറില്ലത്രെ. സർവ്വ ദൈവങ്ങളുടെയും സഹായം യാചിച്ച് ശ്വാസമടക്കി, കണ്ണുകളടച്ച്, ചലനമറ്റവനെപ്പോലെ മല്ലൻ കിടന്നു. ഇരയുടെ സമീപമെത്തി മണത്തുനോക്കിയ കരടി മൃതശരീരമെന്നു കരുതി തിരികെ മടങ്ങി. ഇതു കണ്ട മാദേവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് മല്ലനോട് തിരക്കി. മല്ലാ, ആ കരടി നിന്റെ ചെവിയിൽ മന്ത്രിച്ചതെന്താണ്. മല്ലൻ ഇപ്രകാരം മറുപടി കൊടുത്തു; “ആപത്തിൽ സഹായിക്കാത്തവൻ ആത്മാർത്ഥ സുഹൃത്തല്ല.”

ജിവിതനാൾവഴിപുസ്തകത്തിന്റെ ഏടുകൾ മറിച്ചുനോക്കുമ്പോൾ ഓരോ സൗഹൃദങ്ങളുടെയും ഹരിശ്രീകുറിച്ചതെവിടെയെന്നോ, വാക്കു



**ഫാ. ജോൺ പടിപ്പുരയ്ക്കൽ**

കളിലേയ്ക്കും, വാചകങ്ങളിലേയ്ക്കും അവ വഴിമാറിയതെപ്പോഴെന്നോ ഓർമ്മിച്ചെടുക്കുക പ്രയാസമാണ്. എനിക്കുമാത്രമല്ല, എല്ലാവരുടെയും അവസ്ഥ ഇതുതന്നെയായിരിക്കും. കാരണം മറ്റൊന്നുമല്ല, നിനച്ചിരിക്കാത്ത നേരത്താണ് ഓരോ സൗഹൃദങ്ങളും നാമ്പെടുക്കുന്നത്. തഴച്ചുവളരുന്നത്, പൂത്തുലഞ്ഞ് സുരഭിലമായി നിൽക്കുന്നത്. പിൻവഴിയിലേക്കൊന്നു നോക്കൂ. ഒന്നു ധ്യാനനിമഗ്നനാകാൻ ശ്രമിക്കൂ. സൗഹൃദങ്ങളുടെ ഒരു വലിയ പിൻബലമുണ്ട് ഇന്നിന്റെ നിനക്കെന്ന് കണ്ടുപിടുത്തം നടത്തി സന്തോഷിക്കുവാൻ കഴിയും.

ജീവിതത്തിലെ തോൽവികളിൽ വിഷമിച്ചിരിക്കരുത്, അതിനു പിന്നിൽ വിജയമന്ത്രം കുറിച്ചിട്ടിട്ടുണ്ടെന്ന് പഠിച്ചത് സൗഹൃദപാഠശാലയിൽനിന്നുമാണ്. അവഹേളനയുടെയും അപമാനത്തിന്റെയും വിശാലവഴിയിലൂടെയുള്ള യാത്രയിൽ ആശ്വാസവാക്കുകളെക്കാൾ മുൻപോട്ടു നയിച്ചത് ഒരു വാക്കുപോലും ഉരിയാടാതെ, തോളിൽ കരങ്ങൾ കോർത്തിട്ട് കൂടെനടന്ന സുഹൃത്തുക്കളാണ്. എന്താ ശരിയല്ലേ? ഭയത്തിന്റെയും അസ്വസ്ഥതയുടെയും ഇരുണ്ട വഴിയിലൂടെ നടന്നകലാനാവാതെ ഉഴറിയപ്പോൾ നിന്റെ ഉള്ളിൽനിന്നും നീപോലുമറിയാതെ അവയൊക്കെ ഒപ്പിയെടുത്ത്, നിനക്കു ചുറ്റും പ്രകാശം പരത്തുവാൻ കഴിഞ്ഞത് നിന്റെ സുഹൃത്തിനല്ലേ? ഇന്നിന്റെ സന്തോഷത്തിലേക്ക് നിന്നെ കൈപിടിച്ചു നടത്തിയതിൽ മുന്തിയപങ്ക് ജീവിതത്തിൽ പലപ്പോഴായി കണ്ടുമുട്ടിയ സുഹൃത്തുക്കൾക്കാണ്. നിന്റെ ശ്വാസോച്ഛ്വാസത്തിലെ നേരിയ വ്യത്യാസംപോലും തിരിച്ചറിയാൻ കഴിയും നിന്റെ ആത്മാർത്ഥസുഹൃത്തിന്. സുഹൃത്‌വലയത്തോടൊപ്പം വീക്ഷിച്ച അസ്തമയസൂര്യന്റെ അഴക് വേറൊന്നായിരുന്നില്ലെ? പലവട്ടം പരതിനടന്നിട്ടുള്ള കടൽതീരങ്ങളിൽ കൂട്ടുക്കാരുമൊത്ത് ഒരിക്കൽക്കൂടി ചെല്ലുവാൻ, അലതല്ലി വരുന്ന തിരയ്ക്കു മുൻപേ പിറകോട്ടോടുവാൻ കടലമ്മ കള്ളി എന്ന് മണൽത്തിട്ടയിൽ എഴുതിവയ്ക്കുവാൻ... ഒക്കെ ആഗ്രഹിക്കാത്തവർ ആരെങ്കിലുമുണ്ടാകുമോ?

സൗഹൃദത്തിനു മുൻപിൽ വലിപ്പമോ ചെറുപ്പമോ ഇല്ല. പണ്ഡിതനെന്നോ പാമരനെന്നോ ഇല്ല. ജീവിതത്തിന്റെ ഔന്നത്വത്തിൽ നിൽക്കുമ്പോഴും പതിറ്റാണ്ടുകൾക്കപ്പുറം കണ്ടുമറന്ന സുഹൃത്തിനെയോർത്ത് വിതുമ്പുന്ന മമ്മൂട്ടി കഥാപാത്രത്തെ 'കഥ പറയുമ്പോൾ' എന്ന സിനിമയിൽ കണ്ടുമുട്ടുന്ന "ബാലന് എന്നെ തിരിച്ചറിയുവാൻ യാതൊരു പ്രയാസവുമില്ലല്ലോ" എന്ന് തനിക്കുചുറ്റും കൂടിനിൽക്കുന്ന പുരുഷാരത്തോട് ചോദിച്ച് വിങ്ങിപ്പൊട്ടിക്കരയുന്ന അഷോക് രാജ് എന്ന കഥാപാത്രം, കൈവിട്ടുപോയ സൗഹൃദം ജീവിതത്തിൽ വരുത്തിവയ്ക്കുന്ന ശൂന്യതയുടെ ആഴം തുറന്നു കാണിക്കുന്നു. നല്ല സുഹൃദ്ബന്ധത്തിന്റെ ഉദാത്ത ഉദാഹരണമായി കുചേലന്റെയും ശ്രീകൃഷ്ണന്റെയും കഥ പറഞ്ഞുതന്നത് അകാലത്തിൽ മരണമടഞ്ഞുപോയ റോസ്‌ലി ടീച്ചറാണ്. ദരിദ്രനായ കുചേലന് സുഹൃത്തിന്റെ മുൻപിൽ തന്റെ ദാരിദ്ര്യത്തിന്റെ കഥ അവതരിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയും, സുഹൃത്ത് ആവശ്യപ്പെടാതെ തന്നെ അവനെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്ന സുഹൃത്തായി ശ്രീകൃഷ്ണനെയും ടീച്ചർ വരച്ചുകാട്ടിയത് ഓർമ്മയുടെ അകത്തളങ്ങളിൽനിന്നും ചികഞ്ഞെടുക്കുവാൻ കഴിയുന്നുണ്ട്. സൗഹൃദബന്ധത്തിന്റെ പേരുപറഞ്ഞ് തന്റെ ആവശ്യം സാധിച്ചെടുക്കുവാൻ കഴിയാതെ ത്രിശങ്കുവിൽനിൽക്കുന്ന കുചേലൻ സൗഹൃദബന്ധത്തിന്റെ പരിശുദ്ധിയാണ് കാണിച്ചുതരിക.



സൗഹൃദത്തിന്റെ മുഖത്തിന് പല വർണ്ണങ്ങളില്ല. ഒരു വർണ്ണമേയുള്ളൂ. സ്നേഹമെന്ന മൂലക്കല്ലിന്മേൽ പണിതുയർത്തതാണത്. പൗലോ കൊയ്‌ലൊയുടെ കഥാപാത്രമായ ഏലിയുടെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്തപോലെ: "ആകാശത്തുനിന്ന് നക്ഷത്രങ്ങൾ തിളങ്ങുന്നതിന്റെയും ഭൂമിയിൽ മനുഷ്യൻ ജീവിക്കുന്നതിന്റെയും പുറകിലുള്ള രഹസ്യം ഒന്നു തന്നെയാണ് – സ്നേഹം." അതേ സ്നേഹമെന്ന പുണ്യവികാരത്തിന്റെ ചട്ടക്കൂടിൽ രൂപീകൃതമായതുകൊണ്ടാണ് ചിന്തകളുടെ ഭാരമില്ലാതെ, ആകുലതകളുടെ മാറാപ്പുകളില്ലാതെ സ്വയം മറന്ന് സൗഹൃദത്തണലിൽ വിശ്രമിക്കുവാൻ ഒരുവന് സാധിക്കുക. അതുകൊണ്ടുതന്നെയാണ് ഒരുവന്റെ ജീവിതത്തിലെ നഷ്ടബോധം മായ്ക്കുവാനും ജീവിതത്തിലെ ശൂന്യസ്ഥലങ്ങൾ നിറയ്ക്കുവാനും സൗഹൃദസമ്മേളനത്തിനു കഴിയുന്നത്. നൈരാശ്യത്തിന്റെ പടുകുഴിയിലകപ്പെടാതെ നിന്നെ സംരക്ഷിക്കുവാൻ നിന്റെ സുഹൃത്തിനു കഴിയുന്നതിന്റെ കാരണവുമിതുതന്നെയാണ്.

ഉത്തമസുഹൃത്ത് ഒത്തിരി നന്മകളുടെ കലവറയാ

ണ്. നിന്റെ വാചാലതയ്ക്കു മുൻപിൽ അവൻ വാച്ചിൽനോക്കി അസ്വസ്ഥത പ്രകടിപ്പിക്കില്ല. രാത്രിയുടെ മധ്യത്തിൽ നിന്റെ വേദനയുടെ നടുവിലിരിക്കുമ്പോൾ അക്ഷമനായി വായ്കോട്ടവിടുകയുമില്ല. നിന്റെ നിഴൽ ഒരു കല്ലേറുദൂരം അകലെ കാണുമ്പോളേ എതിർദിശയിലേക്കുള്ള വഴി അന്വേഷിച്ച് പോകുകയുമില്ല. നീരസവും അതൃപ്തിയും പ്രകടിപ്പിക്കുകയുമില്ലെന്നു മാത്രമല്ല, നിന്റെ അധരചലനത്തിനു മുൻപിൽ ആകാംക്ഷാഭരിതനായിരുന്ന് നിന്റെ വ്യസനങ്ങളും വേവലാതികളുമെല്ലാം ഒപ്പിയെടുക്കും. നിന്റെ കണ്ണിലൂടെ ലോകത്തെ വീക്ഷിക്കുവാൻ കഴിയുമെന്നതാണ് ഉത്തമസുഹൃത്തിന്റെ ഏറ്റവും വലിയ സവിശേഷത. അതുകൊണ്ടുതന്നെ കുറ്റപ്പെടുത്തലിന്റെയും പഴിചാരലിന്റെയും ഭണ്ഡാരം തുറന്ന് നിന്റെ കുറവുകളിൽ വിധികൽപ്പിക്കുന്ന വിധികർത്താവിന്റെ വേഷമണിയാതെ എന്നും എല്ലായ്പ്പോഴും കൂടെയുണ്ടെന്ന ഉറപ്പുതരുന്ന കൂട്ടുകാരനായിത്തീരുവാൻ അവന് കഴിയുന്നു.

സൗഹൃദവഴിയിൽ മനസ്സുകൊണ്ടു മാത്രം യാത്ര ചെയ്യുവാൻ കഴിയുകയില്ല. ശരീരവും മനസ്സും ഹൃദയവും ഒന്നിച്ചുണ്ടാകണം അവിടെ. എന്തുകൊണ്ടെന്നല്ലേ? മനുഷ്യസഹജമായ സംശയം അവിടെ സ്ഥാനംപിടിക്കുവാൻ പാടില്ല. ലാഭനഷ്ടക്കണക്കുകളുടെ അളവുകോലും സൗഹൃദ ശ്രീകോവിലിൽ കയറ്റുവാൻ പാടില്ല... ഒരുവനെ അവന്റെ അശ്രദ്ധയിൽനിന്നും അലസതയിൽനിന്നുപോലും കരകയറ്റുന്ന മുനമ്പാണത്. സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളും ഉരച്ചുനോക്കി മാറ്റുനോക്കുന്ന ഉരകല്ലുകൂടിയാണത്. സാറാ തോമസിന്റെ വാക്കുകൾ കടമെടുത്താൽ "മനസുകളുടെ ചേർച്ചയാണ് ഏറ്റവും ദൃഢമായ മനുഷ്യബന്ധം." ശരീരവും മനസ്സും ഹൃദയവും കൂടിചേർന്ന് രൂപപ്പെടുന്ന ബന്ധങ്ങളൊക്കെ ഉറച്ച അടിസ്ഥാനത്തിൻമേൽ പണിത ഭവനം പോലെയാണ്. ഏത് തരത്തിലുള്ള കിംവദന്തികൾ ആഞ്ഞടിച്ചാലും തകർന്നുപോകാതെ ഉറച്ചു നിൽക്കേണ്ടതാണ് സൗഹൃദപേടകം. കാലമല്ല സൗഹൃദത്തിന്റെ അളവുകോൽ; ബന്ധത്തിന്റെ ആഴമാണ് എന്ന തിരിച്ചറിവിലേക്ക് ഓരോരുത്തരും വളരേണ്ടിയിരിക്കുന്നു.

സർവ്വദാ തുറന്നിട്ടിരിക്കുന്ന ഒരു വാതിലുണ്ടാവണം നിന്റെ സൗഹൃദപേടകത്തിന്. അതിലൂടെ ഉദിച്ചുയരുന്ന സൗഹൃദ സന്തോഷത്തിന്റെ പ്രകാശം ചുറ്റുപാടും പ്രഭ വിതറണം. തുറവിയില്ലാതെ, സൗഹൃദചില്ലകളിൽ ചേക്കേറവാൻ കഴിയുമെന്ന് ചിന്തിക്കുന്നത് പകൽക്കിനാവു കാണുന്നതിന് തുല്യമാണ്. സ്വീകരിക്കുവാനും ഇടം നൽകുവാനുമുള്ള സന്നദ്ധത സാഹോദര്യജീവിതത്തിന്റെ പടിപ്പുരയാണ്. അതില്ലാതെ കാപട്യങ്ങളും കൃത്രിമ വർത്തമാനങ്ങളും പൊങ്ങച്ചവും കൊണ്ട് സൗഹൃദതട്ടകം അലങ്കരിക്കുവാൻ ശ്രമിക്കുമ്പോൾ ചുറ്റുപാടും കാർമേഘാവൃതമാകും. സൗഹൃദം വിരിയാത്ത ജീവിതം വർഷകാലത്തെ പ്രതീക്ഷിച്ച് വീണ്ടുകീറിക്കിടക്കുന്ന പാടശേഖരം പോലെയാണ്. ഒരു നിർജീവത്വം അവിടെയുണ്ട്. കണ്ടിട്ടില്ലെ അങ്ങനെയുള്ള പാടശേഖരങ്ങൾ– ഒരു കൊറ്റിപ്പക്ഷിപോലും അവിടെ വിരുന്നുവരാറില്ല.

എനിക്ക് എന്നെ കണ്ടെത്താനും വിലയിരുത്തുവാനുമുള്ള ദർപ്പണമാണവൻ. "ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട." ദൈവത്തിന്റെ സ്വന്തം നാട്ടിലെ ചൊല്ലാണിത്. മറ്റുള്ളവർ എന്നെ എങ്ങനെ കാണുന്നു, വിലയിരുത്തുന്നു എന്ന് ഒരു മൂന്നാമന്റെ കണ്ണുകളിലൂടെ നോക്കി നിനക്കു പറഞ്ഞുതരുവാൻ അവനു കഴിയും. അർത്ഥശൂന്യമായ വിഷയങ്ങളിലേക്കോ അർദ്ധസത്യങ്ങളിലേക്കോ വഴുതിവീഴുവാൻ നിന്നെ അനുവദിക്കാത്ത സുഹൃത്തിന്റെ മാഹാത്മ്യത്തെ വർണ്ണിക്കുവാൻ ഇതിൽപ്പരം നല്ലൊരു ചൊല്ലുണ്ടോ! നിനക്ക് ഒരു നല്ല സുഹൃത്തായി രൂപാന്തരപ്പെടണമെങ്കിൽ, സുകൃതങ്ങളുടെ വിളനിലമായി നിന്നെത്തന്നെ ഒരുക്കണം. കേട്ടിട്ടില്ലെ, ഇപ്രകാരം പറയുന്നത്? സ്നേഹം+ദുഃഖം+ സന്തോഷം+സത്യസന്ധത+വിശ്വാസം+ രഹസ്യം+ സഹായം=സൗഹൃദം.

സൗഹൃദത്തിന്റെ അടയാളമാണ് ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ മുറിപ്പാടുകളും. യോഹന്നാന്റെ സുവിശേഷത്തിൽ നസ്രായൻ ഒരു തിരുത്തൽ നടത്തുന്നുണ്ട്. സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും അർത്ഥവും വ്യപ്തിയും വരച്ചുകാണിച്ചുകൊണ്ട്. "ഇനി ഞാൻ നിങ്ങളെ ദാസൻമാരെന്നു വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതൻമാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു" (യോഹ 15–15). സൗഹൃദത്തിനിടയിലുള്ള സുതാര്യതയാണ് ക്രിസ്തു വെളിവാക്കുക. ഒരു തുറന്ന പുസ്തകം പോലെയായിരുന്നു അവർക്കിടയിൽ അവന്റെ ജീവിതം. എല്ലാക്കാര്യങ്ങളും മുൻക്കൂട്ടി അവൻ അവരെ അറിയിക്കുന്നുണ്ട്. യുദാസിന് 'നീ' എന്നെ ഒറ്റിക്കൊടുക്കുമെന്ന സൂചനയും, പത്രോസിന് നീ 'എന്നെ' തള്ളിപ്പറയുമെന്ന ഉറപ്പും 'അവൻ' നൽകുന്നുണ്ട്, ഒരു ചെറു പുഞ്ചിരിയോടുകൂടി. കുറ്റപ്പെടുത്തലോ പിറുപിറുക്കലോ കൂടാതെ സുഹൃത്തുക്കളെ രക്ഷിക്കുവാനുള്ള കുരിശുമരം ഒരുക്കുക മാത്രമാണ് ക്രിസ്തു ചെയ്തത്. ഒരുവന് സുഹൃത്തിന്റെ കുപ്പായമണിയണമെങ്കിൽ ഒരു മുന്നൊരുക്കമെന്ന നിലയിൽ രക്ഷകന്റെ ചെരുപ്പുകൂടി ധരിക്കണമെന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നില്ലേ?

ദോസ്ത് എന്ന സിനിമയിലെ രണ്ട് മൂന്ന് വാചകങ്ങൾ കടമെടുത്തുകൊണ്ട് അവസാനിപ്പിക്കാം. "നിങ്ങൾക്ക് അറിയില്ല ഒരു കൂട്ടുകാരന്റെ വില. ശ്രമിച്ചാൽ പത്തു കാമുകിമാരെ കിട്ടും, വേറൊരു ഭാര്യയെ കിട്ടും. പക്ഷെ നല്ലൊരു സുഹൃത്തിനെ ഒരിക്കലേ കിട്ടൂ. ഒരിക്കൽ മാത്രം. അച്ഛനോടും അമ്മയോടും കൂടപ്പിറപ്പിനോടും പറയാൻ പറ്റാത്തതൊക്കെ ഒരു സുഹൃത്തിനോടു പറയാം. എന്തും പറയാം."



# നഷ്ടങ്ങളുടെ ആത്മീയത

**ഐസക് ഈപ്പൻ**

ജീവിതത്തിലെ നഷ്ടങ്ങളുടെ നേരെ നോക്കി വിലപിക്കുന്നവരോടൊപ്പം നിൽക്കുന്ന ഒരാളാണ് മിശിഹാ. എന്തെന്നാൽ സ്വർഗ്ഗതുല്യമായ ജീവിതം ഉൾപ്പെടെ എല്ലാം ഒരു യുവാവായിരിക്കെ തന്നെ ഉപേക്ഷിക്കേണ്ടിവന്നതിന്റെ തീവ്ര വ്യഥകളിലൂടെ അവൻ കടന്നുപോയിട്ടുണ്ട്. അതുകൊണ്ട് സമൂഹത്തിൽ നിന്ന് മൂല്യവും ജീവിതത്തിൽ നിന്ന് സ്നേഹവും ദാമ്പത്യത്തിൽനിന്ന് പ്രണയവും ഒക്കെ നഷ്ടപ്പെടുമ്പോൾ അവന്റെ സാമീപ്യം തിരിച്ചറിയാനാവുന്നു. ഇത്തരം നഷ്ടങ്ങളെ തിരിച്ചുപിടിക്കുകയായിരുന്നു അവന്റെ ദൗത്യം.

എന്നിട്ടും സ്വന്തം ജീവിതം ഉൾപ്പെടെ ഒരു വ്യക്തിയെന്ന നിലയിൽ ഈ ഭൂമിയിൽ ലഭിക്കേണ്ട ഒരു അവകാശവും ലഭിക്കാതെ ഒരു ജന്മം മുഴുവൻ അവൻ നഷ്ടങ്ങളിലൂടെ സഞ്ചരിച്ചു. നഷ്ടങ്ങളൊക്കെ പരാജയമാണെന്നു വീക്ഷിക്കുന്ന ഒരു ലോകക്രമത്തിനുള്ളിൽ നിന്നുകൊണ്ട് അവൻ പറഞ്ഞു, ചിലത് നഷ്ടപ്പെടുമ്പോഴാണ് ലാഭമായി മാറുന്നത്. ജീവനെ നഷ്ടപ്പെടുത്തുന്നവൻ അതിനെ നേടുന്നുവെന്നുമൊക്കെ പറഞ്ഞ് അവൻ പരാജയപ്പെടുന്നവന്റെ ചരിത്രത്തെ വിജയഗാഥയാക്കാൻ ശ്രമിക്കുന്നു. ലോകം വൈരുദ്ധ്യമാർന്ന ഈ ആശയ ഗഹനതയ്ക്ക് മുമ്പിൽ തിരിച്ചറിവില്ലാത്ത കുട്ടിയായി രൂപാന്തരപ്പെടുന്നു.

ചില നഷ്ടപ്പെടലുകളെയൊക്കെ ലാഭമായി എണ്ണാൻ കഴിയുമ്പോഴാണ് ഒരാൾ ക്രിസ്തുവിന്റെ സ്നേഹിതനാവുന്നത്. പൗലോസ് എത്രയോ കാലത്തിനു ശേഷം തന്റെ അറിവും പാണ്ഡിത്യവും സാമൂഹ്യബന്ധവുമൊക്കെ സുവിശേഷവഴികളിൽ ഉപേക്ഷിച്ചു കഴിയുമ്പോൾ ആവേശത്തോടെ പറയുന്നത് തനിക്ക് ലാഭമായിരുന്നതൊക്കെ നഷ്ടമെന്ന് എണ്ണുന്നുവെന്നാണ്. ജീവിതത്തിന്റെ വലിയ കാര്യങ്ങളെ നിസ്സാരമെന്ന് കരുതുവാനുള്ള കഴിവുനേടലാണ് ക്രിസ്തീയത. എല്ലാം നേടിയെടുക്കാൻ കഴിയുന്നൊരു ജാക്ക്പോട്ടായി ക്രൈസ്തവ ജീവിതത്തെ അവതരിപ്പിക്കുകയല്ല അവൻ ചെയ്തത്. എല്ലാ നഷ്ടങ്ങളെയും ചിരിയോടെ നേരിടാനുള്ള സൗമ്യത

യായിരുന്നു അവന്റെ വാഗ്ദാനം. ഒന്നും നഷ്ടമാക്കാതെ ശേഖരിക്കുക എന്ന തിബര്യാസ് കടൽക്കരയിലെ ശബ്ദത്തിന്റെ ആഴവും പരപ്പും പലപ്പോഴും എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ പരിസ്ഥിതി വീക്ഷണം കൂടിയായിരുന്നു അത്. ബൈബിളിനെ, അതിന്റെ താത്ത്വികമായ വിചാരങ്ങളിലൂടെ വിലയിരുത്തിയാൽ നാം എത്തിച്ചേരേണ്ട ചില നിലപാടുകളുണ്ട്. അതിൽ പ്രധാനം


1. എല്ലാവർക്കും ആവശ്യത്തിന് മാത്രം എന്ന് യിസ്രായേലിനോട് യഹോവ പറയുന്നതാണ് (പുറ. 16:16). ആവശ്യത്തിലധികം ഞാൻ നേടുമ്പോൾ ആരുടെയോ ഉൺമയെ ഞാൻ കവർച്ച ചെയ്യുന്നുണ്ട്. അതു കൊണ്ടാണവൻ ചില നഷ്ടങ്ങളുടെ സൗന്ദര്യത്തെ അതുവരെ ആർക്കും കാണാൻ കഴിയാത്ത വിധം അവതരിപ്പിച്ചത്. അപ്പോൾ ദരിദ്രർ അവന്റെ കാഴ്ചയിൽ ഭാഗ്യവാന്മാരായി മാറുന്നു. വിശക്കുന്നവരും, നീതിനിഷേധിക്കപ്പെടുന്നവരും തെറ്റിദ്ധരിക്കപ്പെടുന്നവരും കരുണ നഷ്ടപ്പെട്ടവരുമൊക്കെ ഭാഗ്യമുള്ളവർതന്നെയാണ്. കാരണം അവരിലൊക്കെയാണവന്റെ അസ്തിത്വമുള്ളത്. ദാരിദ്ര്യവും വിശപ്പുമുള്ളപ്പോൾ ക്രിസ്തുവിനെ ചേർത്തുപിടിക്കുകയും സമ്പന്നരായികഴിയുമ്പോൾ അവനെ ഉപേക്ഷിക്കുകയും ചെയ്യുന്നത് ഹൃദയവേദനയോടെ എത്രയോ തവണ അവൻ കണ്ടിട്ടുണ്ടാവാം. ഇതിനൊരു പരിഹാരമായിരുന്നു പത്രോസിന്റെ നേതൃത്വത്തിൽ ആദിമസഭ കണ്ടെത്തിയ സ്വകാര്യസ്വത്ത് നിഷേധം. പക്ഷേ, ക്രൈസ്തവ സഭകൾ, അവന്റെ പല സദ്ചിന്തകളേയും പിന്നീട് അട്ടിമറിച്ചതിന്റെ കൂട്ടത്തിൽ ഈ ചിന്തയേയും അട്ടിമറിച്ചു. ദരിദ്രർ നിങ്ങൾക്ക് എപ്പോഴും അടുത്തുണ്ടാവും എന്നവൻ പറയുന്നത്, പ്രവാചകതുല്യമായ ഭാവങ്ങളോടെയാണ്. നിങ്ങൾ ഇങ്ങനെയൊക്കെ സഭയുമായി ജീവിക്കുന്നിടത്തോളം കാലം ദരിദ്രരും അവിടെയുണ്ടാവും എന്നാണതിന്റെ അർത്ഥം.

2. ദരിദ്രരോട് സുവിശേഷം അറിയിക്കുക എന്നു വെച്ചാൽ അവരുടെ പ്രശ്നങ്ങളെ അഡ്രസ് ചെയ്യുക എന്നാണ്. വിശക്കുന്നവനോട് ദൈവരാജ്യത്തിന്റെ സുഖങ്ങളെക്കുറിച്ച് പറഞ്ഞിട്ട് എന്തുകാര്യം. അവർക്ക് ആദ്യം അവരുടെ ഭൗതിക ജീവിതത്തിനുള്ളതെല്ലാം കൊടുക്കുക: ആഹാരം, വസ്ത്രം, പിന്നെയാവാം ദൈവരാജ്യവിശദീകരണം. ദരിദ്രരായ ഈ മനുഷ്യരെ വെറുതെ വിട്ടാൽ അവർ വഴിയിൽവെച്ച് നശിച്ചുപോകും എന്ന ചിന്തയിൽ നിന്നാണ് അഞ്ചപ്പംകൊണ്ട് വിരുന്നൊരുക്കുന്ന അത്ഭുതത്തിലേക്ക് അവൻ നടന്നടുക്കുന്നത്.

3. ഒടുവിൽ ഒന്നും നഷ്ടമാക്കാതെ ശേഖരിക്കുവാനുള്ള ആഹ്വാനം. ഒരപ്പവും വെറുതെയുണ്ടായതല്ല. ഓരോ അരിമണിയിലും അതിന്റെ ഉപഭോക്താവിന്റെ പേരുണ്ടെന്ന് ചൈനീസ് പഴമൊഴി. എത്ര പേരുടെ അദ്ധ്വാനമാണ് നമ്മുടെ തീൻമേശയിലെ ഒരപ്പം എന്ന് അവൻ മാത്രം അറിയുമ്പോൾ, സ്നേഹത്തോടെ മൊഴിയുകയാണവൻ പ്രകൃതിയിലെ ഒന്നിനേയും അവഗണിക്കരുതെന്ന്.

മരുഭൂമിയിൽ പൊഴിയുന്ന മന്ന സൗജന്യരേഷനല്ല. എവിടെ നിന്നോ, ഈ ലോകത്തെയാകെ കരുതുന്ന ഒരാളിന്റെ സ്നേഹമാണ് പൊഴിയുന്നത്. അത് നഷ്ടപ്പെടുത്തരുത്. അധികം കൂട്ടിവെക്കുന്നത് മരുഭൂമിയിൽ പാപമായിരുന്നു. ആധുനിക ജീവിതത്തിൽ അതാണ് ജീവനതന്ത്രം.

നഷ്ടപ്പെട്ടതൊക്കെ തിരികെ തരുന്നവൻ കൂടിയാണ് മിശിഹ. അതവൻ ജോബിനോട് പറഞ്ഞത്. വഴിയോരങ്ങളിൽ നഷ്ടപ്പെടുന്നതൊക്കെ തിരികെ ലഭിക്കുമെന്ന് പിന്നീടവൻ സ്നേഹിതരോട് പറഞ്ഞു. നഷ്ടപ്പെട്ടതിനെ അങ്ങനെതന്നെ ലഭിക്കുമെന്നില്ല, നഷ്ടങ്ങളെ ലാഭമെന്ന് എണ്ണാനുള്ള ഊർജ്ജം അവനിൽ നിന്ന് ലഭിക്കുമെന്നാണ്. എത്ര മനോഹരമാണ് ഈ ചിന്താപദ്ധതിയെന്ന് ഞാൻ ഓർത്തുപോകുന്നു. ●



അനുസ്മരണം



# മലനാട്ടിലെ മലങ്കരയുടെ അപ്പസ്തോലൻ ഫാ. തോമസ് നീലംപിലാലിൽ



**ഫാ. ചെറിയാൻ താഴമൺ**
എക്സിക്യൂട്ടീവ് ഡയറക്ടർ,
രാഷ്ട്രദീപിക കമ്പനി

**മുഖമൊഴി**

പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ വിത്ത് ഹൈറേഞ്ചിൽ പാകി മലങ്കര സുറിയാനി കത്തോലിക്കാ സഭാ തരുവിനെ താലോലിച്ച് വളർത്തുന്നതിൽ മുന്നേ നിന്ന, ഹൈറേഞ്ചിന്റെ അപ്പസ്തോലൻ ബഹു. തോമസ് നീലംപിലാലിൽ അച്ചന്റെ ജീവിതത്തിന്റെയും അജപാലന ശുശ്രൂഷയുടെയും ഇതൾ വിടരുന്നു ഈ ലേഖനത്തിൽ. മലനാട്ടിലും ഇടനാട്ടിലും കുട്ടനാട്ടിലും പുനരൈക്യ പരിമളം പരത്തിയ ഇടയൻ. അമ്പത്തൊമ്പത് വർഷത്തെ വൈദിക ജീവിതം, അമ്പത്തിരണ്ട് വർഷത്തെ സജീവ അജപാലന ശുശ്രൂഷ, അധികാരത്തിന്റെ അധീശഭാവമോ ആർഭാടത്തിന്റെ ലാഞ്ച്ഛനയോ അശേഷമില്ലാതെ ആടുകളോടൊപ്പം നടന്ന ഇടയൻ. നേരിൽ കണ്ടതും കേട്ടതും കണ്ടുമുട്ടിയവർ പങ്കുവച്ചതും ഔദ്യോഗിക രേഖകളും പ്രസിദ്ധീകൃതവും അപ്രസിദ്ധീകൃതവുമായ ലേഖനങ്ങളും കുറിപ്പുകളും അടിസ്ഥാനമാക്കി വരുംതലമുറയ്ക്ക് ഉപകാരപ്പെടുമെന്ന പ്രതീക്ഷയിൽ തയാറാക്കിയതാണ് ഈ ലേഖനം. വസ്തുതാപരമായ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ തിരുത്തലിനു വിധേയമാണെന്ന മുഖമൊഴിയോടെ മുമ്പോട്ടു നീങ്ങാം.

## ആമുഖമായി അയിരൂരിനെക്കുറിച്ച് അല്പം

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിന്റെ പടിഞ്ഞാറെ അതിർത്തി ഗ്രാമം-അയിരൂർ. '**ദക്ഷിണ ഗംഗ**'യെന്നറിയപ്പെടുന്ന പമ്പാനദിയുടെ തീരം ചേർന്നുള്ള ഗ്രാമം. ക്രിസ്തുവർഷാരംഭത്തിൽ തമിഴകത്തിൽപെട്ടിരുന്ന ഗ്രാമം. പുരാതനകാലം മുതൽ ജനവാസമുണ്ടായിരുന്നതായി കരുതപ്പെടുന്ന ഗ്രാമം. ക്രിസ്തബ്ദം 974ലെ ശ്രീ വല്ലഭൻ കോതയുടെ കാലത്തെ '**മാമ്പിള്ളി ശാസന**'ത്തിൽ പരാമർശമുള്ള ഗ്രാമം. തൊൽക്കാപ്പിയത്തിൽ പരാമർശിക്കുന്ന വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട് എന്ന് അഞ്ചു നാടുകളായി തിരിക്കപ്പെട്ടിരുന്നതിൽ കുട്ടനാട്ടിൽ പെട്ടിരുന്ന ഗ്രാമം. കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിനെ തെക്കുംമുഖം, വടക്കുംമുഖം, മധ്യമുഖം എന്നിങ്ങനെ വിഭജിച്ച് മണ്ഡപത്തുംവാതുക്കൽ പ്രവൃത്തി എന്നു തിരിച്ചിരുന്നതിൽ തിരുവല്ലാ മണ്ഡപത്തിൽ ഉൾപ്പെട്ടിരുന്ന ഗ്രാമം. മാർത്താണ്ഡവർമ മഹാരാജാവിന്റെ കാലത്ത് വേണാടിനോടു ചേർക്കപ്പെട്ടു. രാമയ്യൻ ദളവ ഈ ഗ്രാമത്തെ അയിരൂർ പ്രവൃത്തി എന്നാക്കി തിരിച്ചു. തെക്കുംകൂർ വംശത്തിൽപെട്ട ഒരു യുവരാജാവ് സകുടുംബം ഇവിടെ വന്നു താമസിച്ചു. അവർ താമസിച്ചിരുന്ന സ്ഥലം '**കോയിക്കൽ**' എന്നറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പിന്മുറക്കാർ '**കോവിലന്മാർ**' എന്ന പേരിൽ ഇവിടെ നാടു വാണിരുന്നു. കോവിലൻമാരുടെ കാലത്ത് അയിരൂരിൽ ക്രിസ്ത്യാനികളുടെ കുടിയേറ്റം ആരംഭിക്കുന്നതായിട്ടാണ് കരുതപ്പെടുന്നത്. വിജ്ഞരും വിവേകികളും വിശ്വസ്തരും വിശുദ്ധരുമായി കരുതപ്പെട്ടിരുന്ന ക്രിസ്ത്യാനികൾക്ക് നദീതീരത്ത് കരമൊഴിവായി ഭൂമി നൽകി താമസിക്കാൻ അനുവദിച്ചിരുന്നു. വാണിജ്യത്തിലും സൈനികസേവനത്തിലും മുന്നിട്ടുനിന്നിരുന്ന ക്രിസ്ത്യാനികളെ ഭരണാധികാരികൾ പ്രത്യേകം സംരക്ഷിച്ചിരുന്നു. ക്ഷേത്രങ്ങളിലെ പൂജയ്ക്കുള്ള സാധനങ്ങളുടെ ശുദ്ധീകരണത്തിനും ക്രിസ്ത്യാനികളുടെ സാന്നിധ്യം ഭരണാധികാരികളും ക്ഷേത്രാധികാരികളും ആഗ്രഹിച്ചിരുന്നു. ആറന്മുള യുദ്ധത്തിൽ രാമയ്യൻ ദളവായുടെ പടയ്ക്കെതിരെ കോവിലന്മാരുടെ പടയിൽ നേതൃത്വം വഹിച്ചത് ക്രിസ്ത്യാനികളായിരുന്നു.

## പാറമേൽ കുടുംബം

തോമാശ്ലീഹായിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച ഒരു ജൂത യുവാവ് ഇതേകാലത്ത് ക്രിസ്തുമതം സ്വീകരിച്ച തൃശൂർ പാറമേൽ ഇല്ലത്തിൽപെട്ട ഒരു ബ്രാഹ്മണ യുവതിയെ വിവാഹം ചെയ്ത്, കുന്നംകുളത്തിനും പാലയൂരിനും മധ്യേയുള്ള **കുത്തൂർ** എന്ന സ്ഥലത്ത് താമസിച്ചു. '**കുത്തൂർപാറമേൽ**' എന്ന് അവരുടെ കുടുംബം അറിയപ്പെട്ടു. ക്രിസ്തുവർഷം എഴുനൂറിനും എണ്ണൂറിനും മധ്യേ ഇസ്ലാം അധിനിവേശകാലത്ത് സുരക്ഷിതത്വം തേടി കുത്തൂർ പാറമേൽ കുടുംബക്കാർ കുന്നംകുളത്തെത്തി മറ്റു ക്രിസ്ത്യാനികളുമൊത്ത് കൂട്ടമായി താമസിച്ച് വ്യാപാരം തൊഴിലായി സ്വീകരിച്ചു. പതിനാറാം നൂറ്റാണ്ടിൽ കുത്തൂർ പാറമേൽ കുടുംബത്തിൽ നിന്നും ചിലർ കൊച്ചിയിൽ വന്ന് താമസിച്ച് വ്യാപാരം നടത്തിയിരുന്നു. അവിടെനിന്നും ഒരു വറീത് ഇട്ടിയും ഭാര്യയും മക്കളായ ഇടിച്ചാണ്ടിയും ഗീവർഗീസും കൊല്ലവർഷം തൊള്ളായിരത്തിനോടടുത്ത് **വ്യാപാരത്തിനായി കായംകുളത്ത് എത്തി 'പാറമേൽ' എന്ന കുടുംബപ്പേരിൽ താമസിച്ചു.** അവർ പമ്പാനദിയുടെ തീരപ്രദേശങ്ങളായ ചെങ്ങന്നൂർ, അയിരൂർ, ചെറുകോൽ, കോഴഞ്ചേരി, കാട്ടൂർ, റാന്നി തുടങ്ങിയ പ്രദേശങ്ങളിൽ വള്ളത്തിൽ എത്തി വ്യാപാരം നടത്തിയിരുന്നു. കാട്ടൂർ, ചെറുകോൽ പ്രദേശത്തെ സവർണ ഹിന്ദുക്കൾക്ക് അവരോട് സ്നേഹബഹുമാനം വളർന്നുവന്നു. ഹിന്ദു ക്ഷേത്രങ്ങളിൽ ആവശ്യത്തിനുള്ള തൈലാദി വസ്തുക്കൾ ശുദ്ധീകരിക്കാൻ ക്രിസ്ത്യാനികളെ ആവശ്യമായിരുന്നു. ചെറുകോൽ പ്രദേശത്ത് ക്രിസ്ത്യാനികൾ ഇല്ലാതിരുന്നതിനാൽ അയിരൂർനിന്നുള്ള ക്രിസ്ത്യാനികളാണ് അവരെ സഹായിച്ചിരുന്നത്. പാറമേൽ ഇട്ടിയോടും കുടുംബത്തോടും തങ്ങളുടെ നാട്ടിൽ വന്ന് താമസിക്കാൻ ചെറുകോൽ കരക്കാർ ആഗ്രഹം അറിയിച്ചു. കായംകുളത്തുനിന്നും പോരാൻ ബുദ്ധിമുട്ടറിയിച്ച ഇട്ടി, മകൻ ഇടിച്ചാണ്ടിയെയും മരുമകളെയും കൊച്ചുമക്കളായ ഇട്ടി, കുര്യൻ, മാത്തുണ്ണി, തോമസ് എന്നിവരെയും ചെറുകോൽ താമസിക്കാൻ അയച്ചു. അവർ 1754-ൽ മാളേക്കുമണ്ണിൽ (അമ്പലത്തറ) താമസമാക്കി. അവിടെ കടപണിത് പലചരക്ക് വ്യാപാരവും ആരംഭിച്ചു. കൊച്ചിയിൽനിന്നും കായംകുളത്തുനിന്നും സാധനങ്ങൾ പമ്പയുടെ തീരപ്രദേശങ്ങളിൽ എത്തിച്ച് നൽകുകയും മലഞ്ചരക്കുകൾ ശേഖരിച്ച് കായംകുളത്തും കൊച്ചിയിലും എത്തിച്ച് വ്യാപാരം ശക്തിപ്പെടുത്തുകയും ചെയ്തു. ഇടിച്ചാണ്ടിയുടെ മരണശേഷം മൂത്തമകൻ ഇട്ടി കാട്ടൂർ കടക്കേത്ത് തെക്കേലും രണ്ടാമൻ കുര്യൻ പുത്തേത്ത് നെടുമ്പയിലും മൂന്നാമൻ മാത്തുണ്ണി പത്തിപറമ്പിലും നാലാമൻ തോമസ് ഓതറയിലും താമസമാക്കി. കായംകുളത്ത് വന്ന് താമസിച്ച ഇട്ടിയുടെ കനിഷ്ഠപുത്രൻ (ചെറുകോൽ വന്നു താമസിച്ച ഇടിച്ചാണ്ടിയുടെ സഹോദരൻ) ഗീവർഗീസ് കായംകുളത്ത് പാറമേൽ തന്നെ താമസിച്ചു. ഇവർ രണ്ടുപേരുടെയും, **അതായത് ചെറുകോൽ വന്നു താമസിച്ച ഇടിച്ചാണ്ടിയുടെയും കായംകുളത്ത് താമസം തുടർന്ന ഗീവർഗീസിന്റെയും സന്തതിപരമ്പരകളാണ് 'പാറമേൽ' കുടുംബമായി ഇന്ന് അറിയപ്പെടുന്നത്.**

## നീലംപിലാലിൽ ശാഖാകുടുംബം

ഓതറ താമസിച്ച തോമസിന്റെ കനിഷ്ഠപുത്രൻ നാലാം തലമുറയിൽപെട്ട തോമസ് തോമസിന്റെ ദ്വിതീയ പുത്രൻ അഞ്ചാം തലമുറയിൽപെട്ട തോമസ് ചാണ്ടിയാണ് ചെറുകോൽ കരയിൽ നിന്നും പമ്പയുടെ മറുകരയിൽ അയിരൂരിലേക്ക് കുടിയേറി നീലംപിലാലിൽ താമസം ആരംഭിച്ചത്. ഇദ്ദേഹത്തിലാണ് പാറമേൽ കുടുംബത്തിന്റെ ഓതറ ശാഖയുടെ നീലംപിലാൽ ഉപശാഖ ആരംഭിക്കു

ന്നത്. തോമസ് ചാണ്ടിയുടെ കനിഷ്ഠപുത്രൻ ആറാം തലമുറയിൽപെട്ട ചാണ്ടി കോരുതിന്റെ മൂത്ത പുത്രൻ ഏഴാം തലമുറയിൽപെട്ട കോരുത് തോമസിന്റെ പ്രഥമപുത്രൻ, എട്ടാം തലമുറയിൽപെട്ട തോമസ് കോരുതിന്റെയും പുളിക്കീഴ് തുണ്ടിയിൽ ഇട്ടിച്ചെറിയായുടെ മകൾ ശോശാമ്മയുടെയും പ്രഥമജാതനാണ് നമ്മുടെ കഥാപുരുഷൻ ഫാ. തോമസ് നീലംപിലാലിൽ.

## ജനനവും വിദ്യാഭ്യാസവും

ജനനം കൊല്ലവർഷം 1091 മീനമാസം 9-ാം തീയതി (AD 22/3/1916). ഇടവമാസം 11-ാം തീയതി ജ്ഞാനസ്നാനം യാക്കോബായ സഭയിൽ; തോമസ് എന്ന് പേര്, കുഞ്ഞ് എന്ന് ഓമനപ്പേര്. ഒരു സഹോദരനും ആറു സഹോദരിമാരും. രണ്ട് സഹോദരിമാർ ബാല്യത്തിലേ നിര്യാതരായി. സഹോദരിമാരിൽ രണ്ടുപേർ സന്യാസിനികൾ; സിസ്റ്റർ സാറാ (സാറാമ്മ) ഹോളിക്രോസ് സമൂഹത്തിലും സിസ്റ്റർ ഡൊറോത്തി (ത്രേസ്യാ) ബഥനി സന്യാസിനി സമൂഹത്തിലും. സഹോദരി മേരിയെ (കുഞ്ഞമ്മ) ആലപ്പുഴ തത്തംപള്ളി ചെമ്മോത്ത് പീറ്ററിന്റെ മകൻ എബ്രഹാമും, അച്ചാമ്മയെ മാവേലിക്കര പ്ലാന്തറയിൽ തോമസിന്റെ മകൻ വർക്കിയും (അമേരിക്ക) വിവാഹം ചെയ്തു. ഏക സഹോദരൻ ചെറിയാൻ, ഹാരിസൺ മലയാളം കമ്പനിയിൽ ഫാക്ടറി ഓഫീസർ ആയിരുന്നു. ഭാര്യ കുളത്തൂപ്പുഴ കല്ലട പുത്തൻ ബംഗ്ലാവിൽ ലൂക്കോസ് മുതലാളിയുടെ മകൾ മറിയാമ്മ (അമ്മിണിക്കുട്ടി) സ്കൂൾ അധ്യാപികയായിരുന്നു, പ്രധാന അധ്യാപികയായി വിരമിച്ചു. ഒരു മകനും ഒരു മകളും. മകൾ റെജിയെ (സൂസൻ) മാവേലിക്കര പല്ലാരിമംഗലം താനുവേലിൽ ജോർജ് വർഗീസിന്റെ മകൻ വർഗീസ് ജോൺ (സുനിൽ) വിവാഹം ചെയ്തു. മകൻ ഡോ. സജി ചെറിയാൻ ഇരവിപേരൂരിൽ സ്വന്തമായി "സിയോൻ" ഡന്റൽ ക്ലിനിക് നടത്തുന്നു. ഭാര്യ കൊല്ലാട് മള്ളൂത്തറയിൽ ഡോ. ജോർജ് ഇട്ടിച്ചെറിയയുടെ മകൾ ഡോ. പ്രമീത പുഷ്പഗിരി ഡെന്റൽ കോളജിൽ മൂന്നാം വർഷ എം.ഡി.എസ് വിദ്യാർഥിനിയാണ്. അവർക്ക് ദിവ്യ, ദിയ എന്ന രണ്ട് പുത്രിമാർ. ചെറിയാൻ അയിരൂരിലെ വീടും പുരയിടവും വിറ്റിട്ട് ഇരവിപേരൂരിൽ സകുടുംബം താമസിക്കുന്നു.

കഥാപുരുഷൻ സ്കൂൾ വിദ്യാഭ്യാസം അയിരൂരിലും കോഴഞ്ചേരിയിലും മാന്നാനത്തുമായി പൂർത്തിയാക്കി. ചങ്ങനാശേരി അതിരൂപതയിലെ വേദപ്രചാരക ഡയറക്ടർ ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെയും കർമ്മലീത്താ സന്യാസിമാരുടെയും നേതൃത്വത്തിൽ അയിരൂരിൽ വലിയ പ്രേഷിതപ്രവർത്തനങ്ങൾ നടക്കുന്ന കാലമായിരുന്നു അത്. അയിരൂരിൽ ലൂർദ്ദ് കർമ്മലീത്താ ആശ്രമവും ആശ്രമത്തോടനുബന്ധിച്ച് ഇടവകയും സ്ഥാപിതമായി. പരിശുദ്ധ കത്തോലിക്കാ സഭാസംബന്ധിയായ പ്രസംഗങ്ങളും പഠനങ്ങളും ഗൗരവമായി നടന്നിരുന്ന കാലം. കൗമാരപ്രായക്കാരനായ തോമസും ഇതെല്ലാം സാകൂതം വീക്ഷിക്കുകയും നിരീക്ഷിക്കുകയും ചെയ്തിരുന്നു. ലൂർദ്ദ് ആശ്രമത്തിലെ ബഹു. യൗസേബിയൂസ് അച്ചനുമായി സഭാസംബന്ധിയായ വിഷയങ്ങൾ സംസാരിക്കുകയും തർക്കിക്കുകയും സംശയങ്ങൾ നിവാരണം വരുത്തുകയും തോമസിന്റെ പതിവായിരുന്നു. **ബുദ്ധികൊണ്ട് ബോധ്യമാകാത്ത കാര്യങ്ങൾ അംഗീകരിക്കാൻ തയാറാകാത്ത പ്രകൃതം.** ഈ കാലയളവിൽ തോമസിന്റെ പിതാവ് തോമസ് കോരുത് പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നു. എന്നാൽ ഈ വിവരം അദ്ദേഹം ഭാര്യയിൽനിന്നും മക്കളിൽനിന്നും രഹസ്യമായി വച്ചിരുന്നു.

## ധീരമായ പുനരൈക്യം

1930 സെപ്റ്റംബർ 20-ലെ ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യത്തെ തുടർന്ന് അയിരൂരിലെ സെന്റ് ജോർജ് ബഥനി പള്ളി കത്തോലിക്കാ പള്ളിയായി മാറി. ഇളവട്ട റ്റി.എസ്. ഫിലിപ്പോസ് കശീശ്ശായും അനേകരും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭയുടെ മടിയിലെത്തി. ഈ അവസരമെല്ലാം തോമസ് സഭയെക്കുറിച്ച് കൂടുതൽ പഠിച്ചുകൊണ്ടിരുന്നു. 1932 സെപ്റ്റംബർ ആയപ്പോഴേക്കും കൗമാരക്കാരനായ തോമസും കത്തോലിക്കാ സഭയിൽ ചേരുവാൻ തീരുമാനിച്ചു. 1932 സെപ്റ്റംബർ 20ന് തന്റെ ആത്മിക ഗുരുവായ അയിരൂർ കർമ്മലീത്താ ആശ്രമ അധ്യക്ഷൻ ബഹു. യൗസേബിയൂസ് അച്ചന്റെ മുമ്പാകെ സത്യവിശ്വാസം ഏറ്റുപറഞ്ഞ് പരിശുദ്ധ കത്തോലിക്കാ സഭാംഗമായി. പ്രസ്തുത വിവരം അദ്ദേഹം മാതാപിതാക്കളിൽനിന്നും സഹോദരങ്ങളിൽനിന്നും തൽക്കാലം മറച്ചുവച്ചു. രണ്ടു വർഷം മുമ്പ് തന്റെ പിതാവ് കത്തോലിക്കാ സഭാംഗമായിരുന്ന രഹസ്യം അറിഞ്ഞതാണ് പുനരൈക്യപ്പെടുവാൻ തോമസിന് ശക്തി പകർന്നത്. കർമ്മലീത്താ വൈദികരുടെ പ്രേരണയാൽ തോമസ് ഹൈസ്കൂൾ വിദ്യാഭ്യാസം മാന്നാനത്താണ് നടത്തിയത്. ബോർഡിംഗ് വാസം ആത്മികകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ അദ്ദേഹത്തെ കൂടുതൽ സഹായിച്ചു.



### ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, റാന്നി**

## ദൈവവിളി

മെട്രിക്കുലേഷൻ പരീക്ഷ പ്രശസ്തമായ രീതിയിൽ പാസായ തോമസിന് കത്തോലിക്കാ സഭയിൽ വൈദികനാകാനുള്ള ആഗ്രഹം ഉള്ളിൽ ഉണ്ടായിരുന്നു. ആഗ്രഹം ആരോടും തുറന്നു പറയാൻ സാധിക്കാത്ത അവസ്ഥ. കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടതുതന്നെ ഇഷ്ടപ്പെടാത്ത ബന്ധുക്കളും മിത്രങ്ങളും നാട്ടുകാരും കുടുംബക്കാരും. കുടുംബത്തിലെ മൂത്തപുത്രൻ എന്ന നിലയിൽ കുടുംബഭാരം ഏറ്റെടുത്ത് പിതാവിന് താങ്ങാകേണ്ടവൻ ബ്രഹ്മചാരിയായി കുടുംബം ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ വൈദികനാകാൻ പോകുന്നതിൽ കുടുംബാംഗങ്ങൾക്കുണ്ടാകാവുന്ന എതിർപ്പ്, എല്ലാം തോമസിന്റെ മനസ്സിൽ തെളിഞ്ഞുനിന്നിരുന്നു. ആത്മിക കാര്യങ്ങളിൽ തന്റെ ഉപദേശകനും മാർഗദർശിയും തന്നെ കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചവനുമായ ബഹു. യൗസേബിയൂസ് അച്ചനായിരുന്നു ഏക ആശ്രയം. അച്ചൻ അയിരൂർ ആശ്രമത്തിൽനിന്നും മാന്നാനം ആശ്രമത്തിന്റെ പ്രിയോരായി സ്ഥലം മാറിപോയിരുന്നു. തോമസ് മാന്നാനത്തെത്തി ബഹു. യൗസേബിയൂസ് അച്ചനെ കണ്ട് തന്റെ ആഗ്രഹം അറിയിച്ചു. അതോടൊപ്പം തന്റെ ആഗ്രഹം അറിയിച്ചുകൊണ്ട് ഒരു കത്ത് പുനരൈക്യപ്പെട്ട് തിരുവല്ലായിൽ ചെറുപുഷ്പഗിരിയിൽ താമസിച്ചിരുന്ന അഭി. യാക്കോബ് മാർ തെയോഫിലോസ് തിരുമേനിക്ക് അയക്കുകയും ചെയ്തു. ബഹു. യൗസേബിയൂസ് അച്ചന്റെ നിർദേശമനുസരിച്ച് തോമസ് തിരുവല്ലായിൽ എത്തി 1934 ഏപ്രിൽ മാസത്തിൽ അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയെ സന്ദർശിച്ചു. തോമസിന്റെ കത്ത് കിട്ടിയതനുസരിച്ച് അഭിവന്ദ്യ തിരുമേനി അയിരൂർ ലൂർദ്ദ് ആശ്രമത്തിലെ അന്നത്തെ സുപ്പീരിയർ ബഹു. ഗാസ്പർ അച്ചൻ വഴി വേണ്ട അന്വേഷണങ്ങൾ നടത്തിയിരുന്നു. പ്രഥമ ദൃഷ്ടിയിൽത്തന്നെ തോമസിന് തിരുമേനിയെ വളരെ ഇഷ്ടമായി, തിരുമേനിക്ക് തോമസിനെയും. മാർ തെയോഫിലോസ് തിരുമേനിയുടെ മുഖത്തേക്ക് നോക്കി ഇരിക്കുന്നതുതന്നെ ഒരു ദിവ്യ അനുഭവമായിരുന്നുവെന്ന് ബഹു. തോമസ് നീലംപിലാലിൽ അച്ചൻ പറയാറുണ്ടായിരുന്നു. യുവാവായ തോമസിനെ ശ്രദ്ധിച്ച അഭിവന്ദ്യ തിരുമേനി കല്പിച്ചു: **"ദൈവം നമ്മെ വിളിച്ചു നാം നിന്നെയും വിളിച്ചിരിക്കുന്നു". ഈ ചെറുവാചകത്തിൽ തോമസിന്റെ വൈദിക ജീവിതത്തിലേക്കുള്ള ദൈവവിളി ഉറപ്പിക്കപ്പെട്ടു.** തനിക്കു മുമ്പേ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയും കത്തോലിക്കാ വൈദികരെക്കുറിച്ച് വലിയ ബഹുമാനാദരവുകൾ പുലർത്തുകയും ചെയ്തിരുന്ന തന്റെ വത്സലപിതാവിൽ നിന്ന് അനുവാദം വാങ്ങാൻ അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. വൈമനസ്യത്തോടെയെങ്കിലും ആദ്യഫലം ദൈവത്തിനു സമർപ്പിക്കുവാൻ അമ്മയും തയ്യാറായി. അയിരൂർ നിന്നുള്ള ആദ്യത്തെ കത്തോലിക്കാ വൈദിക ദൈവവിളി അങ്ങനെ മൊട്ടിട്ടു.

## സെമിനാരി പഠനം

അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയുടെ നിർദേശ പ്രകാരം 1934 ജൂൺ 21-ന് തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ പ്രഥമ ബാച്ചിൽ വൈദികപരിശീലനം ആരംഭിച്ചു. റെക്ടർ ബഹു. മാത്യു പോത്തനാംമൂഴി അച്ചന്റെ (പിന്നീട് കോതമംഗലം രൂപതയുടെ പ്രഥമ ഇടയൻ മാർ മാത്യു പോത്തനാംമൂഴി) ശിക്ഷണത്തിൽ ആധ്യാത്മിക ശിക്ഷണവും ഭാഷാപഠനവും ആരംഭിച്ചു. പ്രതിമാസം ഏഴു രൂപ ഫീസ് നൽകിയായിരുന്നു പഠനം. മൂന്നു രൂപ തെയോഫിലോസ് തിരുമേനി സ്കോളർഷിപ് അനുവദിച്ചു നൽകിയിരുന്നു. രണ്ടാം വർഷം തിരുവല്ലാ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ റെക്ടർ ഫാ. നോർബർട്ട് TOCDയുടെ ശിക്ഷണത്തിൽ പരിശീലനവും പഠനവും തുടർന്നു. രണ്ടു വർഷത്തെ മൈനർ സെമിനാരി പഠനം പൂർത്തിയാക്കിയ ബ്രദർ തോമസ് തത്വശാസ്ത്രപഠനത്തിനായി 1936 ജൂണിൽ ആലുവാ മംഗലപ്പുഴ സെന്റ് ജോസഫ് അപ്പസ്തോലിക് സെമിനാരിയിൽ ചേർന്നു. ബാല്യകാലം മുതൽ കർമ്മലീത്താ സന്യാസ വൈദികരുമായി ഉണ്ടായിരുന്ന അടുപ്പം മൂലം കർമ്മലീത്താ ഒന്നാം സഭയിലെ സന്യാസ വൈദികർ നടത്തിയിരുന്ന സെമിനാരിയിലേക്കുള്ള പ്രവേശനം അദ്ദേഹത്തിന് ഏറെ സന്തോഷകരമായിരുന്നു. പുനരൈക്യത്തിന്റെ പുത്രനായ ബ്രദർ തോമസിനോട് സെമിനാരി അധ്യാപകരായിരുന്ന സ്പെയിൻകാരായ കർമ്മലീത്താ മിഷനറിമാർക്ക് വലിയ താല്പര്യവുമായിരുന്നു. പുനരൈക്യപ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന അയിരൂരിൽ പ്രവർത്തിച്ചിരുന്ന സെന്റ് തോമസ് കാത്തലിക് അക്കാദമി തയാറാക്കിയിരുന്ന പുസ്തകങ്ങളും ലഘുലേഖകളും അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ സെമിനാരിയിൽ പ്രവർത്തിച്ചിരുന്ന എസ്.എച്ച് ലീഗ് പ്രസിദ്ധീകരണശാലയുമായി ബന്ധപ്പെടുന്ന ഒരു കണ്ണിയായും ബ്രദർ തോമസ് പ്രവർത്തിച്ചിരുന്നു. കൗമാരപ്രായം മുതൽ കർമ്മലീത്താ വൈദികരുമായി സഭാവിഷയങ്ങളിൽ ചർച്ചകളും വാദങ്ങളും നടത്തിയിരുന്ന സ്വതന്ത്ര ചിന്താഗതിക്കാരനായ ബ്രദർ തോമസ് സെമിനാരിയിലും അധ്യാപകരോട് വിശദീകരണങ്ങൾ തേടുന്നതിലും സംവദിക്കുന്നതിലും കാണിച്ചിരുന്ന സ്വാതന്ത്ര്യം സഹപാഠികൾക്ക് അത്ഭുതമായിരുന്നു. തത്വശാസ്ത്ര പഠനം ബ്രദർ തോമസിനെ കൂടുതൽ കാര്യകാരണ സഹിതം വിഷയങ്ങൾ അവതരിപ്പിക്കുന്നതിന് പ്രാപ്തനാക്കി.

മൂന്നു വർഷത്തെ തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയ ബ്രദർ തോമസിനെ രൂപതയുടെ പുതിയ ചുമതലക്കാരനായി നിയമിതനായ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി 1939ൽ ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിലേക്ക് ദൈവശാസ്ത്രപഠനത്തിന് അയച്ചു. സ്വതന്ത്ര ചിന്താഗതിക്കാരനായിരുന്ന ബ്രദർ തോമസിന് പുരോഗമനചിന്താഗതിക്കാരായ ഈശോസഭാ സന്യാസികളുടെ കീഴിലുള്ള പഠനവും പരിശീലനവും വളരെ

താല്പര്യമായി. ദൈവശാസ്ത്ര വിഷയങ്ങളും സഭാചരിത്രവും വിമർശനവിശകലനവിധേയമാക്കി പഠിച്ച് ഹൃദിസ്ഥമാക്കാൻ നാലു വർഷത്തെ പഠനം സഹായിച്ചു. ലത്തീൻ ഭാഷയിലുണ്ടായിരുന്ന പ്രാവീണ്യവും വിഷയങ്ങളെ വിശകലനം ചെയ്യുവാനുള്ള കഴിവും ബ്രദർ തോമസിനെ അധ്യാപകരുടെ പ്രിയ ശിഷ്യനാക്കിയിരുന്നു.


### വൈദികാഭിഷേകവും പ്രഥമ ദിവ്യബലിയും

ദൈവശാസ്ത്രപഠനവും വൈദികപരിശീലനവും വിജയകരമായി പൂർത്തിയാക്കിയ ബഹു. തോമസ് നീലംപിലാലിൽ ശെമ്മാശൻ, കാൻഡിരൂപതാധ്യക്ഷൻ അഭിവന്ദ്യ ബർനാഡ് റെങ്കോ തിരുമേനിയിൽനിന്ന് സെമിനാരി ചാപ്പലിൽ വച്ച് 1944 ഓഗസ്റ്റ് 24-ാം തീയതി വൈദികാഭിഷേകം സ്വീകരിച്ചു. പിറ്റേ ദിവസം സെമിനാരി ചാപ്പലിൽ പ്രഥമദിവ്യബലിയും അർപ്പിച്ചു. തുടർന്നുള്ള മാസങ്ങളിൽ അജപാലനദൈവശാസ്ത്രം സംബന്ധിച്ച പ്രായോഗിക പരിശീലനവും സമാപനപരീക്ഷകളും വിജയകരമായി പൂർത്തിയാക്കി ദൈവശാസ്ത്രത്തിൽ ലൈസൻഷിയേറ്റ് (ബിരുദാനന്തര ബിരുദം) കരസ്ഥമാക്കി 1944 ഡിസംബർ മാസത്തിൽ തിരുവല്ലായിൽ മടങ്ങിയെത്തി. മാതൃ ഇടവകയായ അയിരൂർ സെന്റ് പാട്രിക്സ് ഇടവക ദൈവാലയത്തിൽ നവപൂജാർപ്പണം നടത്തി. ഇടവകയിലെ പ്രഥമ വൈദികന് ഇടവകസമൂഹം അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് മംഗളപത്രം സമർപ്പിച്ചു.

### അജപാലനവേദിയിലേക്ക്

അജപാലനശുശ്രൂഷയുടെ ആരംഭത്തിൽ തച്ചമം ഇടവകയിൽ ചുമതലക്കാരനായതിനോടൊപ്പം സമീപ ഇടവകകളിൽ സഹായിയായും ഓടിയെത്തിയിരുന്നു (1944-45). ഊർജസ്വലനും തീക്ഷ്ണമതിയുമായ യുവവൈദികനെ സർവകലാശാല ബിരുദം നേടുവാനായി 1946ൽ അധ്യയനവർഷാരംഭത്തിൽ രൂപതാധ്യക്ഷൻ മദ്രാസിലെ ലയോളാ കോളജിലേക്ക് അയച്ചു. ബുദ്ധിരാക്ഷസന്മാരും സാമൂഹിക പ്രതിബദ്ധതയുടെ പര്യായങ്ങളുമായ ഈശോസഭാ വൈദികർ നടത്തിയിരുന്ന കോളജിലെ പഠനം ബഹു. തോമസ് നീലംപിലാലിൽ അച്ചനിലെ സാമൂഹ്യവീക്ഷണത്തെ വിശാലമാക്കുവാൻ സഹായിച്ചു. ഭൗതികശാസ്ത്രസാഹിത്യ വിഷയങ്ങളിലെ ബിരുദ സമ്പാദനത്തെക്കാൾ പുനരൈക്യ പ്രേഷിത താല്പര്യമായിരുന്നു അദ്ദേഹത്തിൽ മുന്നിട്ടു നിന്നിരുന്നത്. പുനരൈക്യ പ്രേഷിത മേഖലയിലെ വൈദികരുടെ വൈരള്യം പഠനകാലയളവ് പൂർത്തിയാക്കുന്നതിനു മുമ്പ് മടങ്ങി വരുവാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി. പഠനം പകുതി വഴിയിൽ ഉപേക്ഷിക്കേണ്ടിവന്നെങ്കിലും പരിഭവം ലവലേശമില്ലാതെ അരയും തലയും മുറുക്കി അദ്ദേഹം പുനരൈക്യ പ്രേഷിത വയലിലേക്കിറങ്ങി. ആരംഭകാല മിഷൻ


## Matrimonial



**M - 214**

മലങ്കര കത്തോലിക്കാ, യുവാവ് (30) ഖത്തറിൽ ജോലിചെയ്യുന്നു (Hotel Management) സെപ്റ്റംബറിൽ നാട്ടിൽ വരും. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. **Contact: 9847650039, 9961023809**

**M - 215**

മലങ്കര കത്തോലിക്കാ, യുവാവ്(30),BSc Nurse, Delhiയിൽ ജോലിചെയ്യുന്നു. സെപ്റ്റംബറിൽ നാട്ടിൽ വരും. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. **Contact: 9497708235, 09891113228**

**M - 216**

മലങ്കര കത്തോലിക്കാ, യുവാവ്(31/168)പൂനെയിൽ സ്ഥിരതാമസം മീഡിയം ഫാമിലി. Medical transcriptionist ആയി ജോലിചെയ്യുന്നു. പൂനെയിൽ സ്ഥിരമായിതാസിക്കാൻ താത്പര്യവും ദൈവഭക്തിയുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
**Contact: 09881459820**

**M- 217**

മലങ്കര കത്തോലിക്കാ, യുവതി (27/5.5) B.Com Fail, Computer. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. **Contact:9947525884**

**M- 218**

മലങ്കര കത്തോലിക്കാ, യുവതി(26) തിരുവല്ല അതിരൂപത, MBBS ( Pushpagiri), MD യോ അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
**Contact:9947120340**

**M- 218**

മലങ്കര കത്തോലിക്കാ, യുവാവ്(32/175) MSW, ജെർമനിയിൽ ജോലിചെയ്യുന്നു മീഡിയം ഫാമിലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
**Contact:9447866391**

കേന്ദ്രങ്ങളിലെല്ലാം ശുശ്രൂഷകനായി അദ്ദേഹം ഓടി യെത്തുമായിരുന്നു.

കോട്ടയം പട്ടണമധ്യത്തിൽ 1945 ഓഗസ്റ്റ് 21-ന് ഒളശ പുളിയ്ക്കപ്പറമ്പിൽ ശ്രീ. വർഗീസ് ജോർജിൽനിന്നും രൂപതയ്ക്കുവേണ്ടി മാർ സേവേ റിയോസ് തിരുമേനി വിലയക്കുവാങ്ങിയിരുന്ന സ്ഥലത്ത് ഉണ്ടായിരുന്ന '**പീസ് ഹോം**' ആയിരുന്നു അദ്ദേഹത്തിന്റെ അടുത്ത മിഷൻ പ്രവർത്തനകേന്ദ്രം. രൂപത വാങ്ങുന്നതിനു മുമ്പ് പട്ടാളക്കാരുടെ ഉപയോ ഗത്തിലായിരുന്ന ഈ സ്ഥലത്താണ് ഇപ്പോൾ പുത്ത നങ്ങാടി മാർ തെയോഫിലോസ് സ്നേഹഭവനും സെന്റ് തോമസ് അജപാലന കേന്ദ്രവും പ്രവർത്തി ക്കുന്നത്. സ്ഥലം സുരക്ഷിതമാക്കുന്നതിനും അവിടം കേന്ദ്രമാക്കി പുനരൈക്യപ്രേഷിത ശുശ്രൂഷ ശക്ത മാക്കുന്നതിനും 1947 മുതൽ 1950 വരെ അദ്ദേഹം അധ്വാനിച്ചു. സി.എസ്.ഐ സഭയുടെ ശക്തികേ ന്ദ്രവും ഓർത്തഡോക്സ് സഭയുടെ ഭരണകേന്ദ്രവു മായിരുന്ന കോട്ടയം പട്ടണത്തിൽ പുനരൈക്യ പ്രവർത്തനങ്ങൾക്ക് ശക്തമായ മുന്നേറ്റം നടത്തു വാൻ സാധിച്ചില്ല. എങ്കിലും വിവിധ സഭകളിലെ ബഹു. വൈദികരുമായും നേതാക്കന്മാരുമായും ഊഷ്മളമായ ബന്ധം സ്ഥാപിക്കുവാൻ പുത്തന ങ്ങാടി കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങൾകൊണ്ട് ബഹു. തോമസ് നീലംപിലാലിൽ അച്ചനു സാധിച്ചു. പുനരൈക്യ പ്രവർത്തനങ്ങളെ ശത്രുതയോടെ വീക്ഷിച്ചിരുന്നവരുടെ ഇടയിലേക്കു പുഞ്ചിരിയോടെ കടന്നുചെല്ലാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ഈ സ്വഭാവവിശേഷം പൗരോഹിത്യ ശുശ്രൂഷാ കാലങ്ങ ളിലെല്ലാം, കടന്നുചെന്നിരുന്ന എല്ലാ സ്ഥലങ്ങളിലും അദ്ദേഹത്തെ സകലർക്കും സ്വീകാര്യനും ആദരണീ യനുമാക്കിയിരുന്നു.

പുനരൈക്യ സംഭവത്തിനു മുമ്പ് ബഹു. ഡൊമ നിക് തോട്ടാശേരിൽ അച്ചന്റെ വേദപ്രചാര പ്രവർത്ത നഫലമായി 1928ൽ ചങ്ങനാശേരി അതിരൂപതയിലെ ഇടവകയായി രൂപപ്പെട്ടതും പിന്നീട് തിരുവല്ലാ രൂപ തയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടതുമായ മാരാമൺ ഇട വകയുടെയും 1939-ൽ സ്ഥാപിക്കപ്പെട്ട കുറിയന്നൂർ ഇടവകയുടെയും ഇടയനായിട്ടായിരുന്നു അദ്ദേഹ ത്തിന്റെ അടുത്ത നിയമനം. തന്റെ ജന്മഗ്രാമമായ അയിരൂരിനടുത്തുള്ള പ്രദേശങ്ങളിലെ ശുശ്രൂഷ അദ്ദേഹം നന്നേ താല്പര്യപ്പെട്ടിരുന്നു. 1950 മുതൽ 1953 ജനുവരി വരെ അവിടെ ശുശ്രൂഷ തുടർന്നു. അടുത്ത മൂന്നു വർഷത്തെ ഇടയ ശുശ്രൂഷ 1953 ഫെബ്രുവരി മുതൽ 1956 ഫെബ്രുവരി വരെ പനയ മ്പാല ഇടവകയിലായിരുന്നു. മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ ജന്മനാടിന് (ആനിക്കാട്) സമീപത്തുള്ള ഇടവകയിലേക്ക് ബഹു. നീലംപിലാ ലിൽ അച്ചനെ നിയമിച്ചതിൽ തിരുമേനിക്ക് പ്രത്യേക താല്പര്യമുണ്ടായിരുന്നു. പുനരൈക്യ സാധ്യത ഏറെയുള്ള സ്ഥലത്ത് തീക്ഷ്ണനായ യുവവൈദി കൻ. നാട്ടുപ്രമാണിയും പുനരൈക്യ അല്മായ പ്രേഷിതനുമായിരുന്ന പീലിക്കുഴി കുഞ്ഞച്ചന്റെയും മറ്റ് അല്മായ പ്രവർത്തകരുടെയും സഹകരണം അനേകരെ പുനരൈക്യ വീഥിയിലേക്ക് നയി ക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. അടുത്ത ഇടയ ശുശ്രൂഷയുടെ ഇടം ഹൈറേഞ്ച് പ്രദേശമായിരുന്നു. 1956-ൽ പുനരൈക്യ പ്രേഷിതനായി മലകയറിയ അദ്ദേഹം1964 ജൂണിലാണ് വീണ്ടും താഴ്‌വാരത്തി ലേക്കിറങ്ങിയത്. ഹൈറേഞ്ചിന്റെ മണ്ണിൽ പുന രൈക്യ ശുശ്രൂഷയുടെ അടിസ്ഥാനം ആഴത്തിൽ ഉറ പ്പിക്കപ്പെട്ട എട്ടു വർഷങ്ങൾ.

## ഹൈറേഞ്ച് കുടിയേറ്റ പശ്ചാത്തലം

കേരളത്തിലെ കുടിയേറ്റത്തിന്റെ ചരിത്രം വളരെ നീണ്ടതാണ്. കേരളത്തിലെ ആധുനിക കുടിയേറ്റ ത്തിന്റെ തുടക്കം 1918-ൽ ആണ്. ഹൈറേഞ്ചി ലേക്കും മലബാറിലേക്കും ഒന്നാം ലോകമഹായുദ്ധ ത്തിന്റെ പരിണിതഫലമായി ഈ കുടിയേറ്റ തുട ക്കത്തെ കരുതുന്നതിൽ തെറ്റില്ല. രണ്ടാം ലോകമ ഹായുദ്ധം കൂടി വന്നപ്പോഴേക്കും കുടിയേറ്റത്തിന്റെ വേഗത വർധിച്ചു. ദാരിദ്ര്യത്തെ തുടർന്ന് ആളുകൾ നാടുവിടാനും സൗജന്യമായോ വിലക്കുറവിലോ ഭൂമി ലഭിക്കുന്നിടത്തേക്ക് പോകാനും തയ്യാറായി. ജനങ്ങളുടെ പട്ടിണി മാറ്റാൻ മറ്റു മാർഗമൊന്നും കാണാനില്ലാതിരുന്നതിനാൽ സർക്കാരും കുടിയേ റ്റത്തെ പ്രോത്സാഹിപ്പിച്ചു. 1942 മുതൽ സർക്കാർ പ്രത്യേക പദ്ധതികൾ തയാറാക്കി പ്രോത്സാഹന ത്തിന്റെ വേഗത കൂട്ടി. ജീവിതനിലവാരത്തിലുണ്ടായ പുരോഗതി കൂടുതൽ സമ്പാദിക്കുവാനുള്ള അഭി വാഞ്ച സാധാരണക്കാരിലുളവാക്കി. ഇതുകാരണം മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടിയും കുടി യേറ്റങ്ങൾ ഉണ്ടായി.

സർക്കാരിന്റെ ഹൈറേഞ്ച് കുടിയേറ്റ പ്രോത്സാ ഹനത്തിന് രാഷ്ട്രീയ കാരണങ്ങളും ഉണ്ടായിരുന്നു. ബ്രിട്ടീഷുകാരുടെ കാലം മുതൽ തോട്ടങ്ങളിലെ പണികൾക്കായി തമിഴ്നാട്ടുകാർ ഹൈറേഞ്ചിലേക്ക് എത്തിത്തുടങ്ങിയിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഹൈറേഞ്ചിന്റെ അതിർത്തി പ്രദേശങ്ങളിൽ ഇവരുടെ സ്വാധീനം വർധിച്ചു. തിരുവിതാംകൂർ ദിവാനും തമിഴ്നാട്ടുകാരനുമായിരുന്ന കൃഷ്ണസ്വാ മിറാവു പട്ടയം നൽകി തമിഴരെ ഹൈറേഞ്ചിൽ സ്ഥിരതാമസത്തിനു പ്രേരിപ്പിക്കുകയും ചെയ്തു. പീരുമേട്, ദേവികുളം മേഖലകൾ തമിഴ്നാടിനോടു ചേർക്കണമെന്ന ആവശ്യവും ആ സമയത്ത് ഉയർന്നു തുടങ്ങി. തിരു-കൊച്ചി മുഖ്യമന്ത്രിയായി രുന്ന ശ്രീ. പട്ടം താണുപിള്ള അപകടം തിരിച്ച റിഞ്ഞു. അതിർത്തി പ്രദേശങ്ങളിൽ മലയാളി കോള നികൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചു. അങ്ങനെ 1955-ൽ "**ഹൈറേഞ്ച് കൊളോണൈസേ ഷൻ സ്കീം**" എന്ന പേരിൽ കല്ലാർ, കാന്തല്ലൂർ, മറ യൂർ, കൊട്ടക്കാമ്പൂർ, വട്ടവട എന്നീ സ്ഥലങ്ങളിൽ മലയാളികളുടെ കുടിയേറ്റം പ്രോത്സാഹിപ്പിച്ച് കോള നികൾ സ്ഥാപിച്ചു. പത്രപ്പരസ്യങ്ങൾ നൽകിയും സർക്കാർ കുടിയേറ്റക്കാരെ ആകർഷിച്ചു. 7326 ഏക്കർ ഭൂമി 'കൊളോണൈസേഷൻ സ്കീം' പ്രകാരം നൽകി. 1938-40 കാലത്ത് പള്ളിവാസൽ പദ്ധതിയുടെ നിർമാണത്തിനെത്തിയവരും 1963-69 കാലത്ത് ഇടുക്കി അണക്കെട്ടിന്റെ നിർമാണത്തിനെ

ത്തിയവരും ഈ പ്രദേശത്ത് കുടിയേറിയിട്ടുണ്ട്.

ലോകമഹായുദ്ധകാലത്തെ കടുത്ത ഭക്ഷ്യക്ഷാമം നേരിടാൻ **'ഗ്രോമോർ ഫുഡ്' പദ്ധതി പ്രകാരം കൃഷി ചെയ്യാൻ താല്പര്യമുള്ളവരെ സർക്കാർ ഹൈറേഞ്ചിലേക്ക് ആകർഷിച്ചു. ഹൈറേഞ്ച് തമിഴ് ഭൂരിപക്ഷ പ്രദേശമായി തമിഴ്നാടിനോടു ചേർക്കാതിരിക്കാൻ 'ഹൈറേഞ്ച് കൊളോണൈസേഷൻ സ്കീം' നടപ്പാക്കി അതിർത്തികളിൽ മലയാളി കുടുംബങ്ങളെ കുടിയിരുത്തി. പട്ടിണികൊണ്ടു വലഞ്ഞ കർഷകർ മലനാടുകളിലേക്ക് കയറിയതിന്റെ മുഖ്യകാരണം ഇവയായിരുന്നു.**

മണ്ണിൽ അധ്വാനിക്കുവാനും വിയർപ്പൊഴുക്കുവാനും മനസ്സുണ്ടായിരുന്നവർ വസ്തുവകകളൊക്കെ വിറ്റുപെറുക്കി കഷ്ടനഷ്ടങ്ങളൊന്നും വകവയ്ക്കാതെ ഇറങ്ങിത്തിരിച്ചതിന്റെയും സാധാരണക്കാർ നേരിടാൻ ധൈര്യപ്പെടാത്ത പ്രതിസന്ധികളെ അതിജീവിക്കാൻ ശ്രമിച്ചതിന്റെയും ഇതിഹാസമാണ് ഹൈറേഞ്ച് കുടിയേറ്റം. അവരുടെ അധ്വാനവും ത്യാഗങ്ങളും സ്വന്തം നിലനില്പിനുവേണ്ടി മാത്രമായിരുന്നില്ല, കേരള സമൂഹത്തെ തീറ്റിപ്പോറ്റാനായിരുന്നു. ഭരണകർത്താക്കൾ പ്രോത്സാഹനവും നൽകി. **ഹൈറേഞ്ചിന്റെ വികസനത്തിന് അടിസ്ഥാനമിട്ടവരാണീ കുടിയേറ്റക്കാർ. അന്നു കുടിയേറ്റം നടന്നില്ലായിരുന്നെങ്കിൽ ഒരുപക്ഷേ ഹൈറേഞ്ച് ഇപ്പോൾ തമിഴ്നാടിന്റെ ഭാഗമായിരുന്നേനെ.** ചുരുക്കത്തിൽ ഹൈറേഞ്ച് കുടിയേറ്റം ചരിത്രത്തിലെ അനിവാര്യതയായിരുന്നു.

## അധ്വാനശീലരായ സുറിയാനി ക്രിസ്ത്യാനികൾ കുടിയേറ്റത്തിനും മുന്നിൽ

സുറിയാനി ക്രിസ്ത്യാനികളാണ് കൂടുതൽ കുടിയേറിയത്. അത് അവർ ക്രിസ്ത്യാനികളായതുകൊണ്ടല്ല, അവർ അധ്വാനശീലരായതുകൊണ്ടാണ്. അവരെ അധ്വാനശീലരാക്കിയതിൽ ക്രൈസ്തവദർശനം കാരണമായിട്ടുണ്ടാകാം. കുടിയേറിയ ക്രിസ്ത്യാനികളുടെ മതതീക്ഷ്ണതയും ആധ്യാത്മിക അടിത്തറയും പള്ളികളുടെ രൂപീകരണത്തിനും വൈദികരുടെയും സമർപ്പിതരുടെയും കടന്നുവരവിനും ഇടയാക്കി. വൈദികരുടെ നേതൃത്വവും സന്യസ്തരുടെ സമർപ്പണവും വിശ്വാസസമൂഹത്തിന്റെ കൂട്ടായ്മയും പൊതുസമൂഹത്തിന്റെ സഹകരണവും ഒത്തുചേർന്നപ്പോൾ പള്ളികളും പള്ളിക്കൂടങ്ങളും ആതുരാലയങ്ങളും റോഡുകളും പാലങ്ങളും നാട്ടിൽ വികസനവും വേഗത്തിൽ കടന്നുവന്നു. **നേതൃത്വവും സമർപ്പണവും കൂട്ടായ്മയും സഹകരണവും ഉള്ളിടത്ത് വികസനവും വളർച്ചയും വേഗത്തിലുണ്ടാകുമെന്നതിന് ഹൈറേഞ്ചിലെ സുറിയാനി ക്രിസ്ത്യാനികളുടെ ജീവിതം തെളിവായി.**

ഹൈറേഞ്ചിലേക്ക് കുടിയേറിയ ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും സുറിയാനി കത്തോലിക്കർ ആയിരുന്നു. അതിന്റെ കാരണം ലളിതമാണ്. അവരാണ് അധ്വാനിക്കുവാൻ തയാറായിരുന്നവർ. ശ്രീ. എസ്.കെ. പൊറ്റക്കാട് തന്റെ സഞ്ചാര സാഹിത്യ ഗ്രന്ഥത്തിൽ തിരുവിതാംകൂറിലെ സുറിയാനി കത്തോലിക്കരുടെ അധ്വാനശീലത്തെക്കുറിച്ച് പറയുന്നുണ്ട്. '**ലോകത്തിലെ ഏറ്റവും വലിയ അധ്വാനശീലരാണ് ജപ്പാൻകാർ, തിരുവിതാംകൂറിലെ സുറിയാനി കത്തോലിക്കരെ ഒഴിച്ച്**' എന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. അധ്വാനശീലർ കൂടുതലായി കുടിയേറിയതിൽ അത്ഭുതപ്പെടേണ്ടതില്ല. പുത്തൻകൂർ സമൂഹത്തിൽപെട്ട ക്രിസ്ത്യാനികളും ഹൈറേഞ്ച് കുടിയേറ്റത്തിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ, അവരുടെ സംഖ്യ താരതമ്യേന കുറവായിരുന്നു. സുറിയാനി കത്തോലിക്കാ സമൂഹം പള്ളികൾ സ്ഥാപിക്കുകയും തങ്ങളുടെ വൈദികരുടെ നേതൃത്വത്തിൽ ശക്തിപ്പെടുകയും ചെയ്യുന്നത് കണ്ട പുത്തൻകൂർ സമൂഹവും ആരാധനാ കേന്ദ്രങ്ങൾ വേണമെന്നും വൈദികരുടെ സാന്നിധ്യം വേണമെന്നും ആഗ്രഹിച്ചു. കുടിയേറ്റക്കാരിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾ തുലോം തുച്ഛമായിരുന്നെങ്കിലും യാക്കോബായ, മാർത്തോമ്മ സഭാ വിശ്വാസികൾ കുറെയൊക്കെ ഉണ്ടായിരുന്നു. അവർക്കും പള്ളികളും പട്ടക്കാരുമില്ലായിരുന്നു.

## പുനഃരൈക്യ ദൂത് ഹൈറേഞ്ചിലേക്ക്

കുടിയേറ്റക്കാരായ പുത്തൻകൂറ്റുകാർ പള്ളികൾക്കും വൈദികർക്കും വേണ്ടി ഒരു അപേക്ഷ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അന്നത്തെ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനും തിരുവല്ലാ രൂപതയുടെ അഭിനവ അധ്യക്ഷൻ അഭി. സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനും സമർപ്പിച്ചിരുന്നു. വൈദികരുടെ വിരളതയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലുള്ള വിഭവശേഷിക്കുറവും മൂലം വേണ്ടത്ര വേഗത്തിൽ പ്രതികരിക്കുവാൻ പിതാക്കന്മാർക്ക് സാധിച്ചില്ല. അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവിന്റെ പിതൃഹൃദയം ഹൈറേഞ്ചിലെ ഇടയനില്ലാത്ത ആടുകളെക്കുറിച്ച് വേദനിച്ചുകൊണ്ടിരുന്നു. അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവിന്റെ നിർദേശമനുസരിച്ച്


**ഉപകാര സ്മരണ**



**ഒരു വിശ്വാസി**
**കളംമ്പാല**



**ഉപകാര സ്മരണ**



**ഒരു വിശ്വാസി**
**കളംമ്പാല**

ബഹു. സക്കറിയാസ് ഐരാറ്റപ്പടവിൽ അച്ചൻ, ബഹു. തോമസ് നീലംപിലാലിൽ അച്ചനെയും കൂട്ടി ഹൈറേഞ്ചിൽ ഒരു മിഷൻ പഠനയാത്ര നടത്തി റിപ്പോർട്ട് സമർപ്പിച്ചു. **ആദർശധീരതയും അധ്വാന താല്പര്യവും പുനരൈക്യ തീക്ഷ്ണതയും പാവപ്പെട്ടവരോടു ദീനാനുകമ്പയും മിഷനറി താല്പര്യവും ജ്വലിച്ചു നിന്നിരുന്ന ബഹു. തോമസ് നീലംപിലാലിൽ അച്ചനിലേക്ക് അഭി. അത്തനാസിയോസ് പിതാവിന്റെ മനസ്സ് തിരിഞ്ഞു. പനയമ്പാല പള്ളി**യുടെ വികാരിയായിരുന്ന ബഹു. അച്ചനെ ഇടയ്ക്കൊക്കെ പുനരൈക്യ പശ്ചാത്തലമൊരുക്കാൻ ഹൈറേഞ്ചിൽ പോയി മിഷൻ പ്രവർത്തനങ്ങൾക്ക് വന്ദ്യപിതാവ് ചുമതലപ്പെടുത്തി. അഞ്ചു പ്രാവിശ്യം അദ്ദേഹം ഹൈറേഞ്ചിൽ പ്രേഷിതയാത്ര നടത്തി സാധ്യതകൾ പഠിച്ചു.

## ആദ്യമിഷനറിമാർ പുരയ്ക്കലച്ചനും നീലംപിലാലിലച്ചനും

നിരണം സ്വദേശി പുനരൈക്യത്തിലൂടെ കത്തോലിക്കാ സഭയിലേക്ക് കടന്നുവന്ന തീക്ഷ്ണനായ ബഹു. ജോർജ് പുരയ്ക്കൽ അച്ചനും ഈ കാലയളവിൽ ഹൈറേഞ്ചിലേക്ക് കടന്നു ചെന്നിരുന്നു. ബഹു. പുരയ്ക്കൽ അച്ചന്റെ സഹോദരൻ ഹൈറേഞ്ചിലെ കാപ്പിപ്പതാൽ എന്ന സ്ഥലത്തേക്ക് കുടിയേറിയിരുന്നു. സഹോദരനെ സന്ദർശിക്കാൻ കാപ്പിപ്പതാലിൽ പോകാനിടയായതാണ് അവിടെ പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ ആവശ്യം അദ്ദേഹത്തിൽ ഉളവാക്കിയത്. അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും ഫലമാണ് ഇന്നത്തെ കാപ്പിപ്പതാൽ (1956), വളക്കോട് (കോതപാറ-1958) ഇടവകകൾ. രണ്ട് ഇടവകകളും തന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിലാണ് അദ്ദേഹം സ്ഥാപിച്ചത്. ഹൈറേഞ്ചിലെ മലങ്കര പ്രേഷിത ശുശ്രൂഷയുടെ തലതൊട്ടപ്പനായ അദ്ദേഹത്തിന് ആരോഗ്യപരമായ കാരണങ്ങളാൽ കൂടുതൽ നാൾ ഹൈറേഞ്ചിൽ ശുശ്രൂഷയിൽ തുടരാൻ സാധിച്ചില്ല. അത് ഹൈറേഞ്ചിന്റെ ഒരു തീരാനഷ്ടമായി ഇന്നും നിലനിൽക്കുന്നു. പനയമ്പാല ഇടവകയിലെ ചുമതല നിറവേറ്റിക്കൊണ്ടു തന്നെ ബഹു. നീലംപിലാലിൽ അച്ചൻ ഇടയ്ക്കൊക്കെ ഹൈറേഞ്ചിൽ പോകുകയും കുടിയേറ്റക്കാരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കുകയും ചെയ്തു. സന്ദർശനവേളകളിൽ കുമളി, നെറ്റിത്തൊഴു, ചക്കുപള്ളം, അണക്കര, രാമക്കൽമേട്, കൂട്ടാർ തുടങ്ങിയ സ്ഥലങ്ങളിൽ പ്രാർത്ഥനാകൂട്ടായ്മകൾ രൂപപ്പെടുത്തുകയും സൗകര്യപ്രദമായ ചില സ്ഥലങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. ഇത് ആൾക്കാരിൽ വലിയ ആവേശം ഉളവാക്കി. വിവരങ്ങൾ അദ്ദേഹം യഥാസമയം അഭിവന്ദ്യ പിതാവിനെയും അറിയിച്ചുകൊണ്ടിരുന്നു. പനയമ്പാലനിന്നും വല്ലപ്പോഴും മാത്രം പോയുള്ള പ്രവർത്തനത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും ഹൈറേഞ്ചിൽ സ്ഥിരമായി താമസിച്ചുകൊണ്ടുള്ള പ്രവർത്തനം ഉണ്ടാക്കാവുന്ന നന്മകളും അദ്ദേഹം അഭിവന്ദ്യ തിരുമേനിയുമായി പങ്കുവച്ചു.

## ഐതിഹാസിക കാടുകയറ്റം

പനയമ്പാല ഇടവകയുടെ ചുമതലയിൽനിന്ന് വിടുതൽ വാങ്ങി 1956 ഫെബ്രുവരിയിൽ അദ്ദേഹം ഹൈറേഞ്ചിലേക്ക് പോയി, കാട് കയറി എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. വിമോചന ദൈവശാസ്ത്രം ശക്തിപ്പെടുന്നതിന് വർഷങ്ങൾക്കു മുമ്പ്, പാവപ്പെട്ടവനോടുള്ള പക്ഷം ചേരലെന്ന് നാഴികയ്ക്ക് നാല്പതുവട്ടം മലയാളികൾ പറയാൻ തുടങ്ങുന്നതിനു മുമ്പ്, പാർശ്വവത്കരിക്കപ്പെട്ടവരുടെയും പതിതരുടെയും അവകാശങ്ങളെന്നൊക്കെ പ്രാസമൊപ്പിച്ച പള്ളി പ്രസംഗങ്ങൾ കേട്ടു തുടങ്ങുന്നതിനു കാലങ്ങൾക്കു മുമ്പ് പാവപ്പെട്ടവന്റെയും അവഗണിക്കപ്പെട്ടവന്റെയും ജീവിതവ്യഥ ഹൃദയത്തിൽ ഏറ്റുവാങ്ങി ഒരു ചെറു സഞ്ചിയും തോളിലേറ്റി വടിയുമൂന്നി 1956 ആദ്യം കാടുകയറിയ ബഹു. നീലംപിലാലിൽ അച്ചന്റെ അടുത്ത എട്ടു വർഷത്തെ ജീവിതം (1950-1964). മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അടിത്തറ ഹൈറേഞ്ചിൽ ഉറപ്പിക്കപ്പെട്ടതിന്റെ ചരിത്രമാണ്.

അപ്പസ്തോലൻമാരെ അയച്ചുകൊണ്ട് യേശുനാഥൻ അരുളിച്ചെയ്തത് ഇപ്രകാരമായിരുന്നു. "... യാത്രയ്ക്ക് സഞ്ചിയോ രണ്ട് ഉടുപ്പുകളോ ചെരുപ്പോ വടിയോ കൊണ്ടുപോകരുത്" (മത്തായി 10:10). എന്നാൽ ബഹു. നീലംപിലാലിൽ അച്ചന്റെ യാത്രയിൽ സഞ്ചി ഒരു സന്തത സഹചാരി ആയിരുന്നു. അതിലുണ്ടായിരുന്നത് ചെറിയ ഒരു കാസാ സെറ്റും കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങളും, ചെല്ലുന്നിടത്ത് വിശുദ്ധ കുർബാന അർപ്പിക്കാൻ. ചെരുപ്പ് അരുതെന്നാണ് ഗുരുകല്പന. കാൻഡി സെമിനാരിയിലും ലയോളാ കോളജിലും ഷൂസ് ധരിച്ചിരിക്കണമെന്നത് വസ്ത്രധാരണ ചിട്ടയുടെ ഭാഗമായിരുന്നു. അന്ന് ഉപയോഗിച്ചു തുടങ്ങിയിരുന്ന ഷൂസ് ധരിച്ചായിരുന്നു അദ്ദേഹത്തിന്റെ കാടുകയറ്റം. കാട്ടിലെ അട്ടകടിയിൽനിന്നും രക്ഷപെടാൻ മറ്റൊരു വഴിയില്ലായിരുന്നു. വടിയും പാടില്ലെന്നാണല്ലോ വചനം. എന്നാൽ ബഹു. നീലംപിലാലിൽ അച്ചന് ഒരു വടി വേണ്ടിവന്നു യാത്രയ്ക്ക്. കാട്ടിലൂടെയുള്ള യാത്രയിൽ കാടും പടർപ്പുകളും മുള്ളും വകഞ്ഞു മാറ്റി വേണമായിരുന്നു മുമ്പോട്ടു പോകാൻ. വടിയോടൊപ്പം ഒരു ചെറു വെട്ടുകത്തിയും കാട് നീക്കാൻ കരുതിയിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്.

ഹൈറേഞ്ചിലേക്ക് കയറിയ ബഹു. അച്ചന്റെ മുമ്പിൽ വിശ്രമമില്ലാത്ത നാളുകളായിരുന്നു. യാത്രാസൗകര്യങ്ങളോ യാത്രാമാധ്യമങ്ങളോ അന്തിയുറങ്ങാൻ ഒരു സങ്കേതമോ പോലുമില്ലാതെ കാട്ടിലൂടെയും കാനനത്താരകളിലൂടെയും മൈലുകൾ നടന്നാണ് അദ്ദേഹം മനുഷ്യവാസമുള്ള സ്ഥലങ്ങളിൽ എത്തിയിരുന്നത്. കൂട്ടിനുണ്ടായിരുന്നതോ പശുക്കളും ആടും പട്ടിയും. ഇവയെയും തെളിച്ചുകൊണ്ടായിരുന്നു യാത്ര.

(തുടരും)

# ഇടയശബ്ദം 4–ാം പേജ് തുടർച്ച

റൂഹാവന്നാവസിച്ച് സഭയ്ക്ക് ആവശ്യമായ ദർശന ങ്ങൾ നൽകി സഭയെ നയിച്ച പന്തക്കുസ്തയുടെ ആവർത്തനമാണ് സുന്നഹദോസ്.

ഇന്നലെ രാവിലെ വരെ എന്തൊരുമഴയായിരുന്നു. ഈ കൂട്ടായ്മയ്ക്കു ദൈവത്തിന്റെ പ്രത്യേക സംര ക്ഷണയുണ്ടെന്നുള്ളതിന്റെ പ്രത്യക്ഷ തെളിവല്ലേ ഇന്നലെയും ഇന്നത്തെയും കാലവസ്ഥ പ്രിയ ബഹു. എൽദോ അച്ചൻ ഇന്നലെ വി.കുർബ്ബാന കഴിഞ്ഞ് എന്നോടു പറഞ്ഞു. പിതാവേ മഴയാണ് – ഞാൻ പറഞ്ഞു മഴ തീർന്നു. ഇനി അങ്ങോട്ടു തെളിച്ചമാണ്. പ്രിയ മക്കളെ നമ്മുടെ ദൈവം നമ്മെ കരുതുന്നുണ്ട്. അവൻ നമ്മളെ മറ്റുള്ളവരുടെ മുമ്പിൽ ഉയർത്തിക്കൊള്ളും.

അഭി. ദിവന്നാസിയോസ് പിതാവിന്റെ പ്രാർത്ഥനാപൂർവ്വമായ നേതൃത്വം കുറച്ചു വൈദികരെ ഉള്ളു എങ്കിലും എല്ലാവരുടേയും പൂർണ്ണ സഹകരണം; സന്യസ്തരുടെ പൂർണ്ണമായ നേതൃത്വം ആൽമായ മക്കളാൽ വലിയ സഹകരണം.



ഒരു മാലയിൽ കോർത്തിണക്കിയ പൂക്കളെപ്പോലെ ഇത്ര മനോഹരമായി ചേർന്നിരിക്കുന്നു.

പുനരൈക്യത്തിന്റെ ഏറ്റം വലിയ സന്ദേശം ഐക്യമാണ്. അതാണ് നാം പ്രഘോഷിക്കുന്നത്. വലിയവരെന്നോ, ചെറിയവരെന്നോ, പണ്ഡിതനെന്നോ പാമരനെന്നോ, വെളുത്തവനെന്നോ കറുത്തവനെന്നോ, ഒരു വ്യത്യാസവുമില്ലാതെ മലങ്കര മക്കൾ ഉടപ്പിറന്നവരെപ്പോലെ, സോദര സ്നേഹത്തോടെ ഒരുമിക്കുന്നു.

എന്റെ മനോഹരമാണിത്. പ്രഭാ.25:1 പറയുന്നു. 3 കാര്യങ്ങളിൽ എന്റെ ഹൃദയം ആനന്ദം കൊള്ളുന്നു. അവ കർത്താവിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ മനോഹരമാണ്.

1. സഹോദരന്മാർ തമ്മിലുള്ള സൗഹൃദം
2. അയൽക്കാർ തമ്മിലുള്ള സൗഹൃദം
3. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ലയം.

പട്ടിണിയുടെയും പരിവട്ടത്തിന്റെയും കാലഘട്ടത്തിൽ ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് പരിചിതമായവയൊക്കെ ഉപേക്ഷിച്ചു കാടും മലകളും താണ്ടിയ ഈ മണ്ണിന്റെ വീര സന്താനങ്ങൾ നമ്മുടെ നാടിനും, സമ്പദ് വ്യവസ്ഥിതിക്കും, കുടുംബങ്ങൾക്കും സഭയ്ക്കും നൽകിയ അമൂല്യമായ സംഭാവനകൾ.

ദേശാടന പക്ഷികളിൽ മുമ്പേ പറക്കുന്ന പക്ഷി ധീരസാഹസികനാണ്. ഒരു പക്ഷേ മറ്റു പക്ഷികളെപ്പോലെ എത്തിച്ചേരാൻ കഴിഞ്ഞിട്ടുണ്ടാവില്ല. എന്നാൽ വഴിതെളിച്ചതും വഴിയിലെ തടസ്സങ്ങളെ മാറ്റിയതും, മുന്നറിയിപ്പുകൾ നൽകിയതും ഈ പക്ഷിയാണ്. അവരുടെ ഓർമ്മയുടെ മുമ്പിൽ ഞാൻ നമ്രശിരസ്തനാകുന്നു.

എനിക്കവരോടൊന്നെ പറയാനുള്ളൂ. ഞാൻ താമസിച്ച വീട്ടിൽ സന്ധ്യാനമസ്ക്കാരം ചൊല്ലിയപ്പോൾ 4–ാം ക്ലാസിൽ പഠിക്കുന്ന ഒരു മകൾ പുസ്തകമില്ലാതെ പൂർണ്ണമായി നമ്മുടെ നമസ്ക്കാരത്തിൽ പങ്കുചേർന്നു. നമ്മുടെ അപ്പന്മാർ കാലയാപനം ചെയ്യാൻ മാത്രമല്ലല്ലോ കുടിയേറിയത്. ഒരു സംസ്കൃതി വിശുദ്ധമായി പകരുന്നതിനായിരുന്നല്ലോ. എനിക്കു ഏറെ സന്തോഷമായി. ഒരു പക്ഷേ നാട്ടിൽ ഇത്രയും പരിഷ്കാരവും വളർച്ചയും ഉണ്ടെന്നു പറയുന്നിടത്തു പോലും പ്രാർത്ഥന കാണാപ്പാടമല്ല.

എന്നാണ് ഈ സംഗമത്തിന്റെ സന്ദേശം അത് മറ്റൊന്നുമല്ല ദീവന്നാസിയോസ് പിതാവിന്റെ വിനയത്തിന്റെ സന്ദേശമാണ്. തിരുവല്ലയിലെ സംഗമത്തിനു ശേഷം ആര് ഏറ്റെടുക്കും – പലരും ഒഴിഞ്ഞുമാറി എന്നാൽ ബാവാ തിരുമേനി ദിവന്നാസിയോസ് പിതാവിനോടു പറഞ്ഞു – പിതാവ് ഏറ്റെടുക്കണം.

അനുസരണം ബലിയേക്കാൾ ശ്രേഷ്ടം നമ്മുടെ പ്രവർത്തനമല്ല ദൈവത്തിന്റെ പ്രവർത്തനമാണ് പ്രധാനം. നാം നിന്നു കൊടുത്താൽ മതി ദൈവം എല്ലാം ചെയ്തുകൊള്ളും.

ഇതിനെ അനുസ്മരിക്കുന്ന ഒരു സംഭവം ഈയിടെ അരങ്ങേറി. 15–ാം ലോകയുവജന കൺവൻഷൻ ക്രോക്കാവിൽ പരി. ജോൺ പോൾ II മന്റെ രൂപതയിൽ. വി.കുർബ്ബാനയ്ക്ക് മാർപാപ്പ അണിഞ്ഞ തിരുവസ്ത്രത്തിനൊരു പ്രത്യേകതയുണ്ടായി. ഒറ്റ തുണിയിൽ വെട്ടിയെടുത്ത വസ്ത്രമല്ലായിരുന്നു. തുണ്ടംതുണ്ടമായ തുണിക്കഷണങ്ങൾ ചേർത്തു വച്ച് നെയ്തുണ്ടാക്കിയതാണ്. ആരാണ് ചെയ്തത്. ഇറാക്കിൽ നിന്നും ഭീകരർ പുറത്താക്കിയ കുറെ ചെറുപ്പക്കാരികൾ ഈ തുണിക്കഷണങ്ങൾ പോലെ ഞങ്ങളെ തണ്ടംതുണ്ടമാക്കി എറിഞ്ഞുകളഞ്ഞതാണ്. ആർക്കും വേണ്ടാത്തവരായി തെരുവിൽ എറിയപ്പെട്ടവർ. ഞങ്ങളുടെ ജന്മനാട്ടിൽ നിന്നുപോലും ആട്ടിയോടിക്കപ്പെട്ടവർ. ആർക്കും വേണ്ടത്തവർ. ഈ തുണിക്കുഷണങ്ങൾ ഞങ്ങളുടെ കഥയാണ് പറയുന്നത്. ഇതിൽപരം ശ്രേഷ്ഠമായ എന്തൊരു വസ്ത്രമായിരിക്കും പൊന്നുതമ്പുരാന്റെ ബലിക്കുചേർന്നത്.

Medium is the message മാദ്ധ്യമമാണ് സന്ദേശം, പറയുന്നവരാണ് സന്ദേശം, ജീവിതമാണ് ഇവിടെ ചുരുളഴിയുന്നത്. നാം ഇവിടെ കാണുന്നത് കണ്ടത് ഈ സമർപ്പണവും യോജിപ്പും ഐക്യവുമാണ്.

പ്രിയ ബഹുമാനപ്പെട്ട ചാക്കോ ഫിലിപ്പച്ചന്റെ മരണ വക്രത്തിൽ നിന്നുള്ള വിടുതൽ ഈ കൂട്ടായ്മയിൽ ദൈവ പരിപാലനയുടെ സാക്ഷ്യം ആണ്. ബസിൽ നിന്നും തെറിച്ചുപോയി കാര്യമായി ഒരപകടവും പറ്റാതെ ഈ കാര്യങ്ങൾക്കെല്ലാം ഓടി നടന്ന് നേതൃത്വം നൽകുന്ന ഈ പരിപാലനയല്ലേ നമുക്കു പ്രഘോഷിക്കാനുള്ളത്.

ദൈവം നമ്മുടെ കൂടെയാണ്... ചാലയിലും നിലയ്ക്കലും വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായപ്പോൾ നേതൃത്വം നൽകാൻ മലങ്കരയുടെ സൂര്യതേജസ്വിനിയായ മാർഗ്രിഗോറിയോസ് പിതാവായിരുന്നു. ഇന്നും ഇതു നമ്മുടെ നിയോഗം.

മാർ ഈവാനിയോസ് പിതാവിന്റെയും മാർ തെയോഫിലോസ് പിതാവിന്റെയും പരിശുദ്ധി നമുക്ക് ആർജ്ജിച്ചെടുക്കണം.

പൂർവ്വ പിതാവായ യൗസേഫിനെക്കുറിച്ച് ......... ദൈവത്തിന്റെ ആത്മാവു കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ നമുക്കു കഴിയുമോ? വിജാതീയനായ രാജാവു പോലും യൗസേഫിനെ ദൈവാത്മശക്തി തിരിച്ചറിയുന്നു. മാർ ഈവാനിയോസ് പിതാവിനെ കണ്ടവരെല്ലാം പറഞ്ഞതും ഇതുതന്നെയാണ്. ബ്രിട്ടീഷ് രാജ്ഞിയും അമേരിക്കൻ പ്രസിഡണ്ടും ജി.കെ.ചെസ്റ്റർട്ടണും ഒക്കെ ഇതു പറഞ്ഞിട്ടുണ്ട്. ഇന്ന് അനേകർ പറയുന്നു.

സെപ്റ്റംബർ 20/21 സൂര്യ രശ്മി നേരിട്ട് ജറുസലേം ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലത്ത് പേടകത്തിനു മുകളിൽ വന്നാവസിച്ചിരുന്നതുപോലെ 1930 സെപ്റ്റംബർ 20/21 പുനരൈക്യവും ആദ്യ വിശുദ്ധ ബലിയും ദൈവാത്മാവ് പൂർണ്ണമായും നിറവോടും മാർ ഈവാനിയോസ് പിതാവിലും മലങ്കര മക്കൾ.. വന്നു നിറഞ്ഞിരിക്കുന്നു എന്നല്ലേ കരുതുവാൻ അല്ലെങ്കിൽ ഈ ദിവസം എന്തിന്?

ആത്മാവു നിറഞ്ഞവർക്കേ സമൂഹത്തെ നയിക്കുവാൻ കഴിയൂ. ഈജിപ്തിലെ വറുതിയുടെ കാലത്തു വേണ്ടതെല്ലാം ശേഖരിക്കുവാൻ യൗസേപ്പിനു കഴിഞ്ഞു. അതു പിന്നീട് തന്നെ ഉപേക്ഷിച്ച സഹോദരങ്ങൾക്കു പോലും കാലയാപനത്തിനിടയായി. തന്റെ ജീവിതത്തിൽ തപസു കൊണ്ടും പ്രാർത്ഥനകൊണ്ടും നേടിയതെല്ലാം ഇന്ന് മലങ്കര മക്കൾക്കു അനുഗ്രഹമായി തീർന്നിരിക്കുന്ന നമ്മുടെ അനുഗ്രഹമായി മാറിയ പിതാവിന്റെ വേദനകളും കഷ്ടപ്പാടുകളും പ്രിയ മക്കളേ പിതാവു രചിച്ച പ്രാർത്ഥനകൾ മാത്രം മതിയല്ലോ ആ ജീവിതത്തിന്റെ ഔന്നത്യത്തെ അളക്കുവാൻ. തിരുമൂലപുരത്ത് താമസിച്ചിരുന്ന സമയത്ത് വന്ദ്യ പിതാവിന്റെ കുറുകി കരച്ചിലും നെഞ്ചത്തടിച്ചുള്ള പ്രാർത്ഥനയും അയൽപക്കക്കാർക്കെല്ലാം സുപരിചിതമായിരുന്നു.

മാർ ഈവാനിയോസ് പിതാവിനെ ദൈവം എന്നും ഓർക്കും. ആരോരും അറിയാതെ പിതാവ് ദൈവതിരുമുൻപിലൊഴിച്ച കണ്ണുനീരുകൾ അവിടുന്ന് കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്.

പൂർവ്വ യൗസേഫിനെപ്പോലെ തന്റെ ആദ്യജാതനെ മാതാവെന്നുവിളിച്ചു തന്റെ പ്രിയപ്പെട്ടവരും സ്നേഹിതരും ഗുരുക്കന്മാരും ശിഷ്യന്മാരും വഞ്ചകനെന്നും, അധികാരമോഹ എന്നും ഒക്കെവിളിച്ചാക്ഷേപിച്ചപ്പോൾ നമ്മുടെ പിതാവ് പറഞ്ഞു; അവരും സത്യം അറിയുമ്പോൾ നമ്മോടൊപ്പം വരേണ്ടവരാണെന്ന്. എത്ര ഉദാത്തം. ഇന്ന് എല്ലാവരും കാണുന്നത് മലങ്കരസഭയുടെ ജ്വലിക്കുന്ന മഹത്വമാണ്. ഈ തിരിഅണയാതിരിക്കുവാൻ കഴിഞ്ഞ 86 വർഷമായി വിറകുകൊള്ളികളായ ഒത്തിരി വീദികരും സന്യസ്തരും അൽമായരും ഉണ്ട്. സഭയിൽ ആരാലും അറിയപ്പെടാതെ ഒരു തീപ്പൊരിപൊട്ടുന്ന ഒച്ചപോലുമില്ലാതെ മൗന ജ്വാലകളായി ആളി അമർന്നവർ നൂറുകണക്കിനുണ്ട്.

ചാരം വാരുന്നവർക്കറിലിയ്യ, കത്തിതീർന്ന വിറകിന്റെ നൊമ്പരങ്ങൾ. അവയൊക്കെ കുടുംബത്തിലും സഭയിലും സ്വയം ദാനത്തിന്റെ തിരുശേഷിപ്പുകളായിരിക്കുന്നു. ഈ തീ പകർച്ചയിൽ എനിക്കും പങ്കാളിയാവണം എനിക്കും ഒരു സ്നേഹ പന്തമാകണം. തലമുറകൾക്കു ഭാഗ്യമാകുവാനുള്ള ആവേശമായി ഈ സംഗമം പരിണമിക്കട്ടെ.

കഴിഞ്ഞ വർഷം നാം പുനരൈക്യത്തിനുകൊടുത്ത അവയവദാനസമ്മപത്രം ഇന്നലെ അതു മൂർത്തമായ ഒന്നായി പ്രിയങ്ക സജി എന്ന 15 വയസുകാരി ചിറ്റാർ ഇടവക- ആകാശ ഊഞ്ഞാലിൽ നിന്നും വിണു മരണമടഞ്ഞു. മകളുടെ അവയവങ്ങൾ ദാനം ചെയ്തു. ഏറ്റം അവസാമായി തീപന്തമായി തീർന്ന പൊന്നോമന സഭൈക്യം നീണാൾ വാഴട്ടെ. പുനരൈക്യം വിളങ്ങട്ടെ! മാർ ഈവാനിയോസ് .................. ●

## വിവാഹ ഒരുക്ക സെമിനാർ 2016


**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി: ഒക്ടോബർ 11, 12, 13 – 25, 26, 27**
**നവംബർ 8, 9, 10 – 22, 23, 24**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



# സ്വർഗ്ഗ പ്രവേശനത്തിന്റെ രജതജൂബിലി

## അയിരൂക്കുഴിയിൽ ബഹു. ജോസഫ് അച്ചൻ: അനുസ്മരണ 1929–1991

**ഫാ. ചെറിയാൻ താഴമൺ**

എക്സിക്യൂട്ടീവ് ഡയറക്ടർ,
രാഷ്ട്രദീപിക കമ്പനി

(കഴിഞ്ഞ ലക്കം തുടർച്ച)

### അറിഞ്ഞ സത്യത്തെ ആഴത്തിൽ ആശ്ലേഷിച്ചവൻ

"കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് ദിവസം പലപ്രാവിശ്യം പ്രാർത്ഥനയിൽ ഉരുവിടുന്നത് അദ്ദേഹത്തെ ചിന്തിപ്പിച്ചു. ഈ സവിശേഷതകൾ നാലും ഉള്ള സഭയേത് എന്ന് അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നു. മെത്രാപ്പോലീത്താമാർ ജനങ്ങളെ ആശീർവദിക്കുമ്പോൾ ആലപിക്കുന്ന 'അൽശിമയോൻ കീപ്പാ' എന്നു തുടങ്ങുന്ന സുറിയാനി ഗീതത്തിൽ പറയുന്ന കാര്യങ്ങളും അദ്ദേഹത്തെ ചിന്തിപ്പിച്ചു. "ഞാൻ പണിയപ്പെട്ടിരിക്കുന്നത് ശിമയോൻ കീപ്പാ (പാറ) മേലാകുന്നു, എനിക്ക് താങ്ങായി എഴുപത് തൂണുകളുണ്ട്. വിശുദ്ധന്മാർ എന്റെ നിധികളാകുന്നു. പ്രവാചകന്മാർ എന്നെ പടുത്തുയർത്തി, അപ്പസ്തോലന്മാർ എന്നെ സ്ഥിരീകരിച്ചു. എന്റെ മാറിൽ രക്തസാക്ഷികൾ കുടിയിരിക്കുന്നു. അജയ്യമായ കോട്ടകൾ എനിക്കു ചുറ്റുമുണ്ട്. ഞാൻ അണിഞ്ഞൊരുങ്ങിയ വധുവിന് സമാനമാണ്. എന്റെ മണവാളനായ ക്രിസ്തുവിൽ ഞാൻ സ്ഥിരയായിരിക്കുന്നു". എന്ന് സഭ പറയുന്നതായിട്ടാണ് ഈ പുരാതന സുറിയാനി ഗീതം. യേശുക്രിസ്തു സ്ഥാപിച്ചത് ഒരു സഭ മാത്രം. പത്രോസാകുന്ന പാറമേലാണ് സഭയെ പണിതത്. ഈ സഭയ്ക്ക് ഒരേയൊരു കേന്ദ്രം. ഒരേയൊരു തലവൻ. ആ കേന്ദ്രവും തലവനും പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ റോമാ മാർപാപ്പായും. ഈ സഭാതലവനുമായി സംസർഗത്തിലായിരിക്കുക സഭാ പൂർണതയ്ക്ക് അനിവാര്യവും. ഈ വലിയ വെളിച്ചമാണ് അദ്ദേഹത്തെ പുനരൈക്യത്തിനുള്ള ധീരതീരുമാനമെടുക്കാൻ ശക്തനാക്കിയത്.

### ഉത്തമകുടുംബസ്ഥൻ

'കുടുംബം ഭരിക്കുന്നവൻ കാശിയ്ക്കു പോകണ്ടാ' എന്നൊരു പ്രയോഗം നാട്ടിലു

ണ്ടല്ലോ. കുടുംബം പുലർത്തുക അത്രവലിയ പുണ്യപ്രവൃത്തിയാണ്. അത് നന്നായി നടത്തുന്നവർ പൂർണതയ്ക്ക് വേറെ വഴി തേടേണ്ടതില്ല എന്നു വ്യംഗ്യം. ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചൻ വിവാഹിതനായ വൈദികനായിരുന്നു. 1955 നവംബർ 21- നായിരുന്നു വിവാഹം. (വൃശ്ചികം 5). കോന്നി തെക്കിനേത്ത് റ്റി.വി. കോശിയുടെയും ഏലിയാമ്മയുടെയും മകൾ മറിയാമ്മ (മേരിക്കുട്ടി)യാണ് സഹധർമിണി. അവരുടെ ദാമ്പത്യവല്ലരിയിൽ വിടർന്നത് ആറു സൂനങ്ങൾ. നാലു പെൺമക്കളും രണ്ട് ആൺമക്കളും. സഭയിലെ ഇടയ ശുശ്രൂഷ കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനോ കുടുംബത്തിന്റെ ഉത്തരവാദിത്വം സഭയിലെ ശുശ്രൂഷയ്ക്കോ ഒരിക്കലും പ്രതിബന്ധമാകാതെ പരസ്പര പൂരകമാക്കുവാൻ അദ്ദേഹവും കുടുംബാംഗങ്ങളും ശ്രദ്ധിച്ചിരുന്നു. മക്കൾക്കുവേണ്ടി സമ്പത്ത് സ്വരുക്കൂട്ടുവാൻ വ്യഗ്രതപ്പെടാതിരുന്നപ്പോഴും ദൈവം അദ്ദേഹത്തിന്റെ മക്കളെ സമൂഹത്തിൽ ഉയർത്തിയിരിക്കുന്നു.

**ആരാധനയിലൂടെ ആത്മാവിലേക്കിറങ്ങുന്ന ആചാര്യൻ**

മഞ്ഞനിക്കര ദയറായിൽ നിന്നും ലഭിച്ച സുറിയാനി ഭാഷാപരിജ്ഞാനവും ആരാധനക്രമ പരിശീലനവും വിശുദ്ധ കുർബാനയും മറ്റ് ആരാധനാ ശുശ്രൂഷകളും മനോഹരമായും ഇമ്പമായും നടത്തുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. മുഴക്കമാർന്ന സ്വരവും ഇമ്പകരമായ ആലാപനവും അദ്ദേഹത്തിന്റെ ആരാധനാ ശുശ്രൂഷകൾ എല്ലാവർക്കും പ്രിയങ്കരമാക്കി. പെരുന്നാളുകളോടനുബന്ധിച്ച് സമീപ ഇടവകകളിൽ അദ്ദേഹത്തിന്റെ വിശുദ്ധ കുർബാന ഒരു അവിഭാജ്യ ഘടകമായിരുന്നു. റാന്നി കാത്തലിക് കൺവൻഷനിൽ പ്രാർത്ഥനകൾ നയിക്കുന്നതിനും അറിയിപ്പുകൾ നൽകുന്നതിനും അദ്ദേഹത്തെയാണ് സാധ്യമായപ്പോഴെല്ലാം ചുമതലപ്പെടുത്തിയിരുന്നത്. ശംബ്ദഗാംഭീര്യവും ഉച്ചാരണ സ്ഫുടതയും പ്രാർത്ഥനകളിലൂടെ മനുഷ്യഹൃദയങ്ങളെ അനുഭൂതിയുടെ ഉയരങ്ങളിലേക്ക് ഉയർത്തുവാനുള്ള വരവുമായിരുന്നു അതിനുള്ള കാരണം.

**സേവനസന്നദ്ധൻ**

രൂപതയിലും മേഖലയിലും വൈദിക കൂട്ടായ്മയിലെ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹത്തിന്റേത്. 1983ൽ തിരുവല്ലാ രൂപത വൈദിക സെനറ്റിൽ അദ്ദേഹം അംഗമായിരുന്നു. റാന്നി പ്രദേശത്തെ കത്തോലിക്കാ വൈദികരുടെ കൂട്ടായ്മയായ 'വിയാനി യൂണിയനി'ലെ സജീവ അംഗമായിരുന്നു അദ്ദേഹം. മേഖലയിലെ അജപാലന കാര്യങ്ങളും പ്രേഷിത ശുശ്രൂഷാകാര്യങ്ങളും ആലോചിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന 'വിയാനിയൂണിയന്റെ' മീറ്റിംഗുകളിൽ ക്രിയാത്മകമായ ആലോചനകളും നിർദേശങ്ങളുമാണ് അദ്ദേഹത്തിൽനിന്നും ഉണ്ടായിരുന്നത്. റാന്നി കാത്തലിക് കൺവൻഷൻ വിയാനി യൂണിയന്റെ സദ്ഫലങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. 1974, 1975, 1976, 1977, 1984 എന്നിങ്ങനെ അഞ്ചു വർഷങ്ങളിൽ ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചനായിരുന്നു റാന്നി കാത്തലിക് കൺവൻഷൻ കമ്മിറ്റിയുടെ ചെയർമാൻ എന്നറിയുമ്പോൾ മേഖലയിലെ പൊതുകാര്യങ്ങൾക്ക് അദ്ദേഹം നൽകിയിരുന്ന നേതൃത്വം എത്രയോ വലിയതായിരുന്നു എന്നു വ്യക്തമാണ്.

'നിലയ്ക്കൽ പ്രതിസന്ധി' ഉടലെടുത്തപ്പോൾ പ്രശ്നപരിഹാരത്തിനും നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയം സ്ഥാപിക്കുന്നതിനും മേഖലയിലെ മറ്റു വൈദികരോടൊപ്പം അദ്ദേഹം നേതൃത്വം നൽകുകയും നിലയ്ക്കൽ പള്ളി സംരക്ഷണത്തിനായി കരികുളം ഇടവകയിൽ നിന്നും വിശ്വാസികളുമൊത്ത് പല ദിനരാത്രങ്ങൾ വനത്തിൽ കാവലിരിക്കുകയും ചെയ്തത് ചരിത്രത്തിന്റെ ഭാഗമാണ്.

നാടിന്റെ വികസനത്തിനും നാട്ടിലെ പ്രവർത്തനങ്ങൾക്കും അദ്ദേഹം എന്നും നാടിനോടൊപ്പം ഉണ്ടായിരുന്നു. തന്റെ മാതൃവിദ്യാലയമായ റാന്നി എസ്.സി. സ്കൂളിൽ അധ്യാപക-രക്ഷാകർതൃ സംഘടനയുടെ ഉപാധ്യക്ഷനായി അദ്ദേഹം നൽകിയ നേതൃത്വം ശ്രദ്ധേയമായിരുന്നു. റാന്നിയുടെ തിലകക്കുറിയായി പ്രശോഭിക്കുന്ന സെന്റ് മേരീസ് സെൻട്രൽ സ്കൂളിന്റെയും ജൂണിയർ കോളജിന്റെയും തുടക്കകാലത്തെ പ്രവർത്തനങ്ങളിൽ ബഹു. തോമസ് പുതിയവീട്ടിൽ അച്ചന് ശക്തി പകരാൻ മേഖലയിലെ മറ്റു വൈദികരോടും അല്മായ നേതാക്കന്മാരോടുമൊപ്പം അദ്ദേഹവും മുൻപന്തിയിലുണ്ടായിരുന്നു. റാന്നി വൈദികമേഖലയിലെ ഇടവകകളിലെയും കുടുംബങ്ങളിലെയും ആവശ്യങ്ങളിൽ ഓടിയെത്തുക മേഖലയിലെ ബഹു. വൈദികരുടെ ഒരു സവിശേഷ ശൈലിയായിരുന്നു. ബഹു. വൈദികരുടെ ഈ സവിശേഷതയാണ് റാന്നി വൈദിക മേഖലയെ തിരുവല്ലാ അതിരൂപതയിലെ ഏറ്റവും സജീവമേഖലയായി വളർത്തിയത് എന്നതിൽ സംശയമില്ല. ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചന്റെ ജീവിതം ഈ ശൈലീ രൂപീകരണത്തിന് ഊർജം പകരുന്നതായിരുന്നു.

**പിൻവചനം**

വൈദികജീവിതത്തിന്റെ ധവളിമ കളങ്കമേൽക്കാതെ കാത്തുസൂക്ഷിക്കുകയും അജപാലന ശുശ്രൂഷയെ ആഴത്തിൽ സ്നേഹിക്കുകയും പരിശുദ്ധ കത്തോലിക്കാ സഭാ കൂട്ടായ്മയിൽ ഉൾച്ചേരാൻ സാധിച്ചതിന്റെ ആത്മഹർഷം ആവോളം ആസ്വദിക്കുകയും ഇമ്പമാർന്ന ആരാധനാ ശുശ്രൂഷകളിലൂടെ ആരാധനാ സമൂഹത്തിന്റെ ആത്മിക ജീവിതത്തെ ആഴപ്പെടുത്തുകയും കുടുംബസ്ഥനായ പട്ടക്കാരൻ എന്ന നിലയിലെ പരിമിതമായ സാമ്പത്തിക പശ്ചാത്തലത്തിലും പതിതരും പാവപ്പെട്ടവരുമായ അനേകർക്ക് കൈത്താങ്ങ് നല്കുകയും ചെയ്ത് നിത്യതയിലേക്ക് കടന്നുപോയ ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചന്റെ ജീവിതം അല്പമെങ്കിലും അടുത്തറിയാൻ പുത്തൻ തലമുറയ്ക്ക് ഈ ചെറുലേഖനം സഹായകമാകുമെങ്കിൽ ഞാൻ ധന്യൻ. നമോവാകം.

SHAPE YOUR GOALS

# ആത്മവിശ്വാസം






**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയ്നർ


വിജയം ഉറപ്പിക്കുന്നതിന് ഏറ്റവും ആവശ്യമായ ഘടകം ഏതാണ്? വിജ്ഞാനമാണോ? അനുഭവജ്ഞാനമാണോ? അല്ല. ഇതൊന്നുമല്ല, ഇതിനെല്ലാം ഉപരി വേണ്ടത് അചഞ്ചലവിശ്വാസമാണ്. നിങ്ങൾ പ്രയോഗപഥത്തിൽ വരുത്തുവാൻ ആഗ്രഹിക്കുന്ന പദ്ധതിയുടെ രൂപരേഖയിലും അതു പ്രാവർത്തികമാക്കുവാൻ നിങ്ങൾക്കുള്ള ശേഷിയിലും ഉള്ള ദൃഢവിശ്വാസമാണ് വിജയം ഉറപ്പിക്കുന്നതിനുതകുന്ന അടിസ്ഥാന ഘടകം. ഒരാൾക്ക് ഏർപ്പെടുന്നതിലെല്ലാം വിജയം ആർജ്ജിക്കണമെങ്കിൽ പല ഘടകങ്ങളുടെയും ഏകോപനം ആവശ്യമാണ്. എന്നാൽ ലക്ഷ്യബോധത്തോടെ മുന്നോട്ടു പോകുന്ന ഘട്ടത്തിൽ പ്രതികൂലസാഹചര്യങ്ങളെ നേരിടേണ്ടി വന്നാലും ഉദ്ദേശിച്ച ലക്ഷ്യം കൈയെത്തിപ്പിടിക്കുവാൻ ഒരാളിന് പ്രതിജ്ഞാബദ്ധമായ "വിശ്വാസം" കൂടിയേ തീരൂ. വിജയത്തിന്റെ അടിസ്ഥാനംതന്നെ ഈ ഉറച്ച വിശ്വാസം ആണ്. ലക്ഷ്യമിട്ടിരിക്കുന്ന കാര്യങ്ങൾ യഥാർത്ഥ്യമാക്കുവാൻ തനിക്കു കഴിയും എന്ന ഉറച്ച വിശ്വാസം; എല്ലാം നന്നായി മുന്നോട്ടു പോകും, ശുഭമായി കാര്യങ്ങൾ നീങ്ങും എന്ന് ക്രിയാത്മകമായി ചിന്തിക്കുന്നവർ ഏതു സംരംഭത്തിൽ ഏർപ്പെട്ടാലും അവരെ വിജയം അനുഗ്രഹിക്കും.

ഒരു യഥാർത്ഥ വിശ്വാസി ഒരു പ്രതിസന്ധിയിലും മുട്ടുമടക്കുകയില്ല. അയാൾ ഒരു ഘട്ടത്തിലും കൈകാലുകൾ ഇട്ടടിച്ച് നിസ്സഹായനാണ് താനെന്നു വിലപിച്ച് ലോകർ തന്നോട് അനീതി കാണിക്കുന്നു എന്ന് പരാതി പറഞ്ഞ് തന്റെ സമയം പാഴാക്കിക്കളയുകയുമില്ല. അയാൾ തികച്ചും ശാന്തനായി പ്രതികൂലസാഹചര്യങ്ങളെ അഭിമുഖീകരിക്കുകയാവും ചെയ്യുക.

തീവ്രവിശ്വാസം പുലർത്തുന്നയാൾ അക്ഷോഭ്യനായി പ്രതികൂലസാഹചര്യങ്ങളെ ധൈര്യമായി അഭിമുഖീകരിക്കും. അയാൾ തന്റെ മനസ്സിൽ ഇങ്ങനെ വിചാരിക്കും: "നല്ലവനായ ദൈവത്തിന്റെ പുത്രനായ എനിക്ക് ഈ ലോകത്ത് സർവ്വോന്നതമായ സ്ഥാനം ദൈവം നിശ്ചയിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം മറ്റു കാര്യങ്ങൾ എല്ലാ തികച്ചും അപ്രധാനം."

നിങ്ങളും ഞാനും ജയിക്കാനായി ജനിച്ചവരാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നിസ്സാരന്മാരായി ജീവിക്കാനല്ല മറിച്ച് മാതൃകാ ജീവിതം നയിച്ച് നല്ലവരാകാനാണ് ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നത്. ദൈവനിശ്ചയപ്രകാരം നാം മാതൃകാജീവിതം നയിക്കണമെങ്കിൽ നാം നമ്മുടെ മാനസിക ദൗർബല്യങ്ങൾ ഉപേ

ക്ഷിക്കണം. ഒരു നല്ല വിശ്വാസിക്കു മാത്രമേ അതു സാദ്ധ്യമാകൂ. ബൈബി ളിലെ അർത്ഥസമ്പൂർണ്ണമായ ഈടുറ്റ ഈ വാക്കുകൾ ഓർമ്മിക്കുക: "അനുകൂല കാലാവസ്ഥയിൽ മുളപൊട്ടി വളരുവാൻ കാത്തുകഴിയുന്ന ഒരു കടുകു മണിവിത്തിന്റെ ശുഭാപ്തിവിശ്വാസം പുലർത്തുവാൻ കഴിയുമെങ്കിൽ" ഈ ലോകത്ത് നിങ്ങൾക്കു നേടുവാൻ സാധി ക്കാത്ത ഒന്നുമില്ല.

നിങ്ങൾ "ഞാൻ ദരിദ്രനാണ്" എന്നു പറയുമ്പോൾ ഒരർത്ഥത്തിൽ നിങ്ങളുടെ ദരിദ്രാവസ്ഥ പ്രഖ്യാപിക്കുകയാണ് ചെയ്യു ന്നത്. നിങ്ങളുടെ വാക്ക് നിങ്ങളുടെ മാന സികനില വ്യക്തമാക്കുന്നു. നിങ്ങൾ പ്രതി കൂലസാഹചര്യങ്ങളിലൂടെ കടന്നുപോകു മ്പോൾ ഒരു പരാജിതന്റെ ഭാവം നിങ്ങൾക്കു നല്ലതല്ല. നിങ്ങൾക്കു വേണ്ടി നിരന്തരം സേവനം അനുഷ്ഠിക്കുന്ന മനസ്സ് അതിനെ അപ്പടി ഉൾക്കൊള്ളുന്നത് ഒരിക്കലും നിങ്ങൾക്ക് നല്ലതല്ല. പകരം നിങ്ങളുടെ മനസ്സിൽ ക്രിയാത്മകചിന്തക ളുടെ മുദ്ര പതിയാനായി ശുഭാപ്തി വിശ്വാസം ഉൾക്കൊള്ളുന്നവ മാത്രം ആലോചിച്ചു നടക്കണം. ചിന്തയിലും പുറത്തും പറയുന്ന വാക്കുകളിലും പ്രത്യേകം ശ്രദ്ധിക്കണം. അതു നിങ്ങളെ ജീവിപ്പിക്കുകയോ നശിപ്പിക്കുകയോ ഒക്കെ ചെയ്യുവാൻ ശേഷിയുള്ളവയാണ്. നിഷേധാത്മകസ്വഭാവം ഉള്ള "കുറവ്" പോലെയുള്ള വാക്കുകൾ ഉപയോഗിച്ചാൽ ഫലത്തിൽ നിങ്ങളുടെ കാര്യത്തിൽ കുറവ് യഥാർത്ഥമായും സംഭവിക്കും എന്ന കാര്യം ഓർമ്മ വേണം.

അതുപോലെതന്നെ "സമൃദ്ധി" എന്ന വാക്കിന് നിങ്ങൾക്ക് ഗുണം ചെയ്യുവാ നാകും. സമൃദ്ധിയേക്കുറിച്ച് മനസ്സിൽ ചിന്തിച്ചു നടക്കുകയും സമൃദ്ധി എന്ന വാക്കു നിരന്തരം ഉപയോഗിച്ചുകൊണ്ടിരി ക്കുകയും ആണെങ്കിൽ നിങ്ങൾ ക്രമേണ വിജയത്തിലേക്കും സമൃദ്ധിയിലേയ്ക്കും എത്തിച്ചേരും. നിങ്ങൾ മനസ്സിൽ ഉറച്ചു വിശ്വസിക്കുന്നതും പ്രാർത്ഥനയിൽ പരാ മർശിക്കുന്നതും ദൃശ്യരൂപത്തിൽ മനസ്സിൽ കണ്ടു നടക്കുന്നതും ഇന്നല്ലങ്കിൽ നാളെ നിങ്ങൾ കൈവരിക്കും.

നിങ്ങൾക്ക് ഒരു അചഞ്ചലവിശ്വാസിയാ കാൻ കഴിയുമോ? എങ്കിൽ വിജയം സുനി ശ്ചിതം. ഒരു വിശ്വാസി എപ്പോഴും വിജയ ശ്രീലാളിതനായിരിക്കും. അവരുടെ മുമ്പിൽ അസാദ്ധ്യമായതൊന്നുമില്ല. ഇത് നിഷേധിക്കാനാവാത്ത ഒരു സത്യമാണ്.

●

# കേൾവിക്കുമപ്പുറം

**രംഗം ഒന്ന്**

ധ്യാനമന്ദിരത്തിലെത്തിയ യുവ ദമ്പതികൾ ധ്യാനഗുരു വായ അച്ചനോട്

അച്ചാ! ഞങ്ങളുടെ മകനുവേണ്ടി പ്രാർത്ഥിക്കണം വിവാഹം കവിഞ്ഞ് എട്ട് വർഷത്തിനുശേഷം ഉണ്ടായ മകനാണ്. എന്താണിവന്റെ പേര്? അച്ചൻ ആകാംക്ഷ യോടെ തിരക്കി ഇവനൊരു നല്ല പേരിടാൻ ഞങ്ങൾ ബൈബിൾ മുഴുവൻ അരിച്ചു പെറുക്കി ഒടുവിൽ ഞങ്ങൾ അവനൊരു നല്ല പേര് കണ്ടുപിടിച്ചു. എന്താണ് നിങ്ങൾ ഇവനു കണ്ടുപിടിച്ചിരിക്കുന്ന പേര്? അച്ചൻ തിരക്കി. ഒരുമിച്ച് അവർ ആ പേരുപറഞ്ഞു ജോബ്

സഹനത്തിന്റെ മാതൃകയായ നീതിമാനായ ജോബ്
( അച്ചന്റെ ആത്മഗതം)

* * *

**രംഗം രണ്ട്**

ധീരനായ അലക്സാണ്ടർ ചക്രവർത്തി യുദ്ധം കഴിഞ്ഞ് തന്റെ കൊട്ടാരവാതിലിൽ എത്തിയപ്പോൾ കൊട്ടാരം കാവൽക്കാരൻ ഇരുന്ന് ഉറങ്ങുന്നതു കണ്ടു. തന്റെ കുതി രപ്പുരത്തുനിന്നും ഇറങ്ങി വളരെ ദേഷ്യത്തോടെ ഇങ്ങനെ ചോദിച്ചു. എന്താണ് നിന്റെ പേര്? അലക്സാ ണ്ടർ അയാൾ മറുപടി പറഞ്ഞു. പേര് കേട്ടശേഷം ആ കാവൽക്കാരനോട് ചക്രവർത്തി പറഞ്ഞു ഒന്നുകിൽ നിന്റെ പേര് മാറ്റണം അല്ലെങ്കിൽ ഈ പ്രവൃത്തി ഉപേ ക്ഷിക്കുക.

ഇതുരണ്ടും നിനക്ക് യോജിച്ചതല്ല (ചക്രവർത്തിയുടെ ആത്മഗതം)

* * *

**രംഗം മൂന്ന്** ( ക്ലൈമാക്സ്)

മറ്റുള്ളവരുടെ മുൻപിൽ ബൈബിളിലെ വിശുദ്ധ പേരുകൾ ആവേശത്തോടെ പറയുമ്പോൾ ഒന്നോർക്കുക.

ആ പേരുകൾ കേട്ടതിനു ശേഷം ആരും നമ്മോട് ഇങ്ങനെ പറയാതിരിക്കട്ടെ. ഒന്നുകിൽ നിന്റെ പേര് മാറ്റുക. അല്ലങ്കിൽ ക്രിസ്തീയ വിശ്വാസം ഉപേ ക്ഷിക്കുക.

നമുക്കിത് വേണോ രണ്ടും
( ലേഖകന്റെ ആത്മഗതം)




# നാക്കുറഞ്ഞ നാട്

**സജിൻ സി.**

പ്രിയ സുഹൃത്തേ, ഒരു പുസ്തകത്തിലൂടെ കണ്ണ് ഓടിച്ചപ്പോൾ നമ്മുടെ യൗവ്വനത്തെ ഒരു ചിന്തകൻ വിശേഷിപ്പിച്ചിരിക്കുന്നത് 'ഫ്രോസൺ ജനറേഷൻ' (തണുത്തുറഞ്ഞു പോയത്) കാരണം മറ്റൊന്നുമല്ല. എന്റെയും, നിങ്ങളുടെയും ചിന്താധമനികളിൽ ഒഴുകുന്ന സ്വാർത്ഥതയുടെ അഴുക്കുചാൽ. എന്റെ സ്വാർത്ഥതയുടെ ഹൃദയകവാടത്തിൽ ഒരു വെടിയുണ്ട തുളച്ചു കയറുന്നതുവരെ അത് സ്വൈര്യമായി തന്നെയിരിക്കും. എന്റെ അയൽക്കാരന്റെ നെഞ്ചുപിളർന്നു ചുടുരക്തം ഒഴുകിയാലും, അനേകം അയൽപക്കങ്ങളിൽ കുരുന്നുകൾ അനാഥരായിത്തീർന്നാലും, അനേകം വനിതകൾ വിധവകളായാലും എന്റെ സുഖങ്ങളുടെ മറവിൽ സുരക്ഷിതനായി ഞാൻ സുഖനിദ്രയിലാഴും! അതെ, എന്തൊക്കെയോ കണ്ടിട്ടും കാണുന്നില്ലെന്ന ഭാവത്തിൽ മൗനമായി...

സുഹൃത്തേ, കള്ളക്കടത്തും കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും പെൺവാണിഭവും കൈമുതലാക്കി വിരാജിക്കുന്നവന്റെ മുൻപിലും എതിർക്കുന്ന ഓരോ ശബ്ദത്തെയും കഴുത്തറുത്തു കായലിൽ താഴ്ത്തി നിശ്ശബ്ദമാക്കുന്ന നരഭോജിയുടെ മുൻപിലും പ്രകൃതത്തിനും നിഷ്ഠൂര കൃത്യങ്ങൾക്കും കുപ്രസിദ്ധി നേടിയ ഭീകര സംഘടനയ്ക്കു മുൻപിലും, മതേതരത്വം പുറം കുപ്പായമായി അണിയുന്ന രാഷ്ട്രീയ മേലാളന്മാരുടെ മുൻപിലും രാഷ്ട്രീയ പ്രീണനത്തിന്റെ ഫലമായി ഉണ്ടാകുന്ന വർഗ്ഗ ജാതി-വർണ്ണ അക്രമ സംസ്കാരത്തിന്റെ മുൻപിലും എന്തേ നീ നാവ് അടക്കുന്നു?

എന്തേ നീ തണുത്തറഞ്ഞു പോയോ? അതോ യാഥാർത്ഥ്യത്തിന്റെ കണ്ണാടിക്കു മുൻപിൽ മുഖം തിരിക്കുന്നുവോ? നമ്മുടെ പാതയോരത്തെ വൃക്ഷത്തിനു ചുറ്റും മഴുവേന്തിയ മനുഷ്യക്കോലങ്ങൾ അണിനിരക്കുമ്പോൾ വയലേലകൾ നിരത്തി രമ്യഹർമ്യങ്ങൾ പണിതുയർത്തുമ്പോൾ ഹരിതവർണ്ണപ്രഭയാൽ ഈ പ്രപഞ്ചത്തെ മലീനസമാക്കുമ്പോൾ അരുതെന്ന് ഒരു വാക്ക് എങ്കിലും പറയാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെയെന്തിന് നമ്മുടെ ഈ യൗവ്വനങ്ങൾ...?

കൗരവസഭയിൽ അപമാനിതയായ പാഞ്ചാലി കേണതുപോലെ "പിതൃതുല്യരെ, ഗുരുക്കളെ, എല്ലാമറിഞ്ഞിട്ടും നിങ്ങളെന്തെ ശിലപോലെ മിണ്ടാതെയിങ്ങനെ." പിതൃതുല്യർ, ഗുരുക്കന്മാർ, അധികാരികൾ മിണ്ടാതെയിരിക്കുമ്പോൾ ചെറുകിളികളായി നമുക്ക് ചിലച്ചു തുടങ്ങാം... അപൂർവ്വചിത്രങ്ങൾ കാണിച്ചു തന്ന് ഇതാണ് ശില്പമെന്ന് പഠിപ്പിച്ച വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ചതിപ്പെയ്ത്തിൽ നിന്നുമാകാം ഉറഞ്ഞു തുള്ളുന്നത്... സാധാരണക്കാരനെ വ്യക്തിഹത്യ ചെയ്യുമ്പോൾ പ്രമുഖന്മാരുടെ മുഖംമൂടി മറച്ചുവെച്ച് അഴിമതിക്കോലങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ജനതയിൽനിന്നും മാറി ചിന്തിക്കാം...

ടി. എസ്. തിരുമുമ്പിന്റെ അനശ്വരമായ വരികൾ ഈ സന്ദർഭത്തിൽ അന്വർത്ഥമാണെന്ന് തോന്നുന്നു.

"തല നരയ്ക്കവതല്ലെന്റെ വാർദ്ധക്യം
തല നരയ്ക്കാതല്ലെന്റെ യൗവ്വനം
കൊടിയ ദുഷ്പ്രഭുത്വത്തിന്റെ തിരുമുൻപിൽ
തല കുനിക്കാത്തതാണെന്റെ യൗവ്വനം"

പ്രിയ സുഹൃത്തേ, ആരംഭിച്ചതുപോലെ അവസാനിപ്പിക്കാം. ഒരു വാക്കോ, ഒരു സ്നേഹമോ ഒന്നും ഈ ഭൂമിയിൽ പാഴാക്കുന്നില്ലല്ലോ. തണുത്തുറഞ്ഞ ശിലാഹൃദയം മാറ്റി നമുക്ക് സംസാരിച്ചു തുടങ്ങാം... നമ്മുടെ മനസ്സിലും വാക്കിലും തീനാളവും കണ്ണിൽ യാഥാർത്ഥ്യത്തിന്റെ ശോഭയും ഹൃദയത്തിൽ മനുഷ്യത്വവും സൂക്ഷിക്കാം... കാരണം നമ്മൾ സഹോദരന്റെ കാവൽക്കാർ... ഭാവിയുടെ മൊട്ടുകൾ... നാളെയുടെ വാഗ്ദാനങ്ങൾ...

അഗ്നിച്ചിറകുകൾ വിടർത്താം... മാറ്റം നമ്മിൽ നിന്നും തുടങ്ങാം...



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

### ഒക്ടോബർ 2,
### സ്ലീബായ്ക്കുശേഷമുള്ള 3 – ാം ഞായർ
### മത്തായി 18:21 – 35,ഗലാ 6:1 – 10

ക്ഷമിക്കുന്നത് ബലഹീനതയായും ഔദാര്യം കാട്ടുന്നത് പരാജയമായും കരുതുന്നവരുണ്ടാകാം. എന്നാൽ ക്രിസ്തുമാർഗ്ഗം പുണ്യമായി കരുതുന്നത് ഇവയെയൊക്കെയാണ്. ക്ഷമിക്കുവാനുള്ള മനോഭാവം സ്വഭാവേന വന്നുചേരുന്നത് എന്നതിനേക്കാൾ ആർജിച്ചെടുക്കേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു എന്നാണ് വി. പൗലോസ് ഇതിനെക്കുറിച്ച് പറയുന്നത്. മത്സരം വളർത്തുന്ന ആധുനിക ലോകത്തിൽ ക്ഷമിക്കുവാനുള്ള പരിശീലനത്തിന് സ്ഥാനം ഇല്ലാതെ പോകുന്നു. ലോകത്തിൽ സംജാതമാകുന്ന പ്രശ്നങ്ങളിൽ സിംഹഭാഗവും മത്സരബുദ്ധിമൂലം ക്ഷമിക്കുവാനും വിട്ടുകൊടുക്കുവാനും തയ്യാറാകാത്തതുകൊണ്ടുമാത്രമാണ്. Zero Tolerance ആണ് ആധുനിക ലോകത്തിന്റെ മുഖമുദ്ര.

ഉല്പത്തി പുസ്തകത്തിൽ ലാമെക് തന്റെ രണ്ടു ഭാര്യമാരെയും വിളിച്ചുണർത്തി പുലമ്പുന്ന വീരവാദമിങ്ങനെയാണ്. തന്റെ വല്യപ്പൂപ്പൻ കായേന്റെ പ്രതികാരം ഏഴ് ഇരട്ടിയെങ്കിൽ പേരക്കുട്ടിയായ തന്റെ പ്രതികാരവാഞ്ഛ 77 ഇരട്ടിയായിരിക്കും എന്നത്രേ (ഉല്പത്തി 4:24). ആവർത്തിക്കുമ്പോൾ അധികരിക്കുന്ന പ്രവണത പ്രതികാരത്തിനുണ്ട്. തെളിവുകളും അനുഭവങ്ങളും എത്രവേണമെങ്കിലും ചൂണ്ടിക്കാട്ടാനാകും.

എന്നെ കണ്ടുപഠിക്കുവാൻ ക്ഷണിക്കുന്ന യേശുനാഥൻ ശാന്തശീലനും വിനീതഹൃദയമുള്ളവനുമായിരുന്നു. താൻ ആവശ്യപ്പെടുന്നത് അതിരുകളില്ലാത്ത ക്ഷമയാണ്. ഇത് ക്രൈസ്തവന്റെ മുഖമുദ്രയാകണം. ക്ഷമയുടെ എത്ര പാഠങ്ങളാണ് യേശു ശിക്ഷ്യസമൂഹത്തിന് നൽകുന്നത്. ശത്രുസംഹാരത്തിന് ഇടിത്തീയിറക്കാൻ അനുവാദം ചോദിച്ച ശിഷ്യരെ ഗുരു പിന്തിരിപ്പിക്കുകയാണ് ചെയ്യുക. പ്രതികാരം യഹോവയ്ക്കുള്ളതത്രേ എന്നാണ് വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുക.

അനന്തകാരുണ്യം ഏറ്റുവാങ്ങിയവൻ തന്റെ ഊഴം വന്നപ്പോൾ കരുണയില്ലാതെ പെരുമാറുന്നതും, അവന്റെ അളവുകൊണ്ട് അവനെ വീണ്ടും അളക്കുന്നതുമാണ് ഉപമയുടെ പ്രമേയം. ഉപമയിലെ രാജാവ് കാരുണ്യവാനായ ദൈവം തന്നെയാണ്. ഒരുപക്ഷേ അവന്റെ വമ്പിച്ച അഴിമതി കണ്ടുപിടിക്കപ്പെട്ടെങ്കിലും കരുണ അപേക്ഷിച്ചതിനാൽ നിരുപാധിക ക്ഷമനേടിയവനാണ് രാജഭൃത്യൻ. ഏറ്റുവാങ്ങിയ കരുണയുടെ ലക്ഷത്തിലൊരംശം പ്രകടിപ്പിക്കുവാൻ കഴിയാതെ പോയ കഠിനഹൃദയനാണവൻ. വലിയ ഔദാര്യം സ്വീകരിച്ച അവൻ എത്ര പെട്ടെന്ന് അത് വിസ്മരിച്ചു കളഞ്ഞു. കാരുണ്യവും കളവുമൊക്കെ തനിക്കുമാത്രം മതി എന്ന് അവൻ കരുതിയിരിക്കാം. തനിക്കു ലഭിച്ചത് പങ്കുവയ്ക്കേണ്ടതാണെന്ന് അവൻ ചിന്തിച്ചതേയില്ല. അവൻ സ്വാർത്ഥനും തൻകാര്യക്കാരനുമായിപ്പോയി.

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.


**ഒരു വിശ്വാസി, മുക്കൂർ**

### ഉപകാരസ്മരണ



**പി. കെ. വർഗ്ഗീസ്**
**പാറേക്കടവിൽ**

### ഉപകാരസ്മരണ



**പി. കെ. വർഗ്ഗീസ്**
**പാറേക്കടവിൽ**

കരുണയുടെ എന്നപോലെ ഔദാര്യത്തിന്റെയും, നന്മയുടെയും എന്നപോലെ ക്ഷമയുടെയും പാഠങ്ങൾ ആണ് സുവിശേഷം പകർന്നു തരുന്നത്. ക്രിസ്തീയ ഔദാര്യത്തിന്റെ പാഠങ്ങൾ കാറ്റിൽ പറത്തി സ്നേഹശൂന്യതയിൽ വ്യാപരിക്കുന്നവരാണോ നാം?. ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും കരുണ കാണിക്കേണ്ടതായിരുന്നു എന്നത് ഉപദേശം മാത്രമല്ല അവനതിരെയുള്ള കുറ്റപത്രവുമാണ്. നമ്മോട് കർത്താവ് വിധിയുടെ നാളിൽ എന്തു പറയും? നമ്മെ സംബോധന ചെയ്യുന്നത് നല്ലവനും വിശ്വസ്തനുമായ ദാസാ എന്നാകുമോ ദുഷ്ടനായ സേവകാ എന്നാകുമോ?

യേശു പഠിപ്പിച്ചു: മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ നിങ്ങൾ മറ്റുള്ളവർക്കും ചെയ്യണം. പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ' (മത്തായി 6:12) എന്നാണല്ലോ യേശു പഠിപ്പിച്ചത്. നിത്യവുമുള്ള ഈ പ്രാർത്ഥന മറന്ന് നാം പ്രവർത്തിച്ചാൽ തമ്പുരാൻ നമ്മോടും കാർക്കശ്യത്തോടെ പെരുമാറുമെന്ന പാഠമാണ് ഉപമ നൽകുക.

നാം കടന്നുപോകുന്ന ഓരോ വഴികളും ചവിട്ടിക്കയറുന്ന ഓരോ പടവുകളും നമ്മുടെ ഓരോ ചെയ്തികളും ഒന്നുകിൽ ദൈവകാരുണ്യാനുഭവത്തിലേക്ക് അല്ലെങ്കിൽ നമ്മെ കാത്തിരിക്കുന്ന കടുത്ത വിധിയുടെ നേർക്ക് ആയിരിക്കും. അന്ത്യവിധി എന്ന വെല്ലുവിളി ഒരു നാൾ നേരിടേണ്ടവരാണ് നാം എന്നോർത്ത് നമ്മുടെ ചെയ്തികളെ ക്രമപ്പെടുത്തുവാൻ ശ്രദ്ധാപൂർവ്വം ശ്രമിക്കാം. ഉപമയിലെ അവസാന വാചകം കാർക്കശ്യം നിറഞ്ഞതുതന്നെ - ഹൃദയപൂർവ്വം ക്ഷമിക്കാത്തവൻ കർക്കശമായ അന്ത്യവിധി നേരിടേണ്ടിവരും.

ഹൃദയപൂർവ്വം ക്ഷമിക്കുക എന്നാൽ വ്യവസ്ഥ കൂടാതെ ക്ഷമിക്കുക എന്നാണ്. അപ്രായോഗികമായ വ്യവസ്ഥകൾ അടിച്ചേല്പിച്ച് ക്ഷമിക്കാം എന്നു പറയുന്നതല്ല നിരുപാധികമായ ക്ഷമയാണ് ദൈവം നമുക്ക് തരുന്നത്. പാപമോചന കൂദാശയിൽ വിശ്വസിക്കുന്ന നാം ഇതിന്റെ നേരനുഭവം എത്രയോ വട്ടം അറിഞ്ഞവരാണ്. ഓരോ പാപമോചനവും നമ്മെ ഓർമ്മിപ്പിക്കുന്നത് നാം നിരന്തരം ക്ഷമിക്കണമെന്നാണ്. "കരുണയുള്ളവർ ഭാഗ്യവാന്മാർ അവരുടെ മേൽ കരുണയുണ്ടാകും" (മത്തായി 5:17).

*ഫാ. ഏബ്രഹാം നടുവിലേടം*

## ഒക്ടോബർ 9 ഞായർ സ്ലീബാ പെരുന്നാളിനു ശേഷം നാലാം ഞായർ (മത്തായി 24:15-28)

സ്ലീബാപെരുന്നാളിനു ശേഷം കടന്നു വരുന്ന നാലാം ഞായറാഴ്ചയായ ഇന്ന് സഭാമാതാവ് നമുക്ക് വിചിന്തനത്തിനായ് നല്കുന്ന വേദഭാഗം വി. മത്തായി എഴുതിയ സുവിശേഷം 24-ാം അധ്യായം 15 മുതൽ 28 വരെയുള്ള തിരുവചനങ്ങളാണ്. പൊതുവെ സ്ലീബാകാലത്തിന്റെ ചിന്താവിഷയം ക്രിസ്തുവിന്റെ രണ്ടാം ആഗമനവും അതിന്റെ മുന്നോടിയായി സംഭവിക്കുന്ന കാര്യങ്ങളുമാണ്.

ജാഗ്രതയുടെ സുവിശേഷം എന്ന് വേണമെങ്കിൽ ഈ ഭാഗത്തെ നമുക്ക് വിളിക്കാം. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് കർത്താവിന്റെ വരവിനു വേണ്ടി ജാഗ്രതയോടെ നാം ആയിരിക്കണം എന്ന് സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു. അശുദ്ധലക്ഷണം വിശുദ്ധ സ്ഥലത്ത് നിൽക്കുന്നത് കാണുമ്പോൾ നിങ്ങൾ ഗ്രഹിക്കണം എന്നാണ് വചനം പറയുന്നത്. ക്രിസ്തുവിന്റെ രണ്ടാം ആഗമനത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ് ഇവിടെ വിവരിക്കുന്നത്. ഈ വചനത്തെ നമ്മുടെ ജീവിതവുമായി ബന്ധിപ്പിച്ച് ചിന്തിക്കാൻ നമുക്കൊന്ന് പരിശ്രമിക്കാം.

വി. പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. നാം പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ് എന്ന്. എന്നു വച്ചാൽ വിശുദ്ധ സ്ഥലങ്ങൾ എന്ന്. അവിടെ അശുദ്ധി നിൽക്കുമ്പോൾ നാം ചിന്തിക്കണം? പണക്കൊതി, അസൂയ, വൈരാഗ്യം, മ്ലേച്ഛ ചിന്തകൾ, ഇവയൊക്കെ നമ്മുടെ ജീവിതങ്ങളിൽ വന്നു ചേരുമ്പോൾ നാം ചിന്തിക്കണം നാമാകുന്ന ആലയത്തിന്റെ നാശം സംഭവിക്കാൻ പോകുന്നു എന്ന്. ജാഗ്രതയോടെ നമ്മുടെ ജീവിതങ്ങളെ സൂക്ഷിക്കേണ്ട സമയമാണ് ഇത് എന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു.

ഉഗ്ര പീഡനങ്ങളുടെ കാലഘട്ടമാണ് ഒരുക്കപ്പെട്ടിരിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴി തെറ്റിക്കാൻ പരിശ്രമങ്ങൾ ഉണ്ടാകും എന്ന് ക്രിസ്തു പഠിപ്പിക്കുന്നു. കള്ള ക്രിസ്തുമാരും വ്യാജ പ്രവാചകന്മാരും പ്രത്യക്ഷപ്പെടും അവർ വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.

ഇന്നത്തെ ലോകത്തിന്റെ അവസ്ഥകളിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണ്. ഭക്തി പ്രസ്ഥാനങ്ങൾ ഇന്ന് കൂണുപോലെ മുളച്ചു പൊങ്ങുന്നത് നാം കാണുന്നുണ്ട്. അനേകരെ സത്യത്തിൽ നിന്നും അകറ്റുകയും ചെയ്യുന്നുണ്ട്. ക്രിസ്തു തങ്ങളുടെ കൈയിലാണ് എന്ന് ഇവർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ യഥാർത്ഥത്തിൽ സത്യത്തിൽ നിന്നും ഇവർ ദൂരെയാണ് എന്ന് പലപ്പോഴും തിരിച്ചറിയുവാൻ നമുക്കു സാധിക്കുന്നില്ല.

പ്രിയമുള്ളവരെ നമ്മുടെ ജീവിതവിശുദ്ധിയേയും, വിശ്വാസത്തെയും ഒക്കെ വിചിന്തനവിഷയമാക്കുവാൻ നമുക്ക് സാധിക്കണം. ശവമുള്ളിടത്ത് കഴുകന്മാർ വന്നു കൂടും എന്ന് വചനം പഠിപ്പിക്കുന്നതുപോലെയാണ് ലോകത്തിന്റെ നെട്ടോട്ടം. ഇതിൽനിന്നും അകന്നു മാറുവാൻ നമുക്ക് സാധിക്കണം കാരണം രണ്ടാം ആഗമനം മിന്നൽപ്പിണർപോലെയായിരിക്കും. സമയം ലഭിച്ചു എന്നു വരില്ല.

**ഫാ. ഓസ്റ്റിൻ തെക്കേടത്ത്**

## ഒക്ടോബർ 16
## സ്ലീബാപെരുന്നാളിനുശേഷം അഞ്ചാം ഞായർ
## വി. ലൂക്കാ 20:27 – 40

പുനരുത്ഥാനത്തെ നിഷേധിക്കുന്ന സദ്ദുക്കായരും യേശുവും തമ്മിൽ പുനരുത്ഥാനത്തെപ്പറ്റി നടത്തുന്ന വിവാദമാണ് നമുക്കിവിടെ കാണുവാൻ സാധിക്കുന്നത്. ഈ തിരുവചനഭാഗത്തെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. ഒന്നാമതായി സദ്ദുക്കായരുടെ ചോദ്യം, രണ്ടാമത്തേത് യേശുവിന്റെ മറുപടി, മൂന്നാമത്തെത് സദ്ദുക്കായരുടെ പ്രതികരണം. മരിച്ചവരുടെ ഉത്ഥാനത്തിൽ സദ്ദുക്കായർ വിശ്വസിക്കുന്നില്ല. ഒരാളുടെ വിവാഹിതനായ സഹോദരൻ മരിച്ചാൽ, അവൻ തന്റെ സഹോദരന്റെ വിധവയെ സ്വീകരിച്ച് അവനുവേണ്ടി സന്താനങ്ങളെ ഉൽപാദിപ്പിക്കണമെന്ന മോശയുടെ നിയമത്തിൽ മാത്രം അവർ വിശ്വസിക്കുന്നില്ല. അവർ മറ്റൊരു വിവാദചോദ്യവുമായി യേശുവിനെ സമീപിക്കുകയാണ്. ഏഴ് സഹോദരന്മാർ ഉണ്ടായിരുന്ന ഒരു കുടുംബത്തിൽ ഒന്നാമൻ ഒരുവളെ വിവാഹം ചെയ്തു. അവൻ സന്താനമില്ലാതെ മരിക്കുകയും, പിന്നീട് രണ്ടാമനും മൂന്നാമനും അങ്ങനെ ഏഴ് പേരും അവളെ വിവാഹം ചെയ്യുകയും സന്താനമില്ലാതെ മരിക്കുകയും ചെയ്തു. അപ്രകാരമാണെങ്കിൽ, പുനരുത്ഥാനത്തിൽ അവൾ ആരുടെ ഭാര്യ ആയിരിക്കും? ഇതായിരുന്നു സദ്ദുക്കായരുടെ ചോദ്യം.

മരണത്തിനു ശേഷമുള്ള ജീവിതത്തിൽ വിശ്വസിക്കാത്ത സദ്ദുക്കായരുടെ ബോദ്ധ്യങ്ങളെല്ലാം തെറ്റാണെന്ന് മനസിലാക്കിക്കൊടുത്തു. വിവാഹജീവിതവും, മക്കളെ ഉൽപാദിപ്പിക്കലും ഈ ലോകജീവിതത്തിന്റെ ഭാഗമാണ്. ഉത്ഥാനജീവിതം ഈ ലോകജീവിതം പോലെയല്ല. സ്വർഗ്ഗത്തിൽ കുടുംബജീവിതമില്ല. വി. ലൂക്കാ സുവിശേഷകൻ 20:35 ലും 16:8 ലും 18:30 ലും യുഗാന്ത്യജീവിതവും ഈ ലോകജീവിതവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുന്നു. ഉത്ഥാനജീവിതം മരണത്തിന് അതീതമാണെന്നും ഉത്ഥാനം ചെയ്തവർ ദൈവദൂതർക്ക് തുല്യരാണെന്നും യേശു സദ്ദുക്കായരെ ഓർമ്മിപ്പിക്കുന്നു. പഴയനിയമത്തിൽ ബാറൂക്കിന്റെ പുസ്തകം 5:1–10 വരെയുള്ള വാക്യങ്ങൾ ദൈവമഹത്വം ധരിച്ച ജനതയെപ്പറ്റി വിവരിക്കുന്നത്. വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15 –ാം അദ്ധ്യായം 35:50 വരെയുള്ള വാക്യങ്ങളിൽ ഭൗമികശരീരങ്ങളും ആത്മീയശരീരങ്ങളും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി വിവരിക്കുന്നു.

പുറപ്പാട് പുസ്തകം 3:2–6 വരെയുള്ള വാക്യങ്ങൾ യേശു ഇവിടെ ഓർമ്മിപ്പിക്കുന്നു. മോശ മുൾപ്പടർപ്പിൽ - കർത്താവിനെ അബ്രഹാമിന്റെ, ഇസ്ഹാക്കിന്റെ, യാക്കോബിന്റെ ദൈവം എന്നു വിളിക്കുന്നു. പിതാക്കന്മാർ മരിച്ച് വർഷങ്ങൾ കഴിഞ്ഞാണ് മോശ ഇപ്രകാരം വിശേഷിപ്പിക്കുന്നത്. ദൈവം മോശയോട് ഇടപെടുന്ന സന്ദർഭത്തിൽ തന്നെ പൂർവ്വപിതാക്കന്മാരോട് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. കാരണം ദൈവതിരുമുമ്പിൽ അവർ മരിച്ചവരല്ല. അവർ ജീവിക്കുന്നവരാണ്.


ഹെബ്രായർക്കെഴുതിയ ലേഖനം 13:8 നമുക്കിതിനോട് ചേർത്തു വായിക്കാം. "യേശുക്രിസ്തു ഇന്നും ഇന്നലെയും എന്നും ഒരേ ആൾ തന്നെയാണ്."

ഒരു ക്രിസ്ത്യാനിയെ, വിശ്വാസിയെ സംബന്ധിച്ചിടത്തോളം യുഗാന്ത്യന്മാരുടെ ജീവിതം ഏറെ പ്രസക്തമാണ്. ഒരു വിശ്വാസിയുടെ യാത്ര ഈ ലോകത്തിൽ അവസാനിക്കുന്നില്ല. ദൈവരാജ്യത്തിൽ, യേശുവിനോടൊപ്പമായിരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഭൗമികമായതിൽനിന്നും നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ഉയർത്തി പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ ജീവന്റെ കിരീടം സ്വന്തമാക്കുന്നതിനുള്ള ഓട്ടം നമുക്ക് ആരംഭിക്കാം.

**ഫാ. ജോസഫ് കരിപ്പായിൽ**

## ഒക്ടോബർ 12 ഞായർ
## സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായർ
## മത്താ. 24:15 – 28, റോമാ. 5:15 – 21


സ്ലീബാ പെരുന്നാളിനുശേഷം നാലാമത്തെ ഞായറാഴ്ചയായ ഇന്ന് സഭ നമുക്ക് വിചിന്തനത്തിനായി നൽകുന്ന വേദഭാഗം വി. മത്തായി എഴുതിയ



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ തോമസ്, ചെമ്പനാൽ, കുമ്പനാട്**



യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക) / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

മറിയാമ്മ തോമസ്, ചെമ്പനാൽ, കുമ്പനാട്

സുവിശേഷം 24-ാം അദ്ധ്യായം 15 മുതൽ 28 വരെയുള്ള തിരുവചനങ്ങളാണ്. സ്ലീബാ കാലത്തിന്റെ പൊതുവായ ചിന്താവിഷയമായ കർത്താവിന്റെ രണ്ടാമത്തെ വരവ് തന്നെയാണ് ഇന്ന് സഭ വിചിന്തിനത്തിനായി നമുക്ക് നൽകുന്നത്. 23 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങൾ കർത്താവിന്റെ വരവിനെപ്പറ്റിയും അന്ത്യവിധിയെയും കുറിച്ച് പ്രതിപാദിക്കുന്നവയാണ്. ഈ സുവിശേഷഭാഗം അവസാനിക്കുന്നത് ജാഗ്രതയുടെ ആറ് ഉപമകൾ പറഞ്ഞുകൊണ്ടാണ്. ഇപ്രകാരം ചിന്തിക്കുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവൻ ചെമ്മരിയാടുകളെയും കോലാടുകളെയും വേർതിരിക്കുന്ന സമയത്ത് ഈ ലോക ജീവിതത്തിൽ നാം ക്രിസ്തുവിനുവേണ്ടി കാണിച്ചിട്ടുള്ള ജാഗ്രതയും എണ്ണപ്പെടും എന്നുള്ളതാണ്. (കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന ഭീകര ദുരന്തങ്ങളാണ് പ്രത്യേകമായും നാം ഇന്ന് വിചിന്തനം ചെയ്യുന്നത്.)

വിശുദ്ധ സ്ഥലത്ത് അശുദ്ധതയുടെ ലക്ഷണം കാണുമ്പോൾ നിങ്ങൾ ഗ്രഹിക്കണം. കർത്താവിന്റെ വരവിന് സമയം ആയിരിക്കുന്നു. ഈ അശുദ്ധതയെ ലോകത്തിന്റെ അവസ്ഥയിൽ ചിന്തിക്കുന്നതിനേക്കാൾ അതിനെ വ്യക്തിപരമായി ചിന്തിക്കുവാൻ നമുക്ക് സാധിക്കണം. കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ച് പരിശുദ്ധ ത്രിത്വത്തിന്റെ വാസസ്ഥലങ്ങളായി പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി മാറുന്ന നമ്മുടെ ജീവിതങ്ങളെ ഈ വിശുദ്ധ സ്ഥലമായി കാണുവാൻ നമുക്ക് സാധിക്കണം. അവിടെ അശുദ്ധത വരുമ്പോൾ നാം ചിന്തിക്കണം പീഡനങ്ങളുടെ കാലം ആരംഭിക്കുന്നു. ക്രിസ്ത്യാനിയുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതമായിരിക്കണം. അവിടെ വെള്ളം ചേർക്കപ്പെടുമ്പോൾ അശുദ്ധതകൾ ഉണ്ടാകുന്നു. ഈ അശുദ്ധത എന്റെ ജീവിതത്തിൽ പലവിധത്തിൽ കടന്നുവരാം. പണത്തിന്റെ, അധികാരത്തിന്റെ, കൂട്ടുകാരുടെ, സുഖലോലുപതയുടെ ഒക്കെ രൂപത്തിലാകാം. ഈ അശുദ്ധതകൾ എന്നെ വഴിതെറ്റിക്കും. ഇവയുടെ പുറകെ നാം അലയും. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞും അവന്റെ പ്രബോധനങ്ങളെ ശ്രദ്ധിക്കാതെയും സഭയിലൂടെയുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കലുകളെ ശ്രദ്ധിക്കാതെയും അബദ്ധപ്രചാരണങ്ങളിൽ ക്രിസ്തുവിനെത്തേടി നാം അലയും. ഇന്നത്തെ ക്രിസ്തീയ ജീവിതം പലപ്പോഴും ഇപ്രകാരം തരംതാഴ്ത്തപ്പെടുന്നുണ്ട്. ജോലിയുടെ പേരിലും സുഖലോലുപതയുടെ പേരിലും ഒക്കെ സത്യവിശ്വാസത്തെ വലിച്ചെറിഞ്ഞുകൊണ്ട് മറ്റ് മേഖലകളിലൂടെ സഞ്ചരിക്കുന്ന പ്രവണത ഇന്നത്തെ ക്രിസ്തീയ ജീവിതത്തിനുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിനുവേണ്ടി ആഴ്ചയിൽ മൂന്ന് മണിക്കൂറുപോലും മാറ്റിവയ്ക്കുവാൻ സാധിക്കാത്ത അവസ്ഥകളിലേക്ക് നാം തരംതാഴ്ത്തപ്പെടുന്നു. ക്രിസ്തുവിന്റെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം. അവസാനം വരെ സഹിച്ച് നിൽക്കുന്നവൻ രക്ഷപ്രാപിക്കും.


പ്രിയമുള്ളവരേ, നമുക്ക് നമ്മുടെ വിശ്വാസജീവിതത്തെ ഒന്ന് വിചിന്തനം ചെയ്യാം. എന്തെങ്കിലും അശുദ്ധതകൾ എന്റെ വിശുദ്ധിയെ കളങ്കപ്പെടുത്തുന്നുണ്ടോ? കർത്താവിന്റെ പുനരാഗമനത്തിൽ ഫലം നൽകുന്ന അത്തിവൃക്ഷങ്ങളായി അവന്റെ മുൻപിൽ നിൽക്കുവാൻ എനിക്ക് സാധിക്കുമോ? അതോ, രക്ഷിക്കപ്പെട്ടവരേ എന്ന് ക്രിസ്തു വിളിക്കുന്നത് നമുക്ക് കേൾക്കേണ്ടി വരുമോ? ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നാലു ദിക്കുകളിൽ നിന്നും അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ അവൻ ഒരുമിച്ച് കൂട്ടുമ്പോൾ അതിൽ ഞാനുണ്ടാകുമോ? നമുക്ക് വിചിന്തനം ചെയ്യാം. ജീവിത നവീകരണത്തിനായി പ്രവർത്തിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

***ഫാ. ഓസ്റ്റിൻ തെക്കേതിൽ***

## ഒക്ടോബർ 30
## കൂദോശ് ഈത്തൊ ഞായർ
**വി. മത്താ. 16:13-23**


ഇന്ന് സഭയുടെ അരാധനാക്രമവത്സരാരംഭത്തിലെ പ്രഥമ ഞായർ ആണ്. സഭയിൽ ഇന്ന് പുതു

**ഉപകാര സ്മരണ**




**ഒരു വിശ്വാസി**
**തടിയൂർ**

**ഉപകാര സ്മരണ**




**ഒരു വിശ്വാസി**

**ഉപകാര സ്മരണ**



**ഒരു വിശ്വാസി**

**ഉപകാര സ്മരണ**



**ജേക്കബ്**

വർഷപ്പുലരിയാണ്. ആത്മനിറവോടെ ഈ വർഷത്തിൽ ആയിരിക്കുവാൻ സഭയുടെ വിശുദ്ധീകരണത്തിന്റെ (എഫേ. 5/25) ഈ ദിവസം ധ്യാന വിഷയമാക്കേണ്ട വചനഭാഗം വി. മത്താ. 16:13-23 വരെയുള്ള വചന ഭാഗങ്ങളാണ്. വി. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം ആണ് ധ്യാനവിഷയം. പുതിയ നിയമത്തിലെ ഒരു നിർണ്ണായക ഭാഗമാണിത്.

ആരിലാണ് സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്? ഒന്ന് ദൈവമാകുന്ന പാറയിൽ (സങ്കീ 18/2) യേശു ആകുന്ന അടിത്തറയിൽ (1 കോരി 3/11) പരിശുദ്ധാത്മാവാകുന്ന ശക്തിയിൽ (അപ്പ. 1/8), അപ്പസ്തോലന്മാരും, പ്രവാചകരും, ദൈവജനവുമാകുന്ന ശിലകളാൽ പടുത്തുയർത്തപ്പെട്ടതാണ് സഭ. യേശുവാണ് സൗധത്തിന്റെ മൂലക്കല്ല് (1 പത്രോ. 2/6-8). പരി. ആത്മാവാണ് സൗധത്തെ ആലയം ആക്കിത്തീർക്കുന്നത്. (എഫേ. 2/20).

നമ്മുക്കെല്ലാം നമ്മെപ്പറ്റി മറ്റുള്ളവർ എന്തുപറയുന്നു എന്നറിയാൻ ഒരാംകാംക്ഷ മാനുഷീകമായി ഉണ്ടാകാറുണ്ട്. ഒരുപക്ഷെ പൂർണ്ണ മനുഷ്യൻ എന്ന നിലയിൽ യേശു തമ്പുരാനും തന്നെപ്പറ്റി ആളുകൾ ഗ്രഹിച്ചിരിക്കുന്നതെന്ത് എന്നറിയാൻ, രാവും പകലും കൂടെ നടക്കുന്നവർ തന്നെപ്പറ്റി എന്താണ് മനസിലാക്കുന്നത് എന്നറിയവാനായിരിക്കാം മനുഷ്യപുത്രനെപ്പറ്റി ജനങ്ങൾ പറയുന്നതെന്ത് എന്നൊരു ചോദ്യം ക്രിസ്തു ചോദിക്കുക. അറിയാത്തതിനെ സ്നേഹിക്കാൻ സാധ്യമല്ലല്ലോ.

ഈ വചനഭാഗത്ത് 'പാറ' എന്ന പദം ശിമയോനു ക്രിസ്തു നൽകിയ പേരിലുപരി ശിമയോന്റെ വിശ്വാസത്തെയാണു കൂടുതൽ സദൃശീകരിക്കുന്നതെന്നു പറയാം. യേശുവിന്റെ ദൈവത്വത്തിലും, മനുഷ്യത്വത്തിലുമുള്ള വിശ്വാസം പരസ്യമായി ശിഷ്യന്മാരുടെ പ്രതിനിധിയായി നിന്നുകൊണ്ട് പ്രഘോഷിക്കുകയാണ് പത്രോസ്. യേശുവിലുള്ള ദൃഢമായ വിശ്വാസം ആണ് ശിമയോനെ സഭയുടെ പാറ ആക്കുന്നത്. പലപ്പോഴും യേശുമിശിഹ അത്ഭുതങ്ങൾക്കും, അടയാളങ്ങൾക്കും ശേഷം ഇത് ആരോടും പറയരുതെന്ന് കൽപിക്കുന്നത് വചനത്തിൽ പലയിടത്തും കാണുന്നുണ്ട്. അതിന്റെ കാരണം യേശുവിനെ താൻ ആയിരിക്കുന്ന നിലയിൽ കൂടെയുള്ളവർ മനസ്സിലാക്കിയിട്ടില്ല എന്ന് കർത്താവിനറിയാം. അതുകൊണ്ടാണ് സ്നാപകൻ എന്നും, ജെറമിയ എന്നും, പ്രവാചകൻ എന്നും ക്രിസ്തു വ്യാഖ്യാനിക്കപ്പെട്ടത്.

യേശു പത്രോസിന് നൽകിയ പ്രബോധനാധികാരത്തെക്കുറിച്ച് വിവിധ സഭകൾ വ്യത്യസ്തങ്ങളായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ പ്രഥമ മാർപാപ്പയെന്ന നിലയിൽ ശിമയോൻ പത്രോസിന് മിശിഹാ നൽകിയ പ്രബോധനാധികാരവും, ശിക്ഷണ അധികാരവും വചനത്തിൽ നിന്ന് വ്യക്തമാണ് 'താക്കോൽ' നൽകുന്നത് അധികാരം നൽകുന്നതിന്റെ അടയാളം ആണ്. കാരണം എശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ സമാനമായൊരു താക്കോൽ ദാനം നാം വായിക്കുന്നുണ്ട്. (എശയ്യ 22/20-22) "ദാവീദു ഭവനത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വച്ചു കൊടുക്കും. അവൻ തുറന്നാൽ ആരും അടയ്ക്കുകയോ, അവൻ അടച്ചാൽ ആരും തുറക്കുകയോ ഇല്ല (22), ദാവീദിന്റെ സിംഹാസനത്തിനവകാശിയും, ഇസ്രായേൽ രാജാവുമായ ഹെസക്കിയ കൊട്ടാരം ഷെബ്നായെ നീക്കി തൽസ്ഥാനത്തേക്ക് തന്റെ ദാസനായ ഏലിയാക്കിമിനെ നിയമിക്കുന്ന ഭാഗമാണിത്. താക്കോൽ ഭരമേൽപിക്കുന്നു എന്ന് ബൈബിൾ സാക്ഷിക്കുന്നത് പ്രധാന ശുശ്രൂഷിയും, പാലകനുമായി ഒരാളെ നിയമിക്കുന്നതിനെയാണ് തന്മൂലം വചനം പത്രോസിന്റെ നേതൃത്വം സാക്ഷിക്കുന്നു എന്നത് സത്യമാണ്.

യേശുവിൽ വിശ്വസിക്കുകയെന്നാൽ യേശുവിൽ ആയിരിക്കുക എന്നാണ്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് പത്രോസ് പറഞ്ഞത് ബുദ്ധിയിൽ കണ്ടുപിടിച്ചതല്ല കാരണം ക്രിസ്തു പറയുന്നു. "നീ ഭാഗ്യവാനാണ് (16/17). വിശ്വസിക്കുന്നവർക്ക് ദൈവം നൽകുന്ന ഒരു വെളിപ്പെടുത്തലാണ്. വിശ്വസിക്കുന്നവർക്ക് മാത്രം. ആകാശത്തിന് കീഴെ മനുഷ്യരുടെ ഇടയിൽ നമ്മുക്ക് രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ലെന്നും, മറ്റൊരുവനിലും രക്ഷയില്ലെന്നും (അപ്പ. 4/12) ഉറച്ച് വിശ്വസിക്കുന്നവർക്കാണ് ദൈവം തന്റെ ഏകജാതനെ വെളിപ്പെടുത്തി കൊടുക്കുക. ബുദ്ധിമാന്മാരെ അവഗണിച്ച് ശിശുക്കൾക്ക് (ഹൃദയ നൈർമല്യവും, ദൈവാശ്രയ ബോധവും) രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ ശൈലിയാണിത് (മത്താ. 11/25)

വിശ്വാസികളായ നാം ശിമയോന്റേതുപോലെയുള്ള വിശ്വാസത്തിനുടമകളാകണം. യഥാർത്ഥ വിശ്വാസത്തിനുടമകൾ അല്ലെങ്കിൽ പണിക്കിടയിൽ ഉടഞ്ഞുപോകുന്ന പൊടിക്കല്ലുകൾ ആയി നാം മാറും. അതുകൊണ്ടാണ് വചനം പറയുന്നത് മഴ പെയ്തു, കാറ്റൂതി, വെള്ളപ്പൊക്കമുണ്ടായി അത് ഭവനത്തിൽ മേൽ ആഞ്ഞടിച്ചു അത് വീണില്ല. (മത്താ. 7/25) കാരണം അത് പാറമേൽ സ്ഥാപിതമായിരുന്നു.

രക്ഷിക്കപ്പെടാൻ യേശുവിലുള്ള വിശ്വാസം മാത്രം പോരേ? എന്തിന് സഭയിൽ അംഗമാകണം എന്ന് ചിലപ്പോ നാം ചോദിക്കും, കൃംതോ സഭയെ പമിതതിനെ രാത്രിപ്രാർത്ഥനയിൽ നാം ചൊല്ലുന്നുണ്ട്. ''വിണ്ണുലകിൻ അരചൻ തൻ.... കർത്താതന്നോടു സംസാരിക്കേണ്ടുന്നവരെല്ലാം സഭയുൾപൂകട്ടെയിതാ... താനതിൽ മേവീടുന്നു" യേശുവിലുള്ള വിശ്വാസം പോലെ പ്രധാനപ്പെട്ടതാണ് സഭയോടുള്ള കൂട്ടായ്മയും. പരി. അമ്മയും, ശ്ലീഹന്മാരും പ്രാർത്ഥിച്ചുകൊണ്ടിരുന്ന മാളിക മുറിയിലേയ്ക്കാണ് ആത്മാവ് അഗ്നിനാളമായി ഇറങ്ങി വന്നത്. ഈ മാളിക മുറി സഭയെ സദൃശീകരിക്കുന്നു എന്ന് പറയാം. ഈ കൂട്ടായ്മയിലാണ് വിശ്വാസത്തിന്റെ പൂർണ്ണത സ്ഥിതിചെയ്യുന്നത്. നമ്മുക്ക് സഭയോടു ചേർന്ന് സഭയോടൊപ്പം ദൈവത്തെ സ്തുതിച്ച് വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനായി നോക്കിപ്പാർക്കാം.

**ഫാ. ചാക്കോ മേലേടത്ത്**

# ഉള്ളതു പറഞ്ഞാൽ...





**അഡ്വ. വിനോദ് മാത്യു വിൽസൺ**

# വിശുദ്ധർ



കഴിഞ്ഞ ദിവസം വി. മാതാവിന്റെ എട്ട് നോമ്പ് പെരുന്നാളിന് പള്ളിയിൽ ഒരു നവവൈദികന്റെ കാർമികത്വത്തിൽ ആയിരുന്നു വി. കുർബാന. അവസാനം അച്ചന് നന്ദിപറഞ്ഞ അച്ചായൻ "ഇതുപോലെ ഒരുപാട് വൈദികരും, മദർ തെരേസയെപ്പോലെ വിശുദ്ധയാകാൻ കന്യാസ്ത്രീകളും ഒരുപാട് ഉണ്ടാകണം; അതിനുവേണ്ടി പ്രാർത്ഥിക്കണം..." മറുപടിയുമായി ആ നവവൈദികൻ "എന്റെ പൊന്ന് അച്ചായന്മാരും, അമ്മമാരും അങ്ങനെ പ്രാർത്ഥിക്കരുത്" പ്ലീസ്... നിങ്ങൾ ഇനി പ്രാർത്ഥിച്ചിട്ട് ഒരു കാര്യവുമില്ല അച്ചൻ തുടർന്നു... വല്ലവന്റേയും മകനോ മകളോ വിശുദ്ധനാവണം, വിശുദ്ധയാവണം. എനിക്കുള്ളത് പെണ്ണ് കെട്ടി സ്ത്രീധനം വാങ്ങി എന്റെ പാരമ്പര്യം നിലനിർത്തണം. അതുകൊണ്ട് പ്രാർത്ഥന നിർത്തി പ്രവർത്തിക്കാൻ നോക്ക്.

മദർ തെരേസയെ വിശുദ്ധയാക്കി സഭ പ്രഖ്യാപിച്ചപ്പോൾ, എന്റെ ഒരു സുഹൃത്ത് ഫേയ്സ്ബുക്കിൽ ഒരു പോസ്റ്റ് ഇട്ടു. ജീവിതംകൊണ്ട് വിശുദ്ധിയുള്ള ഒരാളെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ ആവശ്യം ഉണ്ടോ? ഇങ്ങനെ പലരും ചിന്തിച്ചിട്ട് ഉണ്ടാകാം. അവരോട് ഒന്നേ പറയാനുള്ളൂ... ഇത് ചില ഓർമ്മപ്പെടുത്തൽ ആണ്. കാലാകാലങ്ങളായി വിശുദ്ധഗണത്തിലേക്ക് പലരും ഉയർത്തപ്പെടും... മാതൃകയാക്കാൻ... ദൈവമഹത്വത്തെ ഓർക്കാൻ... ഒരു നിമിഷം ഒന്നു തല കുമ്പിടാൻ... ചിലരെ ചിലർ ഓർമ്മപ്പെടുത്തും... മദർ മതപരിവർത്തനം നടത്തി എന്ന് പറഞ്ഞ് വിശക്കുന്നവന്റെ കയ്യിൽ ആയുധം കൊടുക്കുന്നവരോടുള്ള ചില ഓർമ്മപ്പെടുത്തൽ... കാമുകനൊപ്പം ജീവിക്കാൻ സ്വന്തം മകളെ വെട്ടിക്കൊലപ്പെടുത്താൻ തുനിഞ്ഞ അനുശാന്തി അമ്മമാരുള്ള നാട്ടിൽ, സ്വന്തം സൗന്ദര്യം നഷ്ടപ്പെടും എന്നു കരുതി ഒരു കുഞ്ഞിനെ ഗർഭം ധരിക്കാൻ കഴിയാത്ത നവയുഗ റാണിമാർ വാഴും നാട്ടിൽ... ഈ അമ്മ മാതൃകയാകുന്നു; ഓർമ്മപ്പെടുത്തുന്നു.

ഒരാൾ പറയുന്നതു കേട്ടു... മദർ തെരേസ സ്വന്തം നാട്ടിൽ ഇതൊക്കെ ചെയ്താൽ പോരായിരുന്നോ? എന്തിനാണ് ഇന്ത്യയിൽ വന്നത്? തീർച്ചയായും ഉദ്ദേശ്യം മതപരിവർത്തനവും, പബ്ലിസിറ്റിയുമായിരുന്നു എന്ന്. അതുപറഞ്ഞ വ്യക്തി ഒരു ചാരിറ്റി സംഘടന നടത്തുന്നുണ്ട്. പക്ഷേ അയാൾക്കെതിരെ ഒരു കേസ് നിലവിലുണ്ട്. കൊല്ലം ആർ.ഡി.ഒ കോടതിയിൽ, കേസ് കൊടുത്തത് സ്വന്തം അമ്മ. ഏതു നിയമത്തിന്റെ ലംഘനമാണ് ആ മകൻ ചെയ്തത് എന്ന് അറിഞ്ഞാൽ ഞെട്ടും. സീനിയർ സിറ്റിസൺ മെയിന്റനൻസ് ആൻഡ് വെൽഫെയർ ആക്ട്. കഞ്ഞി കുടിക്കാൻ സ്വന്തം അമ്മയ്ക്ക് നാലണ കൊടുക്കാത്തവൻ ചാരിറ്റി പ്രവർത്തനം നടത്തുന്നു. മദർ തെരേസയെ കുറ്റവും പറയുന്നു.

മദർ തെരേസയോ... ആന്റണീസ് പുണ്യാളനോ ഒന്നും ആകണ്ട... കൈനീട്ടി മുന്നിൽ വരുന്നവരോട്... ഒരു നറു സ്നേഹം... നന്മ ചെയ്യുന്നവരുടെ തോളിൽതട്ടി ഒരു അഭിനന്ദനം... അത്രയെങ്കിലും... ഇനി അതിനും വയ്യെങ്കിൽ കമാ എന്നൊരു അക്ഷരം മിണ്ടാതെ ഇരുന്നോണം.



## ഒന്നാം ചരമവാർഷികം

05/11/2016

### പി. വി. ജോസഫ് (തങ്കച്ചൻ)

**പായിപ്പാട്ട് – മല്ലപ്പള്ളി**

ജനനം : 22-12-1956

മരണം : 30-10-2015

*ഞാൻ നിങ്ങളുടെ ഇടയിൽനിന്ന്*
*അകന്നുപോയെങ്കിലും എന്റെ സ്നേഹം*
*എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും*
*സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ*
*നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ.*

### Rev. Fr. P.C. Thomas

**Padinjarepurackal,**
**Kallissery**

Ordained by
H.H. Moram Mor Ignatius Elias III
Patriach of Antioch
At St Mary's Church, Kllissery on
Feb 11th 1931
Died Oct 17 1966
at the age of 51
pray for us





റാന്നി, തൃക്കോമല, സെന്റ് മേരീസ് ഇടവകയിൽ നിർമ്മിച്ച വേളാങ്കണ്ണി മാതാവിന്റെ കുരിശ്ശടി കൂദാശ 11–09–2016 ന് തിരുവല്ല അതിരൂപത സഹായ മെത്രാൻ അഭി. ഫീലിപ്പോസ് മാർ സ്തേഫാനോസ് പിതാവ് നിർവഹിച്ചു.




തിരുവല്ല സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ഇടവകയിൽ തേക്കുംപറമ്പിൽ പ്രൊഫ. പീറ്റർ ജോണിന്റെയും ആൻസി മാത്യുവിന്റെയും മകൻ **ഡോ. ജോൺ പീറ്ററും**. പത്തനംതിട്ട രൂപത വകയാർ സെന്റ് മേരീസ് ഇടവകയിൽ അധികാരം വീട്ടിൽ ഡോ. പ്ലാസിഡ് ജേക്കബിന്റെയും ഡോ. ലിൻഡ പ്ലാസിഡിന്റെയും മകൾ **ഡോ. അന്നു പ്ലാസിഡും** തമ്മിലുള്ള വിവാഹം സെപ്റ്റംബർ 12ാം തീയതി തിരുവല്ല സെന്റ്. ജോൺസ് കത്തീഡ്രലിൽവച്ച് അഭി. ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു.

Date of Publication: 28-09-2016
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**October 2016**

# Wedding



തിരുവല്ല അതിരൂപതയിൽ മുക്കൂർ കാഞ്ഞിരത്താമണ്ണിൽ സക്കറിയാസ് കെ. ഇട്ടിയുടെയും ത്രേസ്യാമ്മ സക്കറിയായുടെയും മകൾ **കാരൾ ബ്രിജിയും**, മൂവാറ്റുപുഴ രൂപതയിൽ വെലങ്ങന്നൂർ പീച്ചി ഇടവകയിൽ കൊളഞ്ഞകൊമ്പിൽ കെ. റ്റോംസ് നൈനാന്റെയും അനു റ്റോംസിന്റെയും മകൻ **റ്റിജോ റ്റോംസും** തമ്മിലുള്ള വിവാഹം 2016 സെപ്റ്റംബർ 26ാം തീയതി മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ **അഭി. ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായുടെ** കാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*